2026 JUNE 13

emalayalee.com The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# ഡോ. സുനന്ദ നായർക്ക് കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ്;

## ഈ നേട്ടം കൈവരിക്കുന്ന ആദ്യ അമേരിക്കൻ മലയാളി





# സുതാര്യത, സേവനം,സംഘടിത പ്രവർത്തനം ഇതാണ് എന്റെ നേതൃത്വ ശൈലി:


## ഫോമാ ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥി ജോൺസൺ കണ്ണൂക്കാടൻ

# ഇന്റഗ്രിറ്റിയോടെ... ഷൈനിങ്ങോടെ

## ഡോ. ഷൈനി രാജു

### ഫൊക്കാന വിമൻസ് ഫോറം ചെയർ സ്ഥാനാർഥി




P.T. THOMAS
For NYS Assembly 96th District
VOTE on JUNE 23
"Putting People Over Profit and Politics!"
Paid for by P.T. Thomas for NY Assembly | 1-845-709-0787

# ഡോ. സുനന്ദ നായർക്ക് കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ്;

## ഈ നേട്ടം കൈവരിക്കുന്ന ആദ്യ അമേരിക്കൻ മലയാളി

ഹ്യൂസ്റ്റൺ: നർത്തകിയും പ്രശസ്ത നൃത്താധ്യാപികയുമായ ഡോ. സുനന്ദ നായർക്ക് ഭാരത സർക്കാരിന്റെ കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ്. കലാകാരന്മാർക്ക് ഇന്ത്യ നൽകുന്ന ഈ ഉന്നത പുരസ്കാരം തേടിയെത്തുന്ന ആദ്യ അമേരിക്കൻ മലയാളിയാണ് ഡോ. സുനന്ദ നായർ. നമ്മുടെ സമൂഹത്തിന് ഒന്നടങ്കം വലിയ അഭിമാനവും ആഹ്ലാദ വും പകരുന്നതാണ് ഈ സുവർണ്ണ നേ ട്ടം. ഈ ഉന്നത ബഹുമതി സ്വന്തമാക്കിയ ഡോ. സുനന്ദ നായരെ ഹൂസ്റ്റൻ കോൺ സുലേറ്റ് പ്രത്യേകം അഭിനന്ദിച്ചു.

തന്റെ നൃത്തസപര്യയ്ക്ക് ലഭിച്ച ഈ വ ലിയ അംഗീകാരത്തെക്കുറിച്ച് ഡോ. സു നന്ദ നായർ ഇ-മലയാളിയോട് പ്രതിക രിച്ചു:

‘എന്റെ അമ്മയുടെ ജന്മദിനത്തിലാണ് ഈ പുരസ്കാരം എന്നെ തേടിയെത്തു ന്നത്, അതുകൊണ്ടുതന്നെ ഇത് ഏറെ സന്തോഷം പകരുന്നു. ഈ അവാർഡ് കിട്ടാൻ ഏറെ വൈകിപ്പോയി എന്ന് ചി ലർ പറയുന്നുണ്ട്. എന്നാൽ അവാർഡിന് വേണ്ടി ഞാൻ ഒരു പരിശ്രമവും നടത്തി യിട്ടില്ല. അർഹമായത് തീർച്ചയായും



തേടി വരും എന്നതാണ് എന്റെ ഫിലോസഫി. നമ്മൾ ചെയ്യുന്ന ജോലിയിൽ പൂർണ്ണമായി ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ബാക്കിയെല്ലാം താനേ വന്നുചേരും എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ.'

കഥകളിയും ഭരതനാട്യവും ഒരേപോലെ മികവോടെ പകർന്നാടി പേരെടുത്തിട്ടും, കേരളത്തിന്റെ തനതുനൃത്തം എന്ന നിലയിലാണ് ഡോ. സുനന്ദ മോഹിനിയാട്ടത്തെ നെഞ്ചോട് ചേർത്തത്. ഭാരതത്തിൽ നിന്ന് മോഹിനിയാട്ടത്തിൽ ആദ്യമായി ബിരുദാനന്തരബിരുദം നേടിയ ഈ അതുല്യകലാകാരിയുടെ ശിക്ഷണം, പ്രഗത്ഭമതികളായ നിരവധി നർത്തകരെയാണ് ഇതിനകം ആസ്വാദനലോകത്തിന് സംഭാവന ചെയ്തിട്ടുള്ളത്. ഇന്റർ കോളജ് ലെവലിൽ ഭരതനാട്യത്തിന് ഗോൾഡ് മെഡൽ നേടിയിട്ടുണ്ട്.

## നൃത്തത്തെ ഉപാസിച്ച ജീവിതയാനം: മുംബൈയിൽ നിന്ന് അമേരിക്കയിലേക്ക്

അമ്മയുടെ വീട് മേടത്തൂർ വൈദ്യമഠത്തിനടുത്തും അച്ഛന്റെ വീട് പട്ടാമ്പിയിലുമാണെങ്കിലും സുനന്ദ ജനിച്ചുവളർന്നത് മുംബൈയിലാണ്. സ്കൂൾ-കോളജ് കാലഘട്ടത്തിൽ നൃത്തത്തിൽ മാത്രമല്ല, കായികരംഗത്തും അവർ ഒരു 'സ്റ്റാർ' ആയിരുന്നു. സ്പ്രിന്റ്, ഹൈജംപ്, ലോങ്ങ് ജംപ് എന്നിവയിലെല്ലാം സജീവമായിരുന്ന സുനന്ദ, ഇന്റർ-സ്കൂൾ മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒന്നരമണിക്കൂർ ദൈർഘ്യമുള്ള 'ഫ്ലോ ഓഫ് ദി ഗംഗ' എന്ന നൃത്തനാടകം കൊറിയോഗ്രാഫ് ചെയ്ത് പ്രിൻസിപ്പാളിന്റെ പ്രത്യേക പുരസ്കാരവും നേടി. കൂടാതെ കോളജിൽ ബാഡ്മിന്റൺ,



**കഥകളിയും ഭരതനാട്യവും ഒരേ പോലെ മികവോടെ പകർന്നാടി പേരെടുത്തിട്ടും, കേരളത്തിന്റെ തനതുനൃത്തം എന്ന നിലയിലാണ് ഡോ. സുനന്ദ മോഹിനിയാട്ടത്തെ നെഞ്ചോട് ചേർത്തത്.**

ക്യാരംസ്, ചെസ്സ് എന്നിവയിലെല്ലാം ചാമ്പ്യനായിരുന്നു.

കേവലം പതിനാറാം വയസ്സിലാണ് സുനന്ദയിലെ അധ്യാപികയെ അവരുടെ ഗുരു കണ്ടെത്തുന്നത്. ഗുരുവിന്റെ വലിയ വിശ്വാസത്തിൽ 62 കുട്ടികളുമായി തുടങ്ങിയ ആ നൃത്താധ്യാപനം പിന്നീട് നാല് പതിറ്റാണ്ടിലേറെ നീണ്ട പ്രൊഫഷണൽ കരിയറായി വളരുകയായിരുന്നു. കോമേഴ്സ് ബിരുദധാരിയായ അവർ, നിയമപഠനത്തിന് ചേർന്നുവെങ്കിലും നൃത്തത്തോടുള്ള അഭിനിവേശം കാരണം നൃത്ത പരിശീലനത്തിന് മുൻഗണന നൽകി. മുംബൈ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള നളന്ദ നൃത്യ കലാവിദ്യാലയയിൽ നിന്ന് ഫൈൻ ആർട്സിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടി. 1991 മുതൽ 1999 വരെ അവിടെ ലെക്ചറർ ആയി സേവനമനുഷ്ഠിച്ചു. തുടർന്ന് പദ്മഭൂഷൺ ഡോ. കനക റെലെയുടെ ശിക്ഷണത്തിലാണ് മോഹിനിയാട്ടത്തിൽ മുംബൈ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് (2016) കരസ്ഥമാക്കിയത്.

ഭർത്താവ് ആനന്ദിന് (മർച്ചന്റ് നേവി ക്യാപ്റ്റൻ) യു.എസിൽ നിന്ന് ലഭിച്ച അപ്രതീക്ഷിത തൊഴിൽ

അവസരമാണ് മകന് എട്ട് വയസ്സുള്ളപ്പോൾ സുനന്ദയെ അമേരിക്കയിലെത്തിക്കുന്നത്. കരിയറിന്റെ ഉച്ചസ്ഥായിയിൽ നിൽക്കുമ്പോൾ അമേരിക്കയിലേക്ക് മാറിയ ആദ്യ നാളുകളിൽ, നൃത്തമില്ലാതെ വെറുതെയിരിക്കേണ്ടി വന്ന മൂന്നാഴ്ചകൾ വലിയ പ്രതിസന്ധിയായിരുന്നുവെന്ന് അവർ ഓർക്കുന്നു. എന്നാൽ, പ്രാദേശിക മലയാളികളുടെ അഭ്യർത്ഥനപ്രകാരം തിരുവാതിരകളി പഠിപ്പിച്ചുകൊണ്ട് തുടങ്ങിയ യാത്ര പിന്നീട് വലിയൊരു ഡാൻസ് സ്കൂളായി മാറി. ലൂസിയാനയിൽ സ്ഥിരതാമസമാക്കിയെങ്കിലും കത്രീന കൊടുങ്കാറ്റിൽ വീട് വെള്ളത്തിലായതിനെ തുടർന്ന് ഹ്യൂസ്റ്റണിലേക്ക് മാറേണ്ടി വന്നു. പ്രതിസന്ധികളിലും നൃത്തം അവരെ വിട്ടുപിരിഞ്ഞില്ല. ഹ്യൂസ്റ്റണിലും ചുരുങ്ങിയ കാലം കൊണ്ട് നിരവധി ശിഷ്യരുമായി ഡാൻസ് സ്കൂൾ പച്ചപിടിച്ചു.

## മഹാരഥന്മാരായ ഗുരുക്കന്മാരും പുരസ്കാരങ്ങളും

പ്രശസ്തരായ ആചാര്യന്മാരുടെ കീഴിലാണ് ഡോ. സുനന്ദ നൃത്തം അഭ്യസിച്ചത്:

കഥകളി: ആദ്യഗുരു കലാമണ്ഡലം കൃഷ്ണൻകുട്ടി വാര്യർ. നിലവിൽ കലാമണ്ഡലം ഗോപാലകൃഷ്ണൻ നായരുടെ കീഴിൽ പരിശീലനം തുടരുന്നു.

ഭരതനാട്യം: ദീപക് മസുംദാ (ഭരതനാട്യം നർത്തകിയായി മാറ്റിയെടുത്ത ഗുരു), കലൈമാമണി മഹാലിംഗം



പിള്ള, കലൈമാമണി കതറിവേലുപ്പിള്ള, പത്മശ്രീ ചിത്ര വിശ്വേശരൻ.

മോഹിനിയാട്ടം: പത്മഭൂഷൺ ഡോ. കനക് റേലെ.


2011-ൽ കേരള സംഗീത നാടക അക്കാഡമിയുടെ 'കലാശ്രീ' അവാർഡും കലാമണ്ഡലത്തിന്റെ 'കലാരത്നാ' പുരസ്കാരവും അവർ നേടിയിട്ടുണ്ട്. കൂടാതെ അഭിനയ ശിരോമണി, ശിങ്കാരമണി, അനന്തമാർഗ്ഗശീർഷ നാട്യ പുരസ്കാരം, ചെന്നൈ നാട്യാഞ്ജലി ട്രസ്റ്റിന്റെ നാട്യ മയൂരി പുരസ്കാരം, മുദ്രയ് പതിത്ത വിരൽകൾ പുരസ്കാരം, നാട്യശ്രീ, ദേവദാസി നാഷണൽ അവാർഡ്, നളന്ദ കനക നർത്തന പുരസ്കാരം, നൃത്യ സേവാമണി (2020) തുടങ്ങി എണ്ണമറ്റ പുരസ്കാരങ്ങൾ ഈ കലാകാരിയെ തേടിയെത്തിയിട്ടുണ്ട്. ഡോ. സുനന്ദയുടെ കീഴിൽ നൃത്തം അഭ്യസിച്ച നിരവധി വിദ്യാർത്ഥികൾ ദേശീയ സ്കോളർഷിപ്പുകളും ദൂരദർശൻ ഗ്രേഡഡ് ആർട്ടിസ്റ്റ് പദവികളും കേന്ദ്ര-സംസ്ഥാന പുരസ്കാരങ്ങളും നേടിയിട്ടുണ്ട്.

## കോവിഡ് കാലത്തെ ദശാസന്ധിയും സാങ്കേതികവിദ്യയുടെ സാധ്യതകളും

കോവിഡ് മഹാമാരി ലോകത്തെ നിശ്ചലമാക്കിയപ്പോൾ, നർത്തകർ അഭിമുഖീകരിച്ച വലിയ അനിശ്ചിതത്വത്തെ ഡോ. സുനന്ദ മറികടന്നത് സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ്. വ്യക്തിപരമായ സാന്നിധ്യമില്ലാതെ ഓൺലൈനിലൂടെ നൃത്തം പഠിപ്പിക്കുന്നതിലെ ആശങ്കകൾ തുടക്കത്തിൽ ഉണ്ടായിരുന്നുവെങ്കിലും, സൂം (Zoom) ക്ലാസുകളിലൂടെ വിദ്യാർത്ഥികൾക്ക് കൂടുതൽ സമയം നൽകാൻ അവർക്ക് സാധിച്ചു.

ലോക്ഡൗൺ കാലത്തെ

സർഗ്ഗാത്മകമായി ഉപയോഗിച്ചുകൊണ്ട് 'അർപ്പണ' എന്ന പേരിൽ ഓൺലൈൻ ഡാൻസ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു. ഇന്ത്യയിലെ പ്രഗത്ഭരായ നർത്തകരെയും പുതുമുഖങ്ങളെയും ഇതിൽ അണിനിരത്തി. കൂടാതെ, രാജ്യത്തെ മികച്ച നർത്തകരുമായി കുട്ടികൾക്ക് സംവദിക്കാൻ 'വാചിക' എന്ന ടോക്ക് ഷോയും, മൂന്നുനാലുമാസങ്ങൾ നീണ്ടുനിന്ന നാട്യശാസ്ത്ര ക്ലാസ്സുകളും, 'സമ്പത' എന്ന നൃത്തപരീക്ഷയും, 'കനക നൃത്യോത്സവം' എന്ന മോഹിനിയാട്ട ഫെസ്റ്റിവലും ഓൺലൈനായി വിജയകരമായി നടത്തി.




'നമ്മുടെ കുടുംബവും സുഹൃത്തുക്കളും സുരക്ഷിതരായിരിക്കുന്നതാണ് ജീവിതത്തിൽ ഏറ്റവും വലിയ കാര്യമെന്ന് കോവിഡ് കാലം പഠിപ്പിച്ചു. പ്രാണവായു പോലെയാണ് എനിക്ക് നൃത്തം. എന്റെ സന്തോഷവും സങ്കടവും വേദനകളുമെല്ലാം ഞാൻ പങ്കുവയ്ക്കുന്നത് നൃത്തത്തോടാണ്. എന്നെ ഇത്രത്തോളം മനസ്സിലാക്കുന്ന മറ്റൊരു സുഹൃത്തില്ല. എന്നിൽ നിന്ന് നൃത്തത്തെ വേർപെടുത്താനാകില്ല,' ഡോ. സുനന്ദ നായർ നൃത്തത്തോടുള്ള തന്റെ ആത്മബന്ധം വെളിപ്പെടുത്തി.

ഡോ. സുനന്ദ നായരുടെ കലാജീവിതത്തിന് എന്നും ശക്തമായ പിന്തുണ നൽകിയിരിക്കുന്നത് കുടുംബമാണ്. മകൻ കെമിക്കൽ എൻജിനീയറിംഗിൽ ബിരുദം നേടിയ ശേഷം അമേരിക്കയിലെ പ്രശസ്തമായ റൈസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.എ കരസ്ഥമാക്കി.

മകന്റെ ഭാര്യ അനിത ധനകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. കുടുംബത്തിലെ ഇളയ അംഗമായ മകൾ ബിരുദപഠനം കഴിഞ്ഞു. കലയെ ജീവിതമായി കണ്ട്, ഇരുപത്തിനാലുമണിക്കൂറും നൃത്തസപര്യയ്ക്കായി മാറ്റിവെച്ച ഡോ. സുനന്ദ നായർക്ക് ലഭിച്ച ഈ കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ്, ലോകമെമ്പാടുമുള്ള മലയാളി കലാകാരന്മാർക്ക് വലിയൊരു പ്രചോദനമാണ്.


415+ SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA

# സുതാര്യത, സേവനം,സംഘടിത പ്രവർത്തനം ഇതാണ് എന്റെ നേതൃത്വ ശൈലി: ഫോമാ ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥി ജോൺസൺ കണ്ണൂക്കാടൻ



**മീട്ടു റഹ്മത്ത് കലാം**

ഫോമായുടെ 2026-2028 ഭരണസമിതി തിരഞ്ഞെടുപ്പിൽ ജോയിന്റ് ട്രഷറർ സ്ഥാനത്തേക്ക് ബിജു തോണിക്കടവിൽ നയിക്കുന്ന 'ടീം വോയിസ് ഓഫ് ഫോമാ' എന്ന പാനലിൽ നിന്ന് മത്സരിക്കുന്ന ജോൺസൺ കണ്ണൂക്കാടൻ അമേരിക്കൻ മലയാളി സമൂഹത്തിൽ സുപരിചിതനായ സാമൂഹിക പ്രവർത്തകനാണ്. ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റായും ഫോമാ റീജിയണൽ വൈസ് പ്രസിഡന്റായും ദേശീയ കമ്മിറ്റി അംഗമായും പ്രവർത്തിച്ച അദ്ദേഹം, കേരളത്തിലെ നിർധന കുടുംബങ്ങൾക്കായി നടപ്പാക്കിയ ഭവന പദ്ധതിയിലൂടെ ശ്രദ്ധേയനാണ്. സംഘടനാ പ്രവർത്തന പരിചയവും ചാരിറ്റി രംഗത്തെ സജീവ സാന്നിധ്യവും മുൻനിർത്തി ഫോമായുടെ ഭാവി പദ്ധതികളെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നു...

**ഫോമാ ജോയിന്റ് ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കാൻ പ്രേരിപ്പിച്ച പ്രധാന ഘടകം എന്താണ്?**

ഫോമായുടെ വിവിധ തലങ്ങളിൽ പ്രവർത്തിക്കാനുള്ള അവസരം ലഭിച്ചതാണ് എന്നെ ഈ സ്ഥാനത്തേക്ക് എത്തിച്ചത്. ആർവിപി, ദേശീയ കമ്മിറ്റി അംഗം, ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചപ്പോൾ ഒരു സംഘടനയുടെ വളർച്ചയ്ക്ക് ശക്തമായ സാമ്പത്തിക അടിത്തറ എത്രമാത്രം പ്രധാനമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഫോമായുടെ സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനൊപ്പം യുവജന-ചാരിറ്റി പദ്ധതികൾക്ക് കൂടുതൽ പിന്തുണ നൽകാൻ കഴിയുന്ന ഒരു നേതൃത്വത്തിന്റെ ഭാഗ



മാകണമെന്നാണ് എന്റെ ആഗ്രഹം. സഹായം ആവശ്യമുള്ള കൂടുതൽ ആളുകൾക്കുവേണ്ടി പ്രവർത്തിക്കാൻ ഫോമാ പോലൊരു വലിയ പ്രസ്ഥാനത്തിന്റെ ഭരണസമിതിയിൽ എത്തിയാൽ സാധിക്കുമെന്ന വിശ്വാസമാണ് മത്സരിക്കാൻ ധൈര്യം പകർന്നത്.

**സാമൂഹിക പ്രവർത്തനങ്ങളിലേക്കുള്ള താങ്കളുടെ യാത്ര എങ്ങനെയായിരുന്നു? അതിൽ കുടുംബത്തിന്റെ പങ്ക്?**

കുട്ടിക്കാലത്ത് മാതാപിതാക്കളിൽ നിന്ന് കണ്ടുപഠിച്ചതും മറ്റുള്ളവർക്ക് താങ്ങാവുക എന്ന വലിയ പാഠമാണ്. സമ്പത്ത് എന്നത് കൊടുക്കും തോറും ഏറിടുന്ന ഒന്നാണെന്ന് അമ്മച്ചി പറഞ്ഞുതന്നിട്ടുണ്ട്. ബൈബിൾ അധിഷ്ഠിതമാക്കി സ്നേഹത്തിന്റെയും കരുതലിന്റെയും വഴിയിലൂടെയാണ് ഞങ്ങൾ മക്കളെ അവർ നയിച്ചത്. അവസാന കാലത്ത് മാതാപിതാക്കളെ അമേരിക്കയിൽ കൊണ്ടുവരാനും പരിചരിക്കാനും സാധിച്ചതിൽ ദൈവത്തോട് നന്ദിയുണ്ട്. പ്രായമായവരെ ബാധ്യതയായി കാണുന്നവർ നമ്മളും അതിലൂടെ കടന്നുപോകേണ്ടവരാണെന്ന് ഓർക്കണം. നമ്മൾ ചെയ്യുന്നതാണ് വരുംതലമുറ കണ്ടുപഠിക്കുന്നത്.കേരളത്തിൽ നിന്ന് മുംബൈയിലേക്കും പിന്നീട് അമേരിക്കയിലേക്കുമുള്ള ജീവിതയാത്രയിൽ സംഘടനാപ്രവർത്തനങ്ങൾ എപ്പോഴും എന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു.




ഇന്ന് ഷിക്കാഗോ ട്രാൻസിറ്റ് അതോറിറ്റിയിലെ ടെക്നോളജി വിഭാഗത്തിൽ ജോലി ചെയ്യുന്നതിനൊപ്പം നിരവധി പ്രൊഫഷണൽ, സാമൂഹിക, മത സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നു.

എല്ലാ സാമൂഹിക-മതപര പ്രവർത്തനങ്ങളിലും കുടുംബം എന്റെ കൂടെയുണ്ട്. ഭാര്യ: ബീന ജോൺസൺ കണ്ണൂക്കാടൻ, മക്കൾ: ജോസഫ് & നയോമി കണ്ണൂക്കാടൻ, ജെറി & നിമ്മി കണ്ണൂക്കാടൻ, ജെന്നിഫർ & ഈതൻ റിക്കർ. വിവാഹം കഴിഞ്ഞും മക്കൾ മൂന്നുപേരും അടുത്തുതന്നെയാണ് താമസമെന്നത് വലിയൊരു സന്തോഷമാണ്. ഏതാവശ്യത്തിനും അവർ ഓടിയെത്താറുണ്ട്.

**സംഘടനാപ്രവർത്തനത്തിലെ ഏറ്റവും അഭിമാനകരമായ നേട്ടം?**

ഭവനപദ്ധതിയാണെന്ന് നിസ്സംശയം പറയാം.ഞാൻ പ്രസിഡന്റ് ആയിരുന്നപ്പോൾ ആരംഭിച്ച പദ്ധതി വഴി ഇതുവരെ 32 വീടുകൾ നിർമിച്ച് നൽകാൻ കഴിഞ്ഞു. ഒരു വീട് നൽകുക എന്നാൽ ഒരു കെട്ടിടം നൽകുക എന്നുള്ളതല്ല; ഒരു കുടുംബത്തിന് സുരക്ഷിതത്വവും ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്നതാണ്. വീടിന്റെ താക്കോൽ ഏറ്റുവാങ്ങുമ്പോൾ കുടുംബങ്ങളുടെ കണ്ണുകളിൽ കാണുന്ന സന്തോഷമാണ് കൂടുതൽ പ്രവർത്തിക്കാൻ എന്നെ പ്രചോദിപ്പിക്കുന്നത്.

സിറോ മലബാർ കാത്തലിക് കോൺഗ്രസിന്റെ നാഷണൽ ബോർഡ് സെക്രട്ടറി ആയി പ്രവർത്തിച്ചുവരുന്നു. 17 പള്ളികളുടെ എക്യുമിനിക്കൽ കൗൺസിലിന്റെ ട്രഷററായിരുന്നു. നിരവധി തവണ ഫോമായുടെ കൺവൻഷനുകളിൽ കലാമേളയുടെ ചെയർമാനായിട്ടുണ്ട്. ഷിക്കാഗോ മലയാളി അസോസിയേഷന്റെ നാഷണൽ ചെയർമാനായപ്പോൾ സ്പോൺസർമാരെ കണ്ടെത്തി മികച്ച പങ്കാളിത്തത്തോടെ വിജയിപ്പിക്കാൻ സാധിച്ചു.

അതുപോലെ തന്നെ എല്ലാവരുടെയും കൂട്ടായ്മ കൊണ്ട് ഷിക്കാഗോ മലയാളി അസോസിയേഷൻ എന്ന നോർത്ത് അമേരിക്കയിലെ വലിയ സംഘടനയിലേക്ക് ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ കൊണ്ടുവന്ന വ്യക്തി എന്നതും സംതൃപ്തി നൽകുന്നു.അതിന്റെ പ്രസിഡന്റ് ആയിരിക്കെ അംഗങ്ങളെ കൂടുതൽ സജീവമായി സംഘടനയുമായി ബന്ധിപ്പിക്കുന്ന നിരവധി പരിപാടികൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. കുടുംബ സംഗമങ്ങൾ, യുവജന പ്രവർത്തനങ്ങൾ, സാംസ്കാരിക പരിപാടികൾ, സാമൂഹിക സേവന പ്രവർത്തനങ്ങൾ എന്നിവ വിജയകരമായി നടപ്പാക്കി. സംഘടനയുടെ വളർച്ചയ്ക്കും അംഗ ഐക്യത്തിനും പ്രാധാന്യം നൽകിയാണ് ഞാൻ പ്രവർത്തിച്ചത്.

**ആദ്യമായി വീട് നിർമിച്ചു നൽകിയ അനുഭവം ഓർമ്മയിലുണ്ടോ?**

തീർച്ചയായും. തിരുവല്ലയിലെ ഒരു നിർധന കുടുംബത്തിനായിരുന്നു ആദ്യ വീട്. ടാർപോളിൻ മൂടിയ താൽക്കാലിക കുടിലിലായിരുന്നു അവർ താമസിച്ചിരുന്നത്. സുരക്ഷിതമായ താമസസൗകര്യമോ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങളോ ഇല്ലാത്ത അവസ്ഥയായിരുന്നു. ആ കുടുംബത്തിന് വീട് കൈമാറിയ നിമിഷം ഇന്നും മനസ്സിലുണ്ട്. അന്ന് മുതൽ ഈ പദ്ധതിയുമായി കൂടുതൽ പ്രതിബദ്ധതയോടെ മുന്നോട്ടു പോകുകയാണ്. രാഷ്ട്രപതി അവാർഡ് നേടിയ ഡോ.സുനിൽ ടീച്ചറിനെപ്പോലുള്ളവരാണ് നാട്ടിലുള്ള അർഹരായവരെ കണ്ടെത്തി ഇത്തരം പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ സഹായിക്കുന്നത്.

**ചാരിറ്റി പ്രവർത്തനങ്ങളിലും ഫോമാ നേതൃത്വത്തിലുമുള്ള താങ്കളുടെ അനുഭവങ്ങൾ?**

സെന്റ് വിൻസന്റ്പോൾ സൊസൈറ്റി എന്ന ചാരിറ്റി സംഘടനയുടെ പ്രസിഡന്റ് ആയി പ്രവർത്തിച്ച അനുഭവം എന്റെ സാമൂഹിക സേവനപ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ പകർന്നിട്ടുണ്ട്. വിവിധ കമ്മ്യൂണിറ്റി പള്ളികളിലൂടെ ഫണ്ട് റൈസിംഗ് നടത്തി സമാഹരിച്ച തുക കേരളത്തിലെ നിർധനർക്കും ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കും എത്തിക്കാൻ സാധിച്ചു. കാസർഗോഡ് മുതൽ കന്യാകുമാരി വരെയുള്ള പ്രദേശങ്ങളിലായി ഒരു ലക്ഷത്തിലധികം ആളുകൾക്ക് സഹായം എത്തിച്ചു. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം, അടിയന്തര ചികിത്സാ സഹായങ്ങൾ തുടങ്ങി നിരവധി പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞു.

സംഘടനയുടെ പ്രസിഡന്റായി പ്രവർത്തിച്ച കാലയളവിൽ വിവിധ കമ്മ്യൂണിറ്റി പള്ളികളിൽ ഫണ്ട് റൈസിംഗ് പരിപാടികൾ സംഘടിപ്പിക്കുകയും അതിലൂടെ സമാഹരിച്ച തുക കേരളത്തിലെ നിർധനർക്കും ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കും എത്തിക്കുകയും ചെയ്തു. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായങ്ങൾ,





അടിയന്തര സാഹചര്യങ്ങളിലെ സഹായങ്ങൾ എന്നിവയും നൽകാൻ സാധിച്ചു. ഈ സേവന പ്രവർത്തനങ്ങൾ ഇന്നും തുടരുകയാണ്.

നിലവിൽ ഫോമാ സെൻട്രൽ റീജിയന്റെ റീജിയണൽ വൈസ് പ്രസിഡന്റാണ് പ്രവർത്തിക്കുന്നതിനിടെ നിരവധി ശ്രദ്ധേയ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടെ വയനാട് ദുരന്തബാധിതർക്കായി ഫോമാ സെൻട്രൽ റീജിയന്റെ നേതൃത്വത്തിൽ ഒരു വീട് നിർമിച്ച് നൽകാൻ സാധിച്ചത് ഏറെ അഭിമാനകരമായ നേട്ടമാണ്. അതോടൊപ്പം യുവജനങ്ങൾ, വനിതകൾ, സീനിയേഴ്സ് എന്നിവർക്ക് വേണ്ടി വൈവിധ്യമാർന്ന പരിപാടികളും സംഘടിപ്പിച്ചു.

ഫോമാ സെൻട്രൽ റീജിയന്റെ കലാമേള, ദേശീയ ബിസിനസ് മീറ്റ്, വനിതാ ശാക്തീകരണ സെമിനാറുകൾ, കമ്മ്യൂണിറ്റി ചാരിറ്റി പ്രവർത്തനങ്ങൾ, ഫുഡ് പാക്കിംഗ് പദ്ധതികൾ, പരിസ്ഥിതി ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്. പ്രത്യേകിച്ച് 500-ലധികം രജിസ്ട്രേഷനുകൾ നേടിയ കലാമേളയും യുവ സംരംഭകരെ ഒരുമിപ്പിച്ച ദേശീയ ബിസിനസ് മീറ്റും വലിയ വിജയങ്ങളായിരുന്നു.

വിദ്യാഭ്യാസ മേഖലയിലും നിരവധി ഇടപെടലുകൾ നടത്താൻ കഴിഞ്ഞു. ഹൈസ്കൂൾ പഠനം പൂർത്തിയാക്കി മികച്ച നേട്ടങ്ങൾ കൈവരിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുകയും, ഉയർന്നവിദ്യാഭ്യാസത്തിനുംപ്രൊഫഷണൽ വളർച്ചയ്ക്കുമായി വിവിധ പ്രോത്സാഹന പദ്ധതികൾ നടപ്പാക്കുകയും ചെയ്തു. യുവജനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുകയും സമൂഹസേവനത്തിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യുക എന്നതാണ് ഈ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം.

**അമേരിക്കൻ മലയാളി സംഘടനകൾ നേരിടുന്ന പ്രധാന വെല്ലുവിളി എന്താണെന്ന് താങ്കൾ കരുതുന്നു?**

ആദ്യ തലമുറയും രണ്ടാം തലമുറയും തമ്മിലുള്ള അകലമാണ് പ്രധാന വെല്ലുവിളി. യുവതലമുറയെ സംഘടനകളുമായി കൂടുതൽ അടുപ്പിക്കുകയും അവരുടെ നേതൃത്വപങ്കാളിത്തം ഉറപ്പാക്കുകയും വേണം. ഈ തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലമായി ഫോമാ പ്രവർത്തിക്കണം. ഷിക്കാഗോ ട്രാൻസിറ്റ് മലയാളി അസോസിയേഷൻ എന്ന പ്രൊഫഷണൽ സംഘടനയുടെ ഒരു പ്രസിഡന്റ് കൂടിയാണ് ഞാൻ. പ്രൊഫഷണൽ സംഘടനകളിലായാലും സാമൂഹിക സംഘടനകളിലായാലും എല്ലാ തലമുറകളും തമ്മിൽ ശക്തമായ ബന്ധമുണ്ടായിരിക്കണം.



**അപ്രതീക്ഷിത ദുരിതങ്ങൾ ഉണ്ടാകുമ്പോൾ ഫോമായുടെ ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കാൻ എന്താണ് പദ്ധതി?**

വോയിസ് ഓഫ് ഫോമ ടീമിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് അതിവേഗ ദുരിതാശ്വാസ സംവിധാനം. മുൻകൂട്ടി തയ്യാറാക്കിയ എമർജൻസി റെസ്പോൺസ് ടീം, വേഗത്തിലുള്ള ഫണ്ട് വിനിയോഗം, പ്രാദേശിക സംഘടനകളുമായുള്ള സഹകരണം എന്നിവ ശക്തിപ്പെടുത്തും. സഹായം ആവശ്യമായ സമയത്ത് തന്നെ എത്തിക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

**ജോയിന്റ് ട്രഷറർ എന്ന നിലയിൽ ആദ്യ 100 ദിവസത്തിനുള്ളിൽ നടപ്പാക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?**



സാമ്പത്തിക ഇടപാടുകളിൽ പരമാവധി സുതാര്യത ഉറപ്പാക്കും. ഡിജിറ്റൽ അക്കൗണ്ടിംഗ് സംവിധാനം, സമയബന്ധിത സാമ്പത്തിക റിപ്പോർട്ടുകൾ, ചാരിറ്റി പ്രവർത്തനങ്ങൾക്കായുള്ള വ്യക്തമായ സാമ്പത്തിക രൂപരേഖ എന്നിവ നടപ്പാക്കാൻ ശ്രമിക്കും. അംഗങ്ങൾക്ക് സാമ്പത്തിക വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്ന സംവിധാനവും ഒരുക്കും.

**യുവജനങ്ങൾക്ക് നൽകാൻ ആഗ്രഹിക്കുന്ന സന്ദേശം എന്താണ്?**

യുവജനങ്ങളാണ് നമ്മുടെ ഭാവി. സ്വന്തം വേരുകളും സംസ്കാരവും മറക്കാതെ നേതൃത്വത്തിലേക്ക് മുന്നോട്ട് വരണം.ദേശീയതല സ്പോർട്സ് ടൂർണമെന്റുകൾ, കലാമേളകൾ, ലീഡർഷിപ്പ് പരിശീലന പരിപാടികൾ, മെന്റർഷിപ്പ് പദ്ധതികൾ, പ്രൊഫഷണൽ നെറ്റ്‌വർക്കിംഗ് അവസരങ്ങൾ എന്നിവയിലൂടെ യുവജനങ്ങളെ ഫോമയിലേക്ക് കൂടുതൽ അടുപ്പിക്കാൻ ഞങ്ങൾക്ക് കഴിയും. വിവിധ റീജിയണുകളിലെ യുവാക്കളെ ഒരുമിച്ച് കൊണ്ടുവരുന്ന പരിപാടികൾ ഞങ്ങൾ സംഘടിപ്പിക്കുന്നതായിരിക്കും.സമൂഹത്തിന് തിരികെ നൽകുന്ന മനോഭാവം യുവതലമുറ വളർത്തിയെടുക്കണം. താഴെത്തട്ടിൽ പ്രവർത്തിച്ച് പടിപടിയായി വേണം നേതൃസ്ഥാനങ്ങളിൽ എത്താൻ.

**വോട്ടർമാരോട് അവസാനമായി പറയാനുള്ളത്?**

വോയിസ് ഓഫ് ഫോമാ എന്നത് ഒരു തെരഞ്ഞെടുപ്പ് പാനൽ മാത്രമല്ല; സേവനത്തിന്റെയും ഐക്യത്തിന്റെയും നേതൃത്വത്തിന്റെയും വേദിയാണ്. സാമൂഹിക, സാംസ്കാരിക, മത, പ്രൊഫഷണൽ മേഖലകളിൽ വർഷങ്ങളുടെ പ്രവർത്തന പരിചയമുള്ളവരാണ് ഈ ടീമിലുള്ളത്. സംഘടനാ പ്രവർത്തനങ്ങളിൽ വിവിധ തലങ്ങളിൽ നേതൃത്വം വഹിച്ചവരും ദേശീയ, റീജിയണൽ തലങ്ങളിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ചവരുമാണ് ഞങ്ങളുടെ ടീം അംഗങ്ങൾ.

ടീമിലെ ഓരോരുത്തർക്കും തങ്ങളുടേതായ ശ്രദ്ധേയമായ പ്രവർത്തന പാരമ്പര്യമുണ്ട്. ബിജു തോണിക്കടവിൽ,പോൾ.പി.ജോസ്, പ്രദീപ് നായർ, സാമുവൽ മത്തായി,ഡോ.മഞ്ജു പിള്ള തുടങ്ങി എല്ലാവരും ഫോമായുടെ വിവിധ നേതൃത്വ സ്ഥാനങ്ങളിൽ പ്രവർത്തിച്ച് സംഘടനയ്ക്കും സമൂഹത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയവരാണ്. ചാരിറ്റി പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പദ്ധതികൾ, യുവജന ശാക്തീകരണം, സാമ്പത്തിക കാര്യനിർവഹണം, കമ്മ്യൂണിറ്റി സേവനം തുടങ്ങിയ മേഖലകളിൽ ഇവർക്ക് സമ്പന്നമായ അനുഭവസമ്പത്തുണ്ട്.

ബിജു തോണിക്കടവിൽ, പോൾ.പി,ജോസ്, പ്രദീപ് നായർ, സാമുവൽ മത്തായി തുടങ്ങിയവർ ദേശീയ തലത്തിലും റീജിയണൽ തലത്തിലും നിരവധി പദ്ധതികൾ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ഡോ. മഞ്ജുവിന്റെ ആരോഗ്യ-സാമൂഹിക സേവന രംഗത്തെ പ്രവർത്തനങ്ങൾ സമൂഹത്തിന് സുപരിചിതമാണ്. അതുകൊണ്ടുതന്നെ പ്രവർത്തന പരിചയവും സേവന മനോഭാവവും ഒരുപോലെ ഒത്തുചേരുന്ന ശക്തമായ നേതൃത്വസംഘമാണ് വോയിസ് ഓഫ് ഫോമാ.

ഫോമായുടെ ഭാവിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും സമൂഹസേവനത്തോടുള്ള പ്രതിബദ്ധതയുമുള്ള ഒരു ടീമിനെയാണ് വോട്ടർമാർ തിരഞ്ഞെടുക്കേണ്ടത്. ഞങ്ങൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ വെറും വാഗ്ദാനങ്ങളല്ല; പ്രവർത്തിയിലൂടെ തെളിയിച്ച അനുഭവങ്ങളുടെ തുടർച്ചയാണ്. അംഗങ്ങൾ നൽകുന്ന പിന്തുണയോടെ ഫോമായെ കൂടുതൽ സജീവവും സേവനോന്മുഖവും സുതാര്യവുമായ സംഘടനയാക്കി മാറ്റാൻ കഴിയുമെന്ന ആത്മവിശ്വാസമുണ്ട്. ഞങ്ങളുടെ പാനലിനെ വിജയിപ്പിക്കണമെന്ന് ഏവരോടും അഭ്യർത്ഥിക്കുന്നു.




TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ഇന്റഗ്രിറ്റിയോടെ... ഷൈനിങ്ങോടെ ഡോ. ഷൈനി രാജു ഫൊക്കാന വിമൻസ് ഫോറം ചെയർ സ്ഥാനാർഥി

ജോർജ് തുമ്പയിൽ



പൊതുപ്രവർത്തനത്തിന്റെ ഗരിമയും അതിനെ പ്രിയതരമാക്കുന്ന ആർദ്രതയും മനസിലേക്ക് ഇഷ്ടത്തോടെ കൂട്ടിവച്ച അക്കങ്ങളുടെ കൃത്യതയും പേരിലെ 'ഷൈനിംഗി'നൊപ്പം കൂട്ടിയിണക്കിയ പ്രതിഭ- ഡോ. ഷൈനി രാജു. നിലപാടുകളിലെ ഇന്റഗ്രിറ്റിയും പ്രതിഭയുടെ തിളക്കവുമായി ഫൊക്കാന വിമൻസ് ഫോറം ചെയർ ആയി ഡോ. ഷൈനി രാജു മത്സരിക്കുമ്പോൾ പ്രതീക്ഷകളേറെ. പ്രൊഫഷണൽ രംഗത്തും പൊതുരംഗത്തും ഒരേ പോലെ പേരിലെ മികവ് പുലർത്തുന്ന വ്യക്തിത്വം. ഫൊക്കാനയുടെ ഭാവി ഡോ. ഷൈനി രാജു അടങ്ങുന്ന ഇന്റഗ്രിറ്റി പാനലിന്റെ കരങ്ങളിൽ ഭദ്രമായിരിക്കുമെന്നതിന് നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സാക്ഷി .

വിമെൻസ് ഫോറം എക്യൂട്ടിവ് കമ്മിറ്റി മെംബർ, റീജണൽ വിമെൻസ് ഫോം കോർഡിനേറ്റർ, നാഷണൽ കമ്മിറ്റി മെംബർ തുടങ്ങി നിരവധി സ്ഥാനങ്ങൾ ഫൊക്കാനയിൽ വഹിച്ചിട്ടുണ്ട്.

അവതാരക, സംഘടനാ പ്രവർത്തക, മത-സാംസ്കാരിക പ്രവർത്തക, ചാരിറ്റി പ്രവർത്തക, അദ്ധ്യാപിക, ഹെൽത്ത് കെയർ പ്രോഫഷണൽ തുടങ്ങി



നിരവധി മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയാണ് ഡോ. ഷൈനി രാജു. ഫൊക്കാനയുടെ വിവിധ കൺവെൻഷനുകളുടെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട പല കമ്മിറ്റികളിലും അംഗമായിരുന്നു.

ന്യൂ ജേഴ്‌സിയിലെ എസക്സ് കൗണ്ടി കോളേജ്, കേൾഡ് വെൽ യൂണിവേഴ്സിറ്റി എന്നിവടങ്ങളിൽ മാത്തമാറ്റിസ് അദ്ധ്യാപികയായി സേവനം ചെയ്യുന്ന ഡോ. ഷൈനി ഒരു ഒരു ഹെൽത്ത് കെയർ പ്രൊഫഷണൽ കുടിയാണ്. എസക്സ് കൗണ്ടി കോളേജിൽ റേഡിയോളജി വിഭാഗത്തിൽ ക്ലിനിക്കൽ കോർഡിനേറ്റർ കൂടിയാണ് അവർ.

കേരളത്തിൽ നിന്നും മത്തമാറ്റിസിൽ മാസ്റ്റേഴ്സ് കഴിഞ്ഞ ഡോ. ഷൈനി ന്യൂ ജേഴ്‌സി സ്റ്റേറ്റ് കോളേജിൽ നിന്നും എം എസും, അതിന് ശേഷം PHD യും കാരസ്ഥമാക്കി. മത്തമാറ്റിസിൽ പി എച് ഡി യുള്ള ചുരുക്കം ചില ആളുകളിൽ ഒരാൾ. ഭർത്താവ് അറിയപ്പെടുന്ന ഗായകൻ കൂടിയായ രാജു ജോയി ഇപ്പോൾ മഞ്ചിന്റെ പ്രസിഡന്റ് ആണ്.

ഒരു ഗണിതശാസ്ത്ര പ്രതിഭ എന്ന് വിശേഷിപ്പിക്കാവുന്ന നേട്ടങ്ങൾക്കിടയിലും കരിയറിലും സംഘടനാ രംഗത്തും ഹെൽത്ത് കെയർ രംഗത്തും മാധ്യമമേഖലയിലും ഒരുപോലെ തിളങ്ങി നിൽക്കുന്ന ഡോ. ഷൈനി രാജു മലയാളി സമൂഹത്തിന് അഭിമാനമാണ്. വ്യത്യസ്തങ്ങളായ ഈ മേഖലകളിലെല്ലാം ഒരുപോലെ തിളങ്ങാൻ അനിതരസാധാരണമായ പ്രതിഭയുള്ളൊരാൾക്ക് മാത്രമേ കഴിയൂ.

**ഫൊക്കാനയുടെ 2026–2028 ഭരണ സമിതിയുടെ വിമൻസ് ഫോറം ചെയർപേഴ്സൺ സ്ഥാനത്തേക്ക് മത്സരിക്കുമ്പോൾ എന്തൊക്കെയാണ് പ്രധാന ലക്ഷ്യങ്ങളായി കാണുന്നത്?.**

സത്യസന്ധതയോടും കരുണയോടും സമർപ്പണബോധത്തോടും കൂടി പ്രവർത്തിച്ച് ഓരോ സ്ത്രീക്കും വളരാനും സമൂഹത്തിനു സംഭാവന ചെയ്യാനും പഠിക്കുവാനും വിജയിക്കാനുമുള്ള വേദിയായി വനിതാഫോറത്തെ മാറ്റുക എന്നതാണ് എന്റെ പ്രധാന ലക്ഷ്യം.



**ചെറുപ്പം മുതലേ മാത്തമാറ്റിക്സ് ഇഷ്ടപ്പെട്ടിരുന്നുവോ? ഗണിതത്തിന്റെ ലോകത്തു നിന്നും ഹെൽത് കെയറിലും സംഘടനാ രംഗത്തുമൊക്കെ തിളങ്ങാൻ എന്താണ് പ്രചോദനമായത്?**

അതെ , ആ ഒരു വിഷയം മാത്രമേ എനിക്ക് അറിയുകയുള്ളു എന്ന് പറയുന്നതായിരിക്കും ശരി. ഗണിതത്തിലെ യുക്തിചിന്തയും പ്രശ്നപരിഹാരത്തിന്റെ സന്തോഷവുമാണ് പല മേഖലകളിൽ തിളങ്ങാൻ എനിക്ക് പ്രചോദനമായത്.



**അമേരിക്കയിലെ മലയാളി വനിതകൾ തൊഴിൽ രംഗത്തും സാമൂഹികമായും വെല്ലുവിളികളെ നേരിടുന്നു എന്ന് കരുതുന്നുണ്ടോ? ഫൊക്കാന വിമൻസ് ഫോറത്തിലൂടെ വനിതകൾക്കായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്?**

തീർച്ചയായും. കരിയർ ഡെവലപ്മെന്റ്, ലീഡർഷിപ് ട്രെയിനിങ്, സ്കിൽ ബിൽഡിംഗ് വർക്ഷോപ്പ്സ്, മാനസികാരോഗ്യവും കുടുംബ സമത്വവും മുൻനിർത്തിയുള്ള ബോധവത്കരണക്ലാസുകൾ, യുവ വനിതകൾക്ക് മെന്റർഷിപ് അവസരങ്ങൾ, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകളെ ഒരുമിപ്പിച്ച് നെറ്റ്വർക് രൂപീകരിക്കുക തുടങ്ങിയ കാര്യങ്ങൾ മനസിലുണ്ട് .

**മാത്തമാറ്റിക്സിൽ പി.എച്ച്.ഡി നേടിയ വ്യക്തിയാണ് താങ്കൾ. ഒപ്പം പ്രൊഫസറും. ഹെൽത്ത് കെയർ പ്രൊഫഷണലുമാണ്. ഇത്രയും തിരക്കേറിയ ഒരു പ്രൊഫഷണൽ ജീവിതവും പൊതുപ്രവർത്തനവും എങ്ങനെയാണ് ഒരുമിച്ച് കൊണ്ടുപോകുന്നത്? ഇതിന്റെ ടൈം മാനേജ്മെന്റ് എങ്ങനെ സാധ്യമാകുന്നു?**

ശരിയായ രീതിയിലുള്ള പ്ലാനിംഗും ദൈവാനുഗ്രഹവും ഉണ്ടെങ്കിൽ എന്തും സാധ്യമാകും എന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ. ടൈം മാനേജ്മെന്റിന്റെ അടിസ്ഥാനം പ്രയോറിറ്റൈസേഷൻ (മുൻഗണനാക്രമത്തിൽ കാര്യങ്ങൾ ചെയ്യുക) ആണ്. ഏറ്റവും പ്രധാനമായതും അടിയന്തിരമായി ചെയ്യേണ്ടതും മനസിലാക്കി പ്രവർത്തിക്കുക. ഓരോ ജോലിയിലും പൂർണ ശ്രദ്ധ കൊടുത്ത് പ്രവർത്തിച്ചാൽ കാര്യക്ഷമത വർധിക്കും.

**മാത്ത് പോലെ അക്കങ്ങളുടെ ലോകത്ത് നിന്നുള്ള വൈദഗ്ധ്യവും കണക്കുകൂട്ടലുകളും, ഒരു സംഘടനയെ നയിക്കുമ്പോൾ എത്രത്തോളം സഹായിക്കാറുണ്ട്?**

ടീം വർക്ക് വളരെ പ്രധാനമാണ്. എല്ലാം ഒറ്റയ്ക്ക് ശ്രമിക്കുന്നതിന് പകരം ഉത്തരവാദിത്വങ്ങൾ പങ്കുവച്ച് പ്രവർത്തിക്കുക. കൃത്യത, വിശകലന ശേഷി എന്നിവ ഞാൻ മനസിലാക്കിയത് അക്കങ്ങളുടെ ലോകത്ത് നിന്നാണ്. ഒരു തീരുമാനം എടുക്കുമ്പോൾ വികാരത്തിന് അപ്പുറം സാഹചര്യം മനസിലാക്കി പ്രവർത്തിക്കുവാൻ സാധ്യമാകുന്നു.

**മഞ്ചിന്റെ മുൻ പ്രസിഡന്റ് എന്ന നിലയിൽ സംഘടനയിൽ വലിയ മാറ്റങ്ങളും നിരവധി ചാരിറ്റി പ്രവർത്തനങ്ങളും താങ്കൾ കൊണ്ടുവരികയുണ്ടായി. തിരിഞ്ഞുനോക്കുമ്പോൾ ഏറ്റവും സംതൃപ്തി നൽകിയ നേട്ടം എന്താണ്?**




സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളെ ഉൾപ്പെടുത്തി സംഘടനയെ സജീവമാക്കാൻ സാധിച്ചു എന്നുള്ളതാണ് ഏറ്റവും പ്രധാനം. പുതിയ തലമുറയെയും പുതിയ അംഗങ്ങളെയും കൂടുതൽ സജീവമാക്കാൻ സാധിച്ചു. ചാരിറ്റി പ്രവർത്തനത്തിലൂടെ സഹായം ആവശ്യമുള്ള ആളുകളിൽ എത്തിക്കുവാൻ സാധിച്ചു.

**ഷൈനിയുടെ ഭർത്താവ് രാജു ജോയി ആണ് മഞ്ചിന്റെ ഇപ്പോഴത്തെ പ്രസിഡന്റ്. ഒരേ പ്രവർത്തന വഴികളിൽ തിളങ്ങുന്ന പങ്കാളിയുടെ സാന്നിധ്യം താങ്കളുടെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് എത്രത്തോളം കരുത്തുപകരുന്നുണ്ട്?**

ഒരേ പ്രവർത്തന വഴികളിൽ പ്രവർത്തിക്കുന്ന രണ്ട് പേരുണ്ടെങ്കിൽ പരസ്പരം മനസിലാക്കിയും ആശയങ്ങൾ പങ്കു വെച്ചും തീരുമാനങ്ങൾ ചർച്ച ചെയ്തും മുന്നോട്ടു പോകുവാൻ സാധ്യത കൂടും. ഒരേ മൂല്യങ്ങളും സമൂഹസേവനത്തിനുള്ള മനോഭാവവും പങ്കിടുമ്പോൾ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ സാധിക്കുന്നു.

**ഒരു മികച്ച സംഘാടക എന്നതിലുപരി താങ്കളൊരു ടിവി അവതാരക കൂടിയാണ്. ഈ മാധ്യമപ്രവർത്തന പരിചയം ജനങ്ങളിലേക്കും പ്രവർത്തകരിലേക്കും കൂടുതൽ ഇറങ്ങിച്ചെല്ലാൻ സഹായകമാകുന്നുണ്ടോ?**

തീർച്ചയായും. ആശയം ജനങ്ങളിൽ പകരുവാൻ മാധ്യമ രംഗത്തെ പരിചയം സഹായകമായി.

**പുതിയ തലമുറയിലെ മലയാളി കുട്ടികളെ മലയാളി സംസ്കാരത്തോടും സംഘടനകളോടും അടുപ്പിച്ചു നിർത്താൻ വിമൻസ് ഫോറത്തിന് എന്ത് ചെയ്യാൻ സാധിക്കും?**

കുട്ടികൾക്ക് നമ്മുടെ ഭാഷ, കല, സംഗീതം, നൃത്തം എന്നിവ പരിചയപ്പെടുത്തുന്ന സാംസ്കാരിക പരിപാടികളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുന്നതിന് മുൻതൂക്കം നൽകും.

**കരിയർ, കുടുംബം, സാമൂഹ്യസേവനം എന്നിവയിലെല്ലാം ഒരുപോലെ വിജയം കൈവരിച്ച വ്യക്തിയെന്ന നിലയിൽ, മറ്റു മലയാളി സ്ത്രീകൾക്ക് ഡോ. ഷൈനി രാജുവിന് നൽകാനുള്ള സന്ദേശം എന്താണ്?**

Together we Rise - Together we thrive ഒരുമിച്ചുയരാം , ഒരുമിച്ച് വളരാം.

പ്രധാന സന്ദേശം; നിങ്ങളുടെ സ്വപ്നങ്ങളെ മാറ്റിവെക്കരുത്. കുടുംബ ഉത്തരവാദിത്വങ്ങൾ എത്രത്തോളം പ്രധാനമാണോ അത്പോലെ തന്നെ നിങ്ങളുടെ വ്യക്തിപരമായ വളർച്ചയും പ്രൊഫഷനൽ ജീവിതവും പ്രധാനമാണ്. രണ്ടിനെയും വിരുദ്ധമായി കാണാതെ ഒരുമിച്ച് കൊണ്ടുപോകാനുള്ള മനോഭാവം സൃഷ്ടിക്കുക, പ്രവർത്തിക്കുക.

അതുപോലെ ഫൊക്കാനയിൽ പ്രവർത്തിക്കാൻ മികച്ച അവസരങ്ങൾ നൽകിയ സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, ജോയ് ചാക്കപ്പൻ ടീമിനോട് എന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. ഇത്രയും മികച്ച ഒരു ടീമിനൊപ്പം പ്രവർത്തിക്കാനും പൊതുവായ കാഴ്ചപ്പാടും ലക്ഷ്യങ്ങളും കൈവരിക്കാൻ സംഭാവന നൽകാനും അവസരം നൽകിയത് ഈ ടീമാണ്.




ടീം ഇന്റെഗ്രിറ്റി പാനലിൽ മികവുറ്റ സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത്. പ്രസിഡന്റ് സ്ഥാനാർഥി ഫിലിപ്പോസ് ഫിലിപ്പ്, സന്തോഷ് നായർ (സെക്രട്ടറി), ആന്റോ വർക്കി( ട്രെസ്സുറെർ), ലിൻഡോ ജോളി (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്), ജോസി കാരക്കാട്ടു (വൈസ് പ്രസിഡന്റ്), സോണി അമ്പൂക്കൻ (അസ്സോസിയേറ്റ് സെക്രട്ടറി), അപ്പുക്കുട്ടൻ നായർ (അസ്സോസിയേറ്റ് ട്രെസ്സുറെർ), അജു ഉമ്മൻ (അഡിഷണൽ അസ്സോസിയേറ്റ് സെക്രട്ടറി, ഗ്രേസ് മരിയ ജോസഫ് (അഡിഷണൽ അസ്സോസിയേറ്റ് ട്രഷറർ), തുടങ്ങിയവർ പരിചയസമ്പന്നരും സംഘടനയെ പുതിയ തലത്തിലേക്ക് നയിക്കാൻ പ്രാപ്തരുമാണ്.

നിലപാടുകളിലെ ഇന്റഗ്രിറ്റിയും പ്രതിഭയും പ്രവർത്തനങ്ങളിലെ ‘ഷൈനി’ങും സഹപ്രവർത്തകരിലും സമൂഹത്തിലും ഫൊക്കാനയുടെ വരുംവർഷങ്ങളിലെ വനിതാ മുന്നേറ്റങ്ങളിൽ പുതിയൊരു തലത്തിലേക്ക് ഉയർത്താൻ ഡോ. ഷൈനി രാജുവിന് ഊർജ്ജമാകട്ടെ. വരാനിരിക്കുന്ന തിരഞ്ഞെടുപ്പിലും തുടർപ്രവർത്തനങ്ങളിലും ഡോ. ഷൈനി രാജുവിന് എല്ലാവിധ ആശംസകളും നേരുന്നു.


AMERICAN MEGA SHOW
AURA
2026
SPICE GARDENS BAR & GRILL
INDIAN RESTAURANT
SHOW TIME
JUL-AUG
VIBE ആണ് BRO
DANCE MUSIC COMEDY
GS VIJAYAN
SHOW DIRECTOR
RONNIE RAPHEL
MUSIC DIRECTOR
BIJU DHWANI THARANG
CHOREOGRAPHER
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 988-5834
Flock Trail
All in One Member Management Portal

# തോമസ് ജെ. കൂവള്ളൂരിന്റെ ജീവിത കഥ ഇ-മലയാളി പ്രസിദ്ധീകരിക്കുന്നു




യോഗാ ഗുരുവും സാമൂഹിക - സാംസ്കാരിക പ്രവർത്തകനുമായ തോമസ് ജെ. കൂവള്ളൂരിന്റെ ജീവിത കഥ 'ഗുരു കൂവള്ളൂർ: നീതിയുടെ ജ്വാല' എന്ന പുസ്തകം ഇ-മലയാളി പ്രസിദ്ധീകരിക്കുന്നു.

വ്യത്യസ്ഥ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച തോമസ് കൂവള്ളൂർ, യോഗാചാര്യനെന്ന നിലയിലും സമൂഹത്തിലെ അനീതികൾക്ക് എതിരെ പോരാടുന്ന വിപ്ലവകാരി എന്ന നിലയിലും ശ്രദ്ധേയനാണ്.

ചെറുപ്പകാലം മുതൽ തെറ്റെന്നു തോന്നുന്ന കാര്യങ്ങൾക്ക് എതിരെ പ്രതിഷേധിക്കാനും പോരാടാനും മടി കാട്ടാത്ത തോമസ് കൂവള്ളൂർ അമേരിക്കയിലെത്തിയിട്ടും നിലപാടുകളിൽ മാറ്റം വരുത്തുകയുണ്ടായില്ല. നിലപാടുകളുടെ പേരിൽ വീട് വിട്ടിറങ്ങേണ്ടി വന്ന യൗവന കാലത്തെ വിപ്ലവവീര്യം വാർദ്ധക്യത്തിന്റെ പടിവാതിൽക്കലും കൈമോശം വന്നിട്ടില്ല.

പത്രപ്രവർത്തകനും എഴുത്തുകാരനുമായ പി.വി. ആൽബി ആണ് ശ്രദ്ധേയമായ ഈ ജീവിത കഥ വായനക്കാർക്കായി ഒരുക്കിയത്. കഴിഞ്ഞ മുപ്പതിൽപ്പരം വർഷങ്ങളായി പുസ്തകരചന, വിവർത്തനം, എഡിറ്റിംഗ്. പത്രപ്രവർത്തനം എന്ന മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ആൽബി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ആത്മകഥ 'അഗ്നിച്ചിറകുകൾ' ഉൾപ്പെടെ ഇരുന്നൂറിൽപ്പരം ഇംഗ്ലീഷ് പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. അംബേദ്കർ സമ്പൂർണകൃതികൾ, 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക' എന്നിവയുടെ വിവർത്തനത്തിൽ പങ്കെടുത്തിട്ടുണ്ട്. സ്പേസ് എക്സ് സ്ഥാപകൻ ഇലോൺ മസ്ക്, ലോകപ്രശസ്ത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിംഗ്, മെട്രോമാൻ ഡോ. ഇ. ശ്രീധരൻ തുടങ്ങി നിരവധി പേരുടെ ജീവചരിത്രങ്ങൾ

എഴുതി. പലപ്രമുഖരുടെയും ആത്മകഥയുടെ സഹരചയിതാവാണ്. 'ധനം' ബിസിനസ്സ് ദൈവാരികയുടെ അസിസ്റ്റന്റ് എഡിറ്ററായിരിക്കേ 1997 ൽ വികസനോന്മുഖ പത്രപ്രവർത്തനത്തിനുള്ള അവാർഡ് ലഭിച്ചു.

ശാലോം മീഡിയ ജനറൽ എഡിറ്ററും സൺഡേ ശാലോം യു എസ് എഡിഷന്റെ ആദ്യ എഡിറ്ററുമായിരുന്നു. കൊച്ചിയിലെ കുമ്പളങ്ങിയിൽ 1969 ൽ ജനനം. ഫിസിക്സിൽ എം.എസ്സിയും പത്രപ്രവർത്തനത്തിൽ പി.ജി ഡിപ്ലോമയും നേടി.

ഗുരു കൂവള്ളൂർ - എന്റെ ഗുരുനാഥൻ: ഡോ. വിക്രം മെനാരിയ എഴുതിയ അവതാരിക

സാമൂഹ്യമാധ്യമങ്ങളിലൂടെയാണ് ഞാൻ തോമസ് ജെ. കൂവള്ളൂർ എന്ന വ്യക്തിയെ പരിചയപ്പെട്ടത്. ഈ അമേരിക്കൻ മലയാളി, യോഗയിൽ വളരെ വൈദഗ്ധ്യം ഉള്ളയാളും നിയമത്തിന്റെ വ്യത്യസ്തവശങ്ങളിൽ ആഴമേറിയ അറിവ് നേടിയ വ്യക്തിയുമാണെന്ന് കാലക്രമേണ എനിക്കു മനസ്സിലായി. യോഗയിൽ സാമാന്യം അറിവുനേടി യോഗ പരിശീലിപ്പിക്കുകയും സൗഖ്യത്തിനായി പ്രയോഗിക്കുകയും ചെയ്യുന്ന എനിക്ക് ഇദ്ദേഹത്തിൽനിന്ന് നിരവധി കാര്യങ്ങൾ അധികമായി പഠിക്കാൻ കഴിഞ്ഞു. അതോടെ, ശരിക്കും ഒരു ഗുരുവിനെയാണ് ഞാൻ കണ്ടെത്തിയതെന്ന് മനസ്സിലായി. അന്നുമുതൽ ഗുരു കൂവള്ളൂരിൽ നിന്ന് വളരെ വിലപ്പെട്ട മാർഗനിർദേശങ്ങൾ ഞാൻ സ്വീകരിക്കാനാരംഭിച്ചു.


യോഗയുടെ മേഖല വളരെ വിശാലവും അഗാധവുമാണ്. അതിൽത്തന്നെ ഒരാൾക്ക് ഒരായുഷ്ക്കാലം മുഴുകാൻ സാധിക്കും. പക്ഷേ, ഗുരു കൂവള്ളൂർ അതോടൊപ്പം, സമാന്യജനങ്ങൾക്ക് അർഹതപ്പെട്ട നീതി വാങ്ങിക്കൊടുക്കാനുള്ള നിയമപോരാട്ടങ്ങളിലും ഒരുപോലെ വ്യാപൃതനാണ് എന്ന വസ്തുത ആരിലും അത്ഭുതമുണർത്തും. 'ജസ്റ്റീസ് ഫോർ ഓൾ' എന്ന സംഘടനയിലൂടെ ഗുരുജി സ്വാതന്ത്ര്യത്തിലേക്ക് നയിച്ച നിരവധി ജീവിതങ്ങളെക്കുറിച്ച് ഈ ജീവചരിത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്. ജീവിതസായാഹ്നത്തിൽ സ്വന്തം മതാചാര്യന്മാരാൽത്തന്നെ വഞ്ചിക്കപ്പെട്ട നൂറ്റമ്പത് അമേരിക്കൻ മലയാളികൾക്കായി അദ്ദേഹം യു.എസിലെ പരമോന്നത കോടതികളിലും പോരാട്ടം തുടരുന്നു.




കേരളത്തിലെ ബ്രാഹ്മണ പാരമ്പര്യമുള്ള ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച തോമസ് കൂവള്ളൂർജിയുടെ ജീവിതം ബാല്യം മുതൽ സംഭവബഹുലമാണ് എന്ന് ഈ പുസ്തകം വായിച്ചാൽ മനസ്സിലാകും. സാമൂഹ്യനീതിക്കായുള്ള പോരാട്ടം, സംഘാടനശേഷി, വിദ്യാഭ്യാസത്തിലൂടെയുള്ള അധഃസ്ഥിതരുടെ വിമോചനം, യോഗയിലൂടെയുള്ള സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഉയർച്ച ഒക്കെ ഈ ജീവചരിത്രത്തിൽ വിശദമായി പരാമർശിക്കുന്നു. നമ്മുടെ രാജ്യത്തെ 'വികസിതഭാരതം' എന്ന ലക്ഷ്യത്തിലേക്കു നയിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിജിയുടെ ഒന്നാമത്തെ പാർലമെന്റ് തിരഞ്ഞെടുപ്പു മൽസരകാലം മുതൽ ഒപ്പമുള്ള വ്യക്തികൂടിയാണ് ഗുരു കൂവള്ളൂർ.

നീതി എന്നത് എല്ലാവർക്കും ലഭ്യമല്ലാത്ത നാട്ടിൽ, ആരോഗ്യം എന്നത് ഒരു അസുലഭകാര്യമായ ഈ കാലഘട്ടത്തിൽ ഗുരു കൂവള്ളൂരിന്റെ പ്രസക്തി വളരെ വലുതാണ്. എന്നാൽ, കേരളത്തിലെയും രാജ്യത്താകമാനവുമുള്ള രാഷ്ട്രീയ - സാമൂഹികപശ്ചാത്തലത്തിൽ ഗുരുജി വേണ്ടവിധം അറിയപ്പെട്ടിട്ടില്ല. അതിനുള്ള പ്രധാനപ്പെട്ടൊരു വഴിയാണ് ഈ പുസ്തകം. ഇതിൽനിന്ന് നമ്മുടെ സമൂഹത്തിന് പലതും പഠിക്കാനുണ്ട്. ഈ പുസ്തകം എല്ലാവീടുകളിലും എത്തിയാലേ അതു നടപ്പാകുകയുള്ളൂ. ആ ലക്ഷ്യം നടപ്പാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

ഗുരു കൂവള്ളൂർ: നീതിയുടെ ജ്വാല: എല്ലാ തിങ്കളാഴ്ചയും വായിക്കുക






# ABEL'S GARDEN PVT LTD

**Karimannoor P.O. Thodupuzha, Idukki,**
**Kerala, India PIN. 685581**
**Email/ Phone : hello@abelsgarden.in**
**Tel:+917034413000, +917034643000, +919778050077**

# ഫൊക്കാന പ്രസിഡന്റ് സ്ഥാനത്തേക്ക് ഫിലിപ്പോസ് ഫിലിപ്പ് നാമനിർദേശ പത്രിക സമർപ്പിച്ചു



ന്യൂജേഴ്സി: ഫൊക്കാന 2026-2028 കാലയളവിലേക്കുള്ള പ്രസിഡന്റ് സ്ഥാനാർത്ഥിയായി ഫിലിപ്പോസ് ഫിലിപ്പ് നാമനിർദേശ പത്രിക സമർപ്പിച്ചു. ന്യൂജേഴ്സിയിൽ പ്രത്യേകം സംഘടിപ്പിച്ച ചടങ്ങിൽ ഫൊക്കാന തിരഞ്ഞെടുപ്പ് കമ്മിഷണറായ ബിജു കൊട്ടാരക്കരയ്ക്ക് മുന്നിലായിരുന്നു നാമനിർദേശം നൽകിയത്. വടക്കേ അമേരിക്കയിലെ ഭൂരിഭാഗം അംഗസംഘടനകളുടെയും ശക്തമായ പിന്തുണ ഫിലിപ്പോസ് ഫിലിപ്പിനുണ്ടെന്നും, സംഘടനയെ മുന്നോട്ടു നയിക്കാൻ ഏറ്റവും അനുയോജ്യനായ നേതാവായി അദ്ദേഹത്തെ മലയാളി സമൂഹം കാണുന്നുവെന്നും ചടങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

മൂന്നു പതിറ്റാണ്ടിലേറെയായി ഫൊക്കാനയുടെ വിവിധ തലങ്ങളിലെ പ്രവർത്തനങ്ങളുമായി സജീവമായി ബന്ധപ്പെട്ടിട്ടുള്ള ഫിലിപ്പോസ് ഫിലിപ്പ് മുൻ ജനറൽ സെക്രട്ടറിയും വിവിധ ദേശീയ കമ്മിറ്റികളുടെ ഭാരവാഹിയുമാണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സഹായ പദ്ധതികൾ, യുവജന ശാക്തീകരണം, ലഹരിവിരുദ്ധ ബോധവൽക്കരണം, പ്രവാസി മലയാളികളുടെ അവകാശ സംരക്ഷണം തുടങ്ങിയ മേഖലകളിൽ വ്യക്തമായ പ്രവർത്തനപാരമ്പര്യമുള്ള നേതാവെന്ന നിലയിലാണ് അദ്ദേഹം പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നത്. ഫൊക്കാനയെ ചടങ്ങുകളുടെയും ആഘോഷങ്ങളുടെയും വേദി എന്നതിൽ നിന്ന് ജനോപകാര പ്രവർത്തനങ്ങളുടെ ശക്തമായ ഇടമായി മാറ്റുകയെന്നതാണ് തന്റെ പ്രധാന ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി.

പ്രവാസി മലയാളികൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ, കേരളത്തിൽ വിപുലമായ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ, യുവജനങ്ങൾക്ക് നേതൃത്വ-രാഷ്ട്രീയ അവബോധ പരിശീലനങ്ങൾ, ഇമിഗ്രേഷൻ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ വിദഗ്ധ സമിതികൾ എന്നിവ നടപ്പാക്കുമെന്ന് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു.

ഫൊക്കാനയുടെ 16 റീജിയനുകളിലാകെ മികച്ച പിന്തുണ ലഭിക്കുന്നുണ്ടെന്നും, അംഗസംഘടനകളുടെ വിശ്വാസവും പിന്തുണയും തനിക്ക് ആത്മവിശ്വാസം നൽകുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. സംഘടനയുടെ നിഷ്പക്ഷതയും ജനകീയതയും കൂടുതൽ ശക്തിപ്പെടുത്തി ഫൊക്കാനയെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാനാകുമെന്ന പ്രതീക്ഷയും അദ്ദേഹം പ്രകടിപ്പിച്ചു.

# 'രക്ഷയിൻ സന്തോഷം' എന്ന പുതിയ ക്രിസ്തീയ സംഗീത ആൽബം റിലീസിംഗിന് ഒരുങ്ങുന്നു

സജി പുല്ലാട്

ഹൂസ്റ്റൺ: ക്രിസ്തീയ സംഗീതാ സ്വാദകർക്ക് ആത്മീയ അനുഭവം പകരുന്ന ജെ എൻ മ്യൂസിക് ക്രിയേഷൻസിൻറെ 'രക്ഷയിൻ സന്തോഷം' എന്ന പുതിയ സംഗീത ആൽബം റിലീസ് ചെയ്യാനൊരുങ്ങുന്നു. വിശ്വാസത്തിന്റെയും, രക്ഷയുടെയും, ക്രിസ്തുവിലുള്ള യഥാർത്ഥ സന്തോഷത്തിന്റെയും സന്ദേശം ഹൃദയസ്പർശിയായ വരികളിലൂടെയും മനോഹരമായ സംഗീതത്തിലൂടെയും അവതരിപ്പിക്കുന്നതാണ് ഈ ഗാനം.

ആധുനീക സംഗീതത്തിൻറെ ഭംഗിയും, പരമ്പരാഗത ക്രിസ്തീയ ഭക്തിഗാനങ്ങളുടെ ആത്മീയതയും സമന്വയിപ്പിച്ച് ഒരുക്കിയിരിക്കുന്ന ഗാനത്തിന്റെ രചന ജോജി സാം ജേക്കബും, സംഗീതം സജി പുല്ലാടും നിർവഹിച്ചിരിക്കുന്നു.

അമേരിക്കയിലും, ഇന്ത്യയിലുമായി ചിത്രീകരണം പൂർത്തിയായി വരുന്ന ഈ ആൽബത്തിൽ സജി പുല്ലാടിനൊപ്പം മകൾ ഡോ. ലിൻസ ആൻ സജിയും ചേർന്ന് ആലപിച്ചിരിക്കുന്നു.




അത്യാധുനിക ഓഡിയോ എൻജിനീയറിങ് സംവിധാനങ്ങളാൽ ലോകോത്തര സൗണ്ട് ട്രീറ്റ്മെന്റിലുള്ള 'കുമ്പനാട് മിക്സ് വേവ്സ് ഡിജിറ്റൽ റെക്കോർഡിങ്' സ്റ്റുഡിയോയിൽ

സൗണ്ട് എൻജിനീയർ ജോയൽ ജോകുട്ടൻറെ നേതൃത്വത്തിലാണ് പശ്ചാത്തല സംഗീതവും, എഡിറ്റിങ്ങും പുരോഗമിക്കുന്നത്.

പോസ്റ്റർ ഡിസൈനിങ്-ജോഷി ജോസഫ്, ഓഡിയോ-ജി റ്റി വി ഗ്ലോബൽ, റോജൻ ഉമ്മൻ, വീഡിയോ- രാജ് ഡിജിറ്റൽ മീഡിയയും നിർവഹിച്ചിരിക്കുന്നു.

സംഗീതാസ്വാദകർക്ക് ഒരു പുതിയ അനുഭവം തരുന്ന 'രക്ഷയിൻ സന്തോഷം' എന്ന ഗാനം ആരാധനകളിലും, കൺവെൻഷനുകളിലും പാടി ആരാധിച്ച് ദൈവീകാനുഗ്രഹം പ്രാപിക്കുവാൻ ഈ ഗാനം ശ്രവിക്കുന്ന ഏവരെയും സർവ്വേശ്വരൻ സഹായിക്കട്ടെ.





# ഫിലഡൽഫിയ – കൊച്ചി വിമാന സർവീസിന് പുതിയ പ്രതീക്ഷ

## വർഷങ്ങളായുള്ള ശ്രമങ്ങളിൽ ഓർമ്മാ ഇന്റർനാഷ്ണലിൻറ്റെ സജീവ പങ്കാളിത്തം

മെർളിൻ അഗസ്റ്റിൻ
(പി ആർ ഒ)

ഫിലഡൽഫിയ: ഫിലഡൽഫിയ അന്താരാഷ്ട്ര വിമാനത്താവളത്തിൽ (PHL) നിന്ന് ദോഹ വഴി കൊച്ചിയിലേക്കുള്ള ഖത്തർ എയർവേയ്സ് സർവീസ് 2026 ഓഗസ്റ്റ് 1 മുതൽ പുനരാരംഭിക്കുന്നതായി പ്രഖ്യാപിച്ചതോടെ, അമേരിക്കൻ മലയാളി സമൂഹത്തിന് ഏറെക്കാലമായി കാത്തിരുന്ന ഒരു സുപ്രധാന വാർത്തയാണ് യാഥാർത്ഥ്യമായിരിക്കുന്നത്. പെൻസിൽവേനിയ, ന്യൂജഴ്സി, ഡെലവെയർ എന്നിവിടങ്ങളിലെ ആയിരക്കണക്കിന് മലയാളികൾക്ക് ഈ സർവീസ് വലിയ യാത്രാസൗകര്യം ഒരുക്കുമെന്നാണ് പ്രതീക്ഷ.

ഫിലഡൽഫിയയിൽ നിന്ന് കേരളത്തിലേക്കും ദക്ഷിണേന്ത്യയിലേക്കും കൂടുതൽ മികച്ച വിമാനബന്ധങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യവുമായി ഓർമ്മാ ഇന്റർനാഷ്ണൽ കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി വിവിധ തലങ്ങളിൽ പ്രവർത്തിച്ചുവരികയായിരുന്നു. ഈ വിഷയത്തിൽ നേരിട്ടുള്ള സുപ്രധാന ഇടപെടലുകളും ഔദ്യോഗിക കൂടിക്കാഴ്ചകളും 2015-ൽ ഓർമ്മാ ഇന്റർനാഷ്ണൽ പബ്ലിക് അഫയേഴ്സ് ചെയർ വിൻസന്റ് ഇമ്മാനുവേലിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. അന്നത്തെ ഫിലഡൽഫിയ സിറ്റി കൗൺസിൽ അംഗമായിരുന്ന ഒീ. അഹ ഠമൗയലിയലൃഴലൃൻറെ സഹകരണവും പിന്തുണയും ഈ ശ്രമങ്ങൾക്ക് നിർണ്ണായകമായിരുന്നു.

തുടർന്നുള്ള വർഷങ്ങളിൽ ഓർമ്മാ ഇന്റർനാഷ്ണൽ





നേതാക്കൾ ഫിലഡൽഫിയ അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി നിരവധി തവണ ചർച്ചകൾ നടത്തി. 2023-ലെ ഒരു പ്രധാന കൂടിക്കാഴ്ചയിൽ ഫിലഡൽഫിയാ ഇന്റർനാഷ്ണൽ എയർപോർട്ട് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ അറ്റിഫ് സയീദ്, എയർ സർവീസ് ഡെവലപ്മെന്റ് ഡയറക്ടർ എഡ്ഗാർ ഏരിയാസ്, ഏവിയേഷൻ ഡെപ്യൂട്ടി ഡയറക്ടർ ജെയിംസ് ടിരൽ എന്നിവർ ഇന്ത്യൻ-മലയാളി സമൂഹത്തിന്റെ യാത്രാ ആവശ്യകതകൾ വിശദമായി കേൾക്കുകയും, കേരള മേഖലയിലേക്കുള്ള വിമാന സർവീസുകളുടെ സാധ്യതകൾ സംബന്ധിച്ച് അനുകൂല നിലപാട് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

ആ നിർണായക യോഗത്തിൽ ഓർമ്മാ ഇന്റർനാഷ്ണൽ പബ്ലിക് അഫയേഴ്സ് ചെയർ വിൻസന്റ് ഇമ്മാനുവേലിന്റെ നേതൃത്വത്തിൽ ജോസ് ആറ്റുപുറം (ഓർമ്മാ ഇന്റർനാഷ്ണൽ ട്രസ്റ്റീ ബോർഡ് ചെയർ), സജി സെബാസ്റ്റ്യൻ (ഓർമ്മാ ഇന്റർനാഷ്ണൽ പ്രസിഡന്റ്), ജോർജ് നടവയൽ (മുൻ പ്രസിഡന്റ്), അറ്റേണി ജോസഫ് കുന്നേൽ (ചെയർ ലീഗൽ സെൽ), ജോസ് തോമസ് (ചെയർ ടാലന്റ് പ്രൊമോഷൻ ഫോറം), നൈനാൻ മത്തായി (ചെയർ ചാരിറ്റി ആക്ടിവിറ്റീസ്), ഷൈലാ രാജൻ (ഓർമ്മാ ഫിലഡൽഫിയാ ചാപ്റ്റർ പ്രസിഡന്റ്), ആലീസ് ജോസ് എന്നിവർ മീറ്റിങ്ങിൽ ക്ഷണിതാക്കളായി പങ്കെടുത്തിരുന്നു. ഫിലഡൽഫിയ മേഖലയിലെ ഇന്ത്യൻ-മലയാളി സമൂഹത്തിന്റെ വളർച്ചയും യാത്രാ ആവശ്യകതയും സംബന്ധിച്ച വിവരങ്ങൾ ഈ പ്രതിനിധിസംഘം വിമാനത്താവള അധികൃതർക്ക് സമർപ്പിച്ചിരുന്നു.

അന്നത്തെ ചർച്ചകളുടെ ഭാഗമായി ഓർമ്മാ ഇന്റർനാഷ്ണൽ നാമനിർദ്ദേശം ചെയ്ത അറ്റോർണി ജോസഫ് കുന്നേലിനെ, ഇന്ത്യൻ-മലയാളി-അമേരിക്കൻ സമൂഹത്തിന്റെ പ്രതിനിധിയായി വിമാന സർവീസ് സാധ്യതകൾ പഠിക്കുന്ന പ്രത്യേക ഉപദേശക സമിതിയിലേക്ക് വിമാനത്താവള അധികൃതർ ഉൾപ്പെടുത്തിയതും ശ്രദ്ധേയമായ നേട്ടമായിരുന്നു.



ORMA Representatives at the office of Hon. Al Taubenberger on Feb 8, 2015, for Direct Flight to Cochin from Philadelphia (File Photo)

സമൂഹത്തിന്റെ ആവശ്യങ്ങൾ ഔദ്യോഗിക തലത്തിൽ അവതരിപ്പിക്കാൻ ഇത് സഹായകമായി.

ഇപ്പോൾ ഖത്തർ എയർവേയ്സ് ഫിലഡൽഫിയദോഹ കൊച്ചി സർവീസ് പുനരാരംഭിക്കുന്നതായി പ്രഖ്യാപിച്ച സാഹചര്യത്തിൽ, ഈ തീരുമാനത്തിന്റെ മുഴുവൻ ക്രെഡിറ്റും ഒരു വ്യക്തിക്കോ സംഘടനക്കോ അവകാശപ്പെടാനാകില്ലെങ്കിലും, ഫിലഡൽഫിയയിൽ നിന്ന് കേരളത്തിലേക്കുള്ള വിമാനസൗകര്യത്തിന്റെ ആവശ്യകത വർഷങ്ങളായി വിവിധ അധികാരകേന്ദ്രങ്ങളിൽ തുടർച്ചയായി ഉന്നയിക്കുകയും, വിമാനത്താവള അധികൃതരുമായി നേരിട്ടുള്ള ആശയവിനിമയം നടത്തുകയും, സമൂഹത്തിന്റെ ശബ്ദം നയരൂപീകരണ വേദികളിലെത്തിക്കുകയും ചെയ്ത കൂട്ടായ ശ്രമങ്ങളിൽ ഓർമ്മാ ഇന്റർനാഷ്ണൽ ശ്രദ്ധേയവും സജീവവുമായ പങ്കുവഹിച്ചിട്ടുണ്ടെന്ന് സംഘടന ചൂണ്ടിക്കാട്ടുന്നു. ഫിലഡൽഫിയ മേഖലയിലെ മലയാളി സമൂഹത്തിന്റെ യാത്രാ ആവശ്യകതകൾ സംബന്ധിച്ച വിവരശേഖരണം, വിമാനത്താവള അധികൃതരുമായി നേരിട്ടുള്ള ചർച്ചകൾ, ജനപ്രതിനിധികളുടെയും പ്രാദേശിക ഭരണകൂടങ്ങളുടെയും പിന്തുണ ഉറപ്പാക്കൽ തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിലൂടെ ഈ വിഷയത്തിന് ശക്തമായ പൊതുജന ശ്രദ്ധ ലഭ്യമാക്കുന്നതിൽ സംഘടന നിർണായക പങ്കുവഹിച്ചു. പ്രത്യേകിച്ച് 2015 മുതൽ വിൻസന്റ് ഇമ്മാനുവേലിന്റെ നേതൃത്വത്തിൽ ആരംഭിച്ച സംഘടിത ഇടപെടലുകൾ ഈ ആവശ്യത്തിന് ഒരു വ്യക്തമായ ദിശയും തുടർച്ചയായ മുന്നേറ്റവും നൽകാൻ സഹായിച്ചു.

ഇന്ന് ഖത്തർ എയർവേയ്സ് ഫിലഡൽഫിയദോഹകൊച്ചി സർവീസ് പുനരാരംഭിക്കുന്നതായി പ്രഖ്യാപിച്ചിരിക്കുന്നത് മലയാളി സമൂഹത്തിന്റെ ദീർഘകാല ആഗ്രഹത്തിന് ലഭിച്ച വലിയ അംഗീകാരമായാണ് ഓർമ്മാ ഇന്റർനാഷ്ണൽ വിലയിരുത്തുന്നത്. വർഷങ്ങളായി ഈ വിഷയത്തെ സജീവമായി ഉയർത്തിക്കാട്ടുകയും, സമൂഹത്തിന്റെ ആവശ്യകത ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങളിൽ എത്തിക്കുകയും, വിമാന സർവീസ് വികസനത്തിനായുള്ള സംവാദങ്ങൾക്ക് പ്രചോദനവും ഗതിവേഗവും നൽകുന്നതിൽ ഒരു സുപ്രധാന പങ്ക് വഹിക്കാനായതിൽ ഓർമ്മാ ഇന്റർനാഷ്ണൽ അഭിമാനിക്കുന്നു. ഫിലഡൽഫിയ മേഖലയിലെ മലയാളി സമൂഹത്തിന്റെ താൽപര്യങ്ങൾക്കായി ഭാവിയിലും സമാനമായ പൊതുപ്രവർത്തനങ്ങൾ തുടരുമെന്നും, കേരളത്തിലേക്കും ഇന്ത്യയിലെ മറ്റ് പ്രധാന നഗരങ്ങളിലേക്കും കൂടുതൽ സൗകര്യപ്രദമായ വിമാനബന്ധങ്ങൾ യാഥാർഥ്യമാകുന്നതിനായി ഓർമ്മാ ഇന്റർനാഷ്ണലിൻറ്റെ പ്രവർത്തനങ്ങൾ തുടരുമെന്നു നേതൃത്വം അറിയിച്ചു.



# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs. Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

~~Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US~~ insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഡാലസിലേക്ക് ലോക മലയാളികളെ സ്വാഗതം ചെയ്ത് WMC അമേരിക്കൻ റീജിയൻ

## ആഗസ്റ്റ് 2124 വരെ ഗ്ലോബൽ കോൺഫറൻസിന് ആവേശകരമായ ഒരുക്കങ്ങൾ

പിന്റോ കണ്ണംപള്ളി

ഡാലസ്: ലോകമെമ്പാടുമുള്ള മലയാളികളുടെ മഹാസംഗമമായ വേൾഡ് മലയാളി കൗൺസിൽ (WMC) ഗ്ലോബൽ കോൺഫറൻസ് 2026-ൽ കുടുംബസമേതം പങ്കുചേരാൻ ലോക മലയാളികളോട് അമേരിക്കൻ റീജിയൻ നേതൃത്വം ഹൃദയപൂർവ്വം ആഹ്വാനം ചെയ്തു. ആഗസ്റ്റ് 21 മുതൽ 24 വരെ അമേരിക്കയിലെ ടെക്സാസ് സംസ്ഥാനത്തെ ഡാലസിലുള്ള വിൻധം ഹോട്ടലിൽ നടക്കുന്ന ഈ മഹാസമ്മേളനം, ലോക മലയാളികളുടെ ഐക്യത്തിന്റെയും സഹോദര്യത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും ചരിത്ര മുഹൂർത്തമാകുമെന്ന് നേതാക്കൾ പറഞ്ഞു.

അമേരിക്കൻ റീജിയൻ ചെയർമാൻ ജോണി കുന്നംപുറം, പ്രസിഡന്റ് പിന്റോ കണ്ണംപള്ളി, ജനറൽ സെക്രട്ടറി അനീഷ് ജെയിംസ്, ട്രഷറർ നിവിൻ വിൽഫ്രഡ്



എന്നിവർ സംയുക്തമായി പുറത്തിറക്കിയ വാർത്താക്കുറിപ്പിലാണ് ഈ ആഹ്വാനം.

മൂന്ന് ദശാബ്ദങ്ങളിലേറെയായി ലോക മലയാളി സമൂഹത്തെ ഒരു കുടുംബമായി ചേർത്തുനിർത്തുന്ന വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ കോൺഫറൻസിന് ആതിഥേയത്വം വഹിക്കാൻ അമേരിക്കൻ റീജിയന് ലഭിച്ചിരിക്കുന്ന അവസരം അഭിമാനകരമാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള മലയാളികൾ ഡാലസിൽ ഒത്തുചേർന്ന് സൗഹൃദത്തിന്റെയും സേവനത്തിന്റെയും സംസ്കാരത്തിന്റെയും പുതുചരിത്രം രചിക്കേണ്ട സമയമാണിത്. ഓരോ മലയാളിയും ഈ മഹാസംഗമത്തിന്റെ ഭാഗമാകണം, അമേരിക്കൻ റീജിയൻ നേതാക്കൾ പ്രസ്താവനയിൽ പറഞ്ഞു.

കേരളത്തിന്റെ മുഖ്യമന്ത്രിയായ ബഹുമാനപ്പെട്ട ശ്രീ വി.ഡി. സതീശൻ സമ്മേളനത്തെ അനുഗ്രഹിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി സംഘാടകർ അറിയിച്ചു. ഗതാഗത മന്ത്രി ബഹുമാനപ്പെട്ട ശ്രീ. സി.പി. ജോൺ, പ്രശസ്ത ചലച്ചിത്രതാരം മൈഥിലി റോയ്, കൂടാതെ വിവിധ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങളും വിശിഷ്ടാതിഥികളായി സമ്മേളനത്തിൽ പങ്കെടുക്കും.

സംഘടനയുടെ സ്ഥാപക നേതാക്കന്മാരിൽ ചിലരായ ന്യൂ ജേഴ്സിയിലെ ശ്രീ ആൻഡ്രൂ പാപ്പച്ചനും ടെക്സസിൽ നിന്നുള്ള ജോൺ എബ്രഹാമും സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് സ്ഥിരീകരിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. സംഘടനയുടെ വളർച്ചയ്ക്കും ആശയപാരമ്പര്യത്തിനും അടിത്തറ പാകിയ ഈ നേതാക്കളുടെ സാന്നിധ്യം സമ്മേളനത്തിന് കൂടുതൽ പ്രൗഢിയും ചരിത്രപ്രാധാന്യവും പകരുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, വ്യവസായ പ്രമുഖർ, പ്രൊഫഷണലുകൾ, യുവജനങ്ങൾ, വനിതാ പ്രതിനിധികൾ എന്നിവർ ഒരേ വേദിയിൽ സംഗമിക്കുന്ന ഈ ആഗോള സമ്മേളനം ആശയവിനിമയത്തിന്റെയും ബന്ധവികസനത്തിന്റെയും പുതിയ സാധ്യതകൾ തുറന്നിടുന്ന അപൂർവ വേദിയായിരിക്കും.

സമ്മേളനത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികൾ, കലാവിരുന്നുകൾ, സംഗീത-നൃത്ത അവതരണങ്ങൾ, ഇന്ററാക്ടീവ് ഷോകൾ, പ്രചോദനാത്മക പ്രഭാഷണങ്ങൾ, ചർച്ചാവേദികൾ, യുവജന-വനിതാ ഫോറങ്ങൾ, കുടുംബസംഗമങ്ങൾ, ലോകമെമ്പാടുമുള്ള മലയാളി പ്രതിഭകളെ അണിനിരത്തുന്ന വിസ്മയിപ്പിക്കുന്ന വിനോദപരിപാടികൾ എന്നിവ അരങ്ങേറും.

ലോകമെമ്പാടുമുള്ള റീജിയനുകളിൽ നിന്ന് വൻ പങ്കാളിത്തം പരിപാടിയുടെ മാറ്റുകൂട്ടും എന്ന് സംഘാടകർ അറിയിച്ചു. സമ്മേളനത്തോടനുബന്ധിച്ച് വിവിധ റീജിയനുകളിൽ നിന്നുള്ള പങ്കാളിത്ത പ്രഖ്യാപനങ്ങൾ ഇതിനോടകം ആവേശം സൃഷ്ടിച്ചിട്ടുണ്ട്.

WMC മിഡിൽ ഈസ്റ്റ് റീജിയൻ പ്രസിഡന്റ് ഷൈൻ ചന്ദ്രസേനൻ, തന്റെ റീജിയനിൽ നിന്ന് 100 പ്രതിനിധികളെ ഡാലസിലേക്ക് എത്തിക്കുമെന്ന് ഉറപ്പുനൽകിയതായി അമേരിക്കൻ റീജിയൻ നേതൃത്വം അറിയിച്ചു. സംഘടനയെ ശക്തിപ്പെടുത്താനുള്ള അദ്ദേഹത്തിന്റെ ആത്മാർഥതയുടെയും പ്രതിബദ്ധതയുടെയും തെളിവായാണ് ഈ പ്രഖ്യാപനത്തെ വിലയിരുത്തുന്നത്.

മിഡിൽ ഈസ്റ്റിലെ 13 പ്രവിശ്യകളെ ഏകോപിപ്പിച്ചും അവിടുത്തെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്നും ശ്രദ്ധേയമായ നേതൃത്വം നൽകിയ ഷൈൻ ചന്ദ്രസേനന്, അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുന്ന ജെറോ വർഗീസിന്റെയും രാജേഷ് പിള്ളയുടെയും സമർപ്പണവും സംഘാടക മികവും WMC നേതൃത്വത്തിന്റെ പ്രത്യേക അഭിനന്ദനം നേടി.

അതുപോലെ, ജർമ്മനി, ഇംഗ്ലണ്ട്, അയർലൻഡ് ഉൾപ്പെടെ ഏഴ് പ്രവിശ്യകളിലായി വ്യാപിച്ചുകിടക്കുന്ന യൂറോപ്പ് റീജിയനിൽ നിന്ന് കുറഞ്ഞത് 50 പ്രതിനിധികളെയെങ്കിലും ഡാലസിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന്, നിലവിലെ യൂറോപ്പ് റീജിയൻ പ്രതിനിധി ജോളി തടത്തിൽ സംഘാടക സമിതിയെ അറിയിച്ചു.

ഇന്ത്യ റീജിയനും സമ്മേളനത്തിൽ സജീവ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. നിലവിലെ ഇന്ത്യ റീജിയൻ

കോൺഫറൻസ് കോ കൺവീനർ അറിയിച്ചതനുസരിച്ച്, 20 കുടുംബങ്ങൾ ഇതിനോടകം രജിസ്ട്രേഷൻ പൂർത്തിയാക്കി യാത്രാ ടിക്കറ്റുകൾ ബുക്ക് ചെയ്തുകഴിഞ്ഞു. ഇന്ത്യയിൽ നിന്നുള്ള ഈ ആവേശകരമായ പ്രതികരണം സമ്മേളനത്തിന്റെ സ്വീകാര്യതയെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണെന്ന് സംഘാടകർ ചൂണ്ടിക്കാട്ടി.

WMCയുടെ മഹത്തായ പാരമ്പര്യത്തിലേക്ക് നോക്കിയാൽ, 1995 ജൂലൈ 3-ന് അമേരിക്കയിലെ ന്യൂജേഴ്‌സിയിൽ നടന്ന ആദ്യ ലോക മലയാളി സമ്മേളനത്തിന്റെ സമാപനദിനത്തിലാണ് വേൾഡ് മലയാളി കൗൺസിൽ രൂപംകൊണ്ടത്. അതിനുശേഷം ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തിന്റെ കൂട്ടായ്മയ്ക്കും മാനവിക സേവന പ്രവർത്തനങ്ങൾക്കും സാംസ്കാരിക സംരക്ഷണത്തിനും നേതൃത്വ വികസനത്തിനും വേദിയൊരുക്കിയ സംഘടനയായി WMC വളർന്നു.

കൊച്ചി (1998), ഡാലസ് (2000, 2012), ഡിംഗ്ഡൻ ജർമ്മനി (2002), ബഹ്റൈൻ (2004, 2022), കൊച്ചി (2006), സിംഗപ്പൂർ (2008), ദോഹ (2010), കുമരകം (2014), കൊളംബോ (2016), ബോൺജർമ്മനി (2018), തിരുവനന്തപുരം (2024) എന്നിവിടങ്ങളിലെ വിജയകരമായ സമ്മേളനങ്ങളുടെ തുടർച്ചയായാണ് ഡാലസ് ഗ്ലോബൽ കോൺഫറൻസ് സംഘടിപ്പിക്കുന്നത്.

**ഗ്ലോബൽ നേതൃത്വം**

* ഗോപാല പിള്ള, ചെയർമാൻ

* ജോൺ മാതായി, പ്രസിഡന്റ്

* ക്രിസ്റ്റഫർ വർഗീസ് , ജനറൽ സെക്രട്ടറി

* ശശികുമാർ നായർ, ട്രഷറർ

**കോൺഫറൻസ് കൺവീനർ**

ജോൺസൻ തലച്ചെല്ലൂർ

കോൺഫറൻസ് കോ-കൺവീനർമാർ

* നൈനാൻ മാതായി ഫിലാഡൽഫിയ

* സാം ലൂക്ക് മണ്ണിക്കരോട്ടു ന്യൂയോർക്ക്

* അനീഷ് ജെയിംസ് ന്യൂജേഴ്‌സി

* ജോളി പടയാട്ടിൽ ജർമ്മനി

* ശ്രീജിത്ത് ഇന്ത്യ

* ബാബു തങ്കലത്തിൽ മിഡിൽ ഈസ്റ്റ്

സമ്മേളനത്തിന്റെ വിജയത്തിനായി വിവിധ സബ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു.

രജിസ്ട്രേഷൻ കമ്മിറ്റി (സോണി കണ്ണോത്തുതറ), ഫിനാൻസ് കമ്മിറ്റി (ജോൺസൺ തലച്ചെല്ലൂർ, ജോൺ മാതായി, ഗോപാല പിള്ള), ഫണ്ട് റൈസിംഗ് കമ്മിറ്റി (നൈനാൻ മാതായി, സുകു വർഗീസ്), സുവനീർ കമ്മിറ്റി (സാം മണ്ണിക്കരോട്ടു, ശ്രീജിത്ത് എം.ജി.), പബ്ലിസിറ്റി & പബ്ലിക് റിലേഷൻസ് കമ്മിറ്റി (ക്രിസ്റ്റഫർ വർഗീസ്, Dr. സൂസൻ ചാണ്ടി), ഹോസ്പിറ്റാലിറ്റി കമ്മിറ്റി (സ്മിത ജോസഫ്, മറിയാമ്മ ജോർജ്), ലോജിസ്റ്റിക്സ് കമ്മിറ്റി (ജോസഫ് മാത്യു), റിസപ്ഷൻ കമ്മിറ്റി (ലിജി സോയ്, ശാന്ത പിള്ള, ആലിസ് മഞ്ചേരി, ആൻസി തലച്ചെല്ലൂർ), പ്രോഗ്രാം കമ്മിറ്റി (ശ്രീജിത്ത് എം.ജി., സ്മിത സോണി), കൾച്ചറൽ കമ്മിറ്റി (ആൻസി തലച്ചെല്ലൂർ, അജി പണിക്കർ), ഓഡിയോ-വിഷ്വൽ കമ്മിറ്റി (ജിമ്മി ജോർജ്, അനിയൻകുഞ്ഞ്), ഫോട്ടോഗ്രഫി കമ്മിറ്റി എന്നിവർ സമ്മേളനത്തിന്റെ വിജയത്തിനായി അക്ഷീണം പ്രവർത്തിച്ചുവരികയാണ്.

ഡാലസ് ഗ്ലോബൽ കോൺഫറൻസ് ഒരു സാധാരണ സമ്മേളനമല്ല, മൂന്ന് ദശാബ്ദങ്ങളിലേറെയായി ലോക മലയാളികളുടെ ഹൃദയങ്ങളെ ബന്ധിപ്പിക്കുന്ന മഹത്തായ ആഗോള കുടുംബസംഗമമാണ്.

പഴയ സൗഹൃദങ്ങൾ പുതുക്കാനും പുതിയ ബന്ധങ്ങൾ സൃഷ്ടിക്കാനും, പുതുതലമുറയ്ക്ക് നമ്മുടെ ഭാഷയും സംസ്കാരവും കൈമാറാനും ഈ വേദി അവസരമൊരുക്കും.

അമേരിക്ക റീജിയൻ മുൻ ചെയർമാൻ ചാക്കോ കോയിക്കലത്ത്, ന്യൂ ജേഴ്‌സിയിലെ വിവിധ പ്രൊവിൻസുകളുടെ പ്രസിഡന്റുമാരായ ജോൺ സാംസൺ, ജിനു തരിയൻ എന്നിവരും പ്രമുഖ നേതാക്കളായ ലിബിൻ ബെന്നി, ജേക്കബ് എഫ്രേം, ബോബി തോമസ്, ആലിസ് സ്റ്റീഫൻ തുടങ്ങിയവരും സമ്മേളനത്തിന്റെ വിജയത്തിനായി അശ്രാന്ത പരിശ്രമങ്ങളുമായി രംഗത്തുണ്ടെന്ന് സംഘാടക സമിതി അറിയിച്ചു.

ലോകത്തിന്റെ ഏത് കോണിലായിരുന്നാലും എല്ലാ മലയാളികളെയും കുടുംബസമേതം ഡാലസിലേക്ക് ഹൃദയം നിറഞ്ഞ സ്വാഗതം ചെയ്യുന്നതായി, അമേരിക്കൻ റീജിയൻ ഭാരവാഹികൾ സംയുക്തമായി അറിയിച്ചു.

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।




- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ



21 Year Legacy of Trust & Quality
SINCE 2005
40+ BRANCHES

KERALA'S NO.1 GOLD BUYER

## അച്ചായൻസ് ഗോൾഡ്

916 HALLMARKED JEWELLERY

എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം

**85900 46 916 | 90613 50 916**

www.act ayansgold.in

വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
**BRANDED TROLLEY BAG**
സമ്മാനമായി നൽകുന്നു.
*(4 Lakhs and above*)*




**FOR SPECIAL**
**NRI SERVICES**
CONTACT: **Mr. Shinil Kurian**
**90723 88 173**



# മതസ്വാതന്ത്ര്യം, പരസ്പരത, ഇന്ത്യയുടെ ജനാധിപത്യ വാഗ്ദാനത്തിന്റെ ഭാവി





ജോർജ് എബ്രഹാം

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മതന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ തുടർച്ചയായി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യാവകാശ സംഘടനകളും സഭാസംഘടനകളും സിവിൽ സമൂഹ പ്രവർത്തകരും, ഹിന്ദുത്വ സംഘടനകളുടെ വർധിച്ചുവരുന്ന സ്വാധീനവും അതിനോടനുബന്ധിച്ച് സർക്കാർ സംവിധാനങ്ങളുടെ പ്രതികരണം പര്യാപ്തമല്ലെന്നുമുള്ള ആശങ്കകൾ ആവർത്തിച്ച് പ്രകടിപ്പിച്ചിട്ടുണ്ട്. ഇത്തരം ആശങ്കകൾ ഒറ്റപ്പെട്ട അക്രമസംഭവങ്ങളെക്കാൾ വ്യാപകമായവയാണ്. ഇന്ത്യ റിപ്പബ്ലിക്കായതുമുതൽ എല്ലാ പൗരന്മാർക്കും ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള മതസ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം തുടങ്ങിയ അടിസ്ഥാനാവകാശങ്ങളുടെ സംരക്ഷണത്തെക്കുറിച്ചുള്ള വലിയ ചോദ്യങ്ങളാണ് ഇവ ഉയർത്തുന്നത്.

ഈ സാഹചര്യങ്ങളുടെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിച്ച സമൂഹങ്ങളിൽ ക്രൈസ്തവരും ഉൾപ്പെടുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം, ആരാധനാ ശുശ്രൂഷകൾ തടസ്സപ്പെടുത്തൽ, പള്ളികളും ക്രൈസ്തവ സ്ഥാപനങ്ങളും നശിപ്പിക്കൽ, പാസ്റ്റർമാരെയും സഭാനേതാക്കളെയും വിവിധ നിയമവ്യവസ്ഥകളുടെ പേരിൽ അറസ്റ്റ് ചെയ്യുകയും തടങ്കലിലാക്കുകയും ചെയ്യൽ, സാമൂഹികവും സാമ്പത്തികവുമായ വിവേചനം എന്നിവ ഉൾപ്പെടെയുള്ള സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ചില സാഹചര്യങ്ങളിൽ,

ക്രൈസ്തവ കുടുംബങ്ങളെ സ്വന്തം ഗ്രാമങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തപ്പെടുകയും തൊഴിൽ അവസരങ്ങൾ നിഷേധിക്കപ്പെടുകയും പൊതുസ്രോതസുകളിലേക്കുള്ള പ്രവേശനത്തിൽ നിയന്ത്രണങ്ങൾ നേരിടുകയും തങ്ങളുടെ വിശ്വാസം ഉപേക്ഷിക്കാൻ സമ്മർദം അനുഭവിക്കേണ്ടിവരികയും ചെയ്യുന്നു. മതപരമായ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് ആക്രമണങ്ങളും കൊലപാതകങ്ങളും നടന്നിട്ടുണ്ടെന്ന ആരോപണങ്ങളും ഉയർന്നിട്ടുണ്ട്. എന്നാൽ അത്തരം സംഭവങ്ങളുടെ സാഹചര്യങ്ങളും പ്രേരണകളും പലപ്പോഴും വിവാദവിഷയമായി തുടരുന്നു.

അതേസമയം, അമേരിക്കയിലെ ക്രൈസ്തവ പ്രവാസി സമൂഹത്തിനിടയിൽ പ്രത്യേക ആശങ്ക സൃഷ്ടിച്ച മറ്റൊരു സംഭവവികാസവും ശ്രദ്ധേയമാണ്. കേരളത്തിൽ നടന്ന ചില മതസമ്മേളനങ്ങളിൽ ഇന്ത്യൻ വംശജരായ ഏതാനും പ്രമുഖ ക്രൈസ്തവ നേതാക്കളെ പ്രസംഗിക്കുന്നതിൽ നിന്ന് അധികാരികൾ തടഞ്ഞുവെന്ന റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്. ഇന്ത്യയിൽ ജനിച്ച ഇവർ പിന്നീട് അമേരിക്കൻ പൗരത്വം സ്വീകരിച്ചവരും ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI) പദവി നിലനിർത്തുന്നവരുമാണ്.

നിരവധി നിരീക്ഷകരുടെ അഭിപ്രായത്തിൽ, ഈ സംഭവം ഇന്ത്യയിലെ ജനാധിപത്യ സ്വാതന്ത്ര്യങ്ങളുടെയും മതസ്വാതന്ത്ര്യത്തിന്റെയും നിലവാരത്തെക്കുറിച്ചുള്ള വിശാലമായ ചോദ്യങ്ങളാണ് ഉയർത്തുന്നത്. പ്രത്യേകിച്ച്, ഇത്തരം നടപടികൾ രാജ്യത്തിന്റെ പ്രധാന ശക്തികളിലൊന്നായി ദീർഘകാലമായി കണക്കാക്കപ്പെടുന്ന മതബഹുസ്വരതയുടെ ആത്മാവിന് വിരുദ്ധമാണെന്ന ധാരണ ആശങ്കയുണ്ടാക്കുന്നതാണ്. ഇന്ത്യൻ ഭരണഘടന ഓരോ വ്യക്തിക്കും സ്വന്തം മതം സ്വതന്ത്രമായി പ്രഖ്യാപിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഉറപ്പുനൽകുന്നു. ഏതെങ്കിലും മതവിഭാഗത്തിലെ അംഗങ്ങൾ തങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ നിയന്ത്രണങ്ങളോ അവഗണനയോ അനുഭവിക്കുന്നുവെന്ന തോന്നൽ ഉണ്ടാകുമ്പോൾ, ജനാധിപത്യ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും നിയമത്തിന്റെ തുല്യപ്രയോഗത്തെയും സംബന്ധിച്ച ആശങ്കകൾ സ്വാഭാവികമായും ഉയർന്നുവരുന്നു.

എന്നിരുന്നാലും, രാജ്യാതിർത്തികൾ കടന്നുള്ള മതനേതാക്കളുടെ പരിഗണനയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ വിഷയത്തിന്റെ മറുവശവും പരിശോധിക്കേണ്ടത് അത്രതന്നെ പ്രധാനമാണ്. അമേരിക്കൻ ഐക്യനാടുകൾ ചരിത്രപരമായി മതസ്വാതന്ത്ര്യത്തോടുള്ള ശക്തമായ പ്രതിബദ്ധത പുലർത്തിയിട്ടുള്ള രാജ്യമാണ്. ഇന്ത്യ ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മതനേതാക്കളെ, അവരുടെ മതപരമായ പശ്ചാത്തലം നോക്കാതെ, പൊതുവെ സ്വാഗതം ചെയ്തിട്ടുമുണ്ട്. ആർ–1 (R-1) മതപ്രവർത്തക വിസ പോലുള്ള സംവിധാനങ്ങളിലൂടെ ഹിന്ദു പുരോഹിതന്മാർക്കും ആത്മീയ നേതാക്കൾക്കും മതപ്രവർത്തകർക്കും അമേരിക്കയിലുടനീളമുള്ള ക്ഷേത്രങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും സേവനം ചെയ്യാൻ പതിവായി അനുമതി ലഭിക്കാറുണ്ട്.



ഇതിനുപുറമേ, ഇന്ത്യയിൽ നിന്നുള്ള നിരവധി മതനേതാക്കൾ സന്ദർശക വിസകളിൽ അമേരിക്കയിൽ എത്തി പൊതുയോഗങ്ങളിലും സമ്മേളനങ്ങളിലും മതപരമായ പരിപാടികളിലും പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്യാറുണ്ട്.

ശ്രദ്ധേയമായ കാര്യം, വിവാദപരമായതും വിഭജനപരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നുവെന്ന വിമർശനം ഏറ്റുവാങ്ങിയതുമായ ചില വ്യക്തികൾക്കും പലപ്പോഴും അമേരിക്കയിൽ പ്രവേശനാനുമതി ലഭിച്ചിട്ടുണ്ട്. സാധ്വി ഋതംബര, ശശികല ടീച്ചർ തുടങ്ങിയവർ അമേരിക്കയിൽ യാത്രചെയ്യുകയും പൊതുയോഗങ്ങളിൽ സംസാരിക്കുകയും തങ്ങളുടെ വിവാദപരമായ നിലപാടുകൾ പരസ്യമായി അവതരിപ്പിക്കുകയും

ചെയ്തിട്ടുണ്ട്. അവരുടെ സന്ദേശത്തോട് ഒരാൾ യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. എന്നിരുന്നാലും, അഭിപ്രായസ്വാതന്ത്ര്യത്തിനും മതസ്വാതന്ത്ര്യത്തിനും പ്രതിബദ്ധത പുലർത്തുന്ന ഒരു ജനാധിപത്യ സമൂഹം ഉറപ്പുനൽകുന്ന അവകാശങ്ങളുടെ സംരക്ഷണത്തിൽ അവർക്ക് തങ്ങളുടെ വിശ്വാസങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരം ലഭിച്ചുവെന്നത് ഒരു യാഥാർത്ഥ്യമാണ്.

ഈ പശ്ചാത്തലത്തിലാണ് ഇന്ത്യയിലെ സമീപകാല സംഭവവികാസങ്ങളെ ഇന്ത്യൻ പ്രവാസിസമൂഹത്തിലെ പലരും വിലയിരുത്തുന്നത്. അവർ ലളിതവും എന്നാൽ പ്രാധാന്യമുള്ളതുമായ ഒരു ചോദ്യം ഉന്നയിക്കുന്നു: ഇന്ത്യയിൽ ജനിക്കുകയും, ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI) പദവി നിലനിർത്തുകയും, തങ്ങളുടെ ജന്മനാടുമായി ആഴത്തിലുള്ള സാംസ്കാരികവും കുടുംബപരവുമായ ബന്ധങ്ങൾ തുടരുകയും ചെയ്യുന്ന വ്യക്തികൾക്ക്, സ്വന്തം ജന്മദേശത്ത് നടക്കുന്ന മതസമ്മേളനങ്ങളിൽ സംസാരിക്കാനുള്ള അവസരം നിഷേധിക്കുന്നത് ന്യായമാണോ? ഈ വിഷയത്തിൽ എല്ലാവർക്കും



ഒരേ മാനദണ്ഡമാണോ ബാധകമാക്കപ്പെടുന്നത്, അല്ലെങ്കിൽ സംസാരിക്കുന്ന വ്യക്തിയുടെ മതപരമായ പശ്ചാത്തലത്തെ ആശ്രയിച്ച് വ്യത്യസ്ത മാനദണ്ഡങ്ങളാണോ പ്രയോഗിക്കപ്പെടുന്നത്?

പരസ്പരതയുടെയും അന്താരാഷ്ട്ര ഇടപെടലുകളുടെയും വിശാലമായ പശ്ചാത്തലത്തിൽ ഈ ചോദ്യങ്ങൾ കൂടുതൽ പ്രസക്തമാകുന്നു. ഇന്ത്യ തന്റെ പൗരന്മാർക്ക് കൂടുതൽ ആഗോള സഞ്ചാര സ്വാതന്ത്ര്യം ലഭിക്കണമെന്നും, യാത്രാ സൗകര്യങ്ങൾ കൂടുതൽ ലളിതമാക്കണമെന്നും, എച്ച്-1ബി (H-1B) വിസകൾ ഉൾപ്പെടെ വിദേശ രാജ്യങ്ങളിൽ താമസിക്കാനും ജോലി ചെയ്യാനുമുള്ള അവസരങ്ങൾ വികസിപ്പിക്കണമെന്നും സ്ഥിരമായി ആവശ്യപ്പെടുന്നുണ്ട്. പരസ്പരം ബന്ധിതമായ ഇന്നത്തെ ലോകത്തിൽ ഇത്തരം ആഗ്രഹങ്ങൾ സ്വാഭാവികവും ന്യായവുമാണ്. എന്നാൽ, മറ്റുള്ളവരിൽ നിന്ന് കൂടുതൽ തുറന്ന സമീപനവും സൗകര്യങ്ങളും പ്രതീക്ഷിക്കുന്ന ഒരു രാജ്യം, സ്വന്തം അതിർത്തികൾക്കുള്ളിലും അതേ മനോഭാവം പ്രകടിപ്പിക്കേണ്ടതുണ്ടെന്ന് പല നിരീക്ഷകരും ചൂണ്ടിക്കാണിക്കുന്നു.

പ്രവാസിസമൂഹത്തിലെ പലരും പ്രകടിപ്പിക്കുന്ന ആശങ്ക വിസാനയങ്ങളെയോ ഭരണനിർവഹണ തീരുമാനങ്ങളെയോ സംബന്ധിച്ചതല്ല. മറിച്ച്, ഒരു ജനാധിപത്യ സമൂഹത്തിന്റെ അടിത്തറയാകുന്ന അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ചുള്ളതാണ്. മതപരമായ വ്യക്തിത്വം, സ്ഥാപനബന്ധം, അല്ലെങ്കിൽ അവർ പ്രകടിപ്പിക്കുമെന്ന് കരുതപ്പെടുന്ന ആശയങ്ങൾ എന്നിവയുടെ പേരിൽ മാത്രം മതനേതാക്കളെ സംസാരിക്കുന്നതിൽ നിന്ന് തടയുമ്പോൾ, അഭിപ്രായസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം,

**പ്രവാസിസമൂഹത്തിലെ പലരും പ്രകടിപ്പിക്കുന്ന ആശങ്ക വിസാനയങ്ങളെയോ ഭരണനിർവഹണ തീരുമാനങ്ങളെയോ സംബന്ധിച്ചതല്ല. മറിച്ച്, ഒരു ജനാധിപത്യ സമൂഹത്തിന്റെ അടിത്തറയാകുന്ന അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ചുള്ളതാണ്. മതപരമായ വ്യക്തിത്വം, സ്ഥാപനബന്ധം, അല്ലെങ്കിൽ അവർ പ്രകടിപ്പിക്കുമെന്ന് കരുതപ്പെടുന്ന ആശയങ്ങൾ എന്നിവയുടെ പേരിൽ മാത്രം മതനേതാക്കളെ സംസാരിക്കുന്നതിൽ നിന്ന് തടയുമ്പോൾ, അഭിപ്രായസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, നിയമത്തിന് മുന്നിലുള്ള തുല്യത എന്നിവയെക്കുറിച്ചുള്ള വിപുലമായ ആശങ്കകൾ ഉയർന്നുവരുന്നു.**

**ഇന്ത്യൻ പ്രവാസിസമൂഹവും തങ്ങൾ താമസിക്കുന്ന രാജ്യങ്ങളിൽ മാത്രമല്ല, മാതൃരാജ്യത്തിലും മതസ്വാതന്ത്ര്യത്തിനും എല്ലാവർക്കുമുള്ള തുല്യപരിഗണനയ്ക്കും അനുകൂലമായി തത്ത്വാധിഷ്ഠിതമായ നിലപാട് സ്വീകരിച്ചാൽ, അതിലൂടെ തങ്ങൾക്കും തങ്ങളുടെ മാതൃരാജ്യത്തിനും ഗുണം ചെയ്യുന്നതായിരിക്കും.**

നിയമത്തിന് മുന്നിലുള്ള തുല്യത എന്നിവയെക്കുറിച്ചുള്ള വിപുലമായ ആശങ്കകൾ ഉയർന്നുവരുന്നു.

ഇതിൽ ഉൾപ്പെട്ടിരിക്കുന്നവർ വിദേശികളല്ല, മറിച്ച് ഇന്ത്യയിൽ ജനിക്കുകയും ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI) പദവിയിലൂടെ രാജ്യവുമായി നിയമപരവും വൈകാരികവുമായ ബന്ധം തുടരുകയും ചെയ്യുന്ന വ്യക്തികളാണെന്ന വസ്തുത ഈ ആശങ്കകളെ കൂടുതൽ ഗൗരവമുള്ളതാക്കുന്നു.

മതസ്വാതന്ത്ര്യം, നിയമത്തിന് മുന്നിലുള്ള സമത്വം, മതനിരപേക്ഷ ഭരണസംവിധാനം എന്നീ തത്ത്വങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളാണ്. വ്യത്യസ്ത മതങ്ങളെയും സംസ്കാരങ്ങളെയും കാഴ്ചപ്പാടുകളെയും ഉൾക്കൊള്ളാനുള്ള ഇന്ത്യയുടെ അസാധാരണമായ കഴിവും ബഹുസ്വര പാരമ്പര്യവുമാണ് രാജ്യത്തിന്റെ ആഗോള പ്രതിച്ഛായയ്ക്ക് ദീർഘകാലമായി അടിത്തറയായിരുന്നത്. അതിനാൽ മതപരമായ ആശയ പ്രകടനത്തെ നിയന്ത്രിക്കുകയോ പൊതുമതജീവിതത്തിൽ ചിലർക്കുള്ള പങ്കാളിത്തം തിരഞ്ഞെടുക്കപ്പെട്ട രീതിയിൽ പരിമിതപ്പെടുത്തുകയോ ചെയ്യുന്ന നടപടികൾ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ആദർശങ്ങളുമായി പൂർണമായും പൊരുത്തപ്പെടുന്നുണ്ടോ എന്ന ചോദ്യം ഉയരുന്നത് ന്യായമായതാണ്.

ഒരുപക്ഷേ, ഗൗരവപൂർവമായ ഒരു പുനർവിചിന്തനത്തിന് സമയമായിരിക്കാം. സന്ദർശക മതനേതാക്കൾക്ക് അമേരിക്ക നൽകുന്ന തുറന്ന സമീപനത്തിന് സമാനമായ പ്രതിഫലനം മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിക്കുന്നുണ്ടോ എന്ന ചോദ്യം അമേരിക്ക ഉന്നയിക്കുന്നത് യുക്തിസഹമാണ്. അതിലുപരി, ഇത്തരം നിയന്ത്രണങ്ങൾ രാജ്യത്തിന്റെ ജനാധിപത്യ മൂല്യങ്ങളെ ശക്തിപ്പെടുത്തുകയാണോ അതോ അവയെ ദുർബലപ്പെടുത്തുകയാണോ എന്ന് ഇന്ത്യ തന്നെ ആത്മപരിശോധന നടത്തേണ്ടതുണ്ട്.

ഇന്ത്യൻ പ്രവാസിസമൂഹവും തങ്ങൾ താമസിക്കുന്ന രാജ്യങ്ങളിൽ മാത്രമല്ല, മാതൃരാജ്യത്തിലും മതസ്വാതന്ത്ര്യത്തിനും എല്ലാവർക്കുമുള്ള തുല്യപരിഗണനയ്ക്കും അനുകൂലമായി തത്ത്വാധിഷ്ഠിതമായ നിലപാട് സ്വീകരിച്ചാൽ, അതിലൂടെ തങ്ങൾക്കും തങ്ങളുടെ മാതൃരാജ്യത്തിനും ഗുണം ചെയ്യുന്നതായിരിക്കും. അത്തരം സ്ഥിരതയും നൈതിക സുസ്ഥിരതയും അവരുടെ വാദങ്ങൾക്ക് കൂടുതൽ ധാർമ്മിക വിശ്വാസ്യത നൽകുകയും അവർ സംരക്ഷിക്കാൻ ശ്രമിക്കുന്ന സർവലൗകിക മൂല്യങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും.

ആത്മവിശ്വാസമുള്ള ഒരു ജനാധിപത്യം സമാധാനപരമായ മത സംവാദങ്ങളെ ഭയപ്പെടുന്നില്ല. ജനപ്രിയമല്ലാത്തതോ വിവാദപരമോ ആയ വിശ്വാസങ്ങൾ പോലും വ്യക്തികൾക്ക് സ്വതന്ത്രമായി പ്രകടിപ്പിക്കാനുള്ള അവകാശത്തെ അത് സംരക്ഷിക്കുന്നു.

ഈ സംവാദത്തിന്റെ കാതൽ പ്രത്യേക അവകാശങ്ങളെയോ പ്രത്യേക പരിഗണനയെയോ സംബന്ധിച്ചതല്ല. മറിച്ച്, ഭരണഘടനാ തത്ത്വങ്ങളോടുള്ള വിശ്വസ്തതയെയും അടിസ്ഥാന അവകാശങ്ങളുടെ തുല്യ സംരക്ഷണത്തെയും സംബന്ധിച്ചതാണ്. ഒരാൾ സ്വന്തം ജന്മദേശത്ത് സമാധാനപരമായി തന്റെ ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരം, അദ്ദേഹത്തിന്റെ മതപരമായ തിരിച്ചറിയലിനെയോ രാഷ്ട്രീയ പരിഗണനകളെയോ ആശയപരമായ നിലപാടുകളെയോ ആശ്രയിച്ചായിരിക്കരുത്.

ആത്യന്തികമായി, ഒരു ജനാധിപത്യത്തിന്റെ ശക്തി അളക്കപ്പെടുന്നത് അത് ഭൂരിപക്ഷത്തെ എങ്ങനെ പരിഗണിക്കുന്നു എന്നതുകൊണ്ടല്ല, മറിച്ച് എല്ലാ പൗരന്മാരുടെയും അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും അന്തസ്സിനെയും എത്രമാത്രം ആത്മാർത്ഥമായി സംരക്ഷിക്കുന്നു എന്നതുകൊണ്ടാണ്. ഇന്ത്യയുടെ ജനാധിപത്യ സ്വഭാവവും ബഹുസ്വര പൈതൃകവും സംരക്ഷിക്കപ്പെടുന്നത് ആ പ്രതിബദ്ധതയെ ആശ്രയിച്ചിരിക്കുന്നു.


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# മന്ത്ര കൺവെൻഷൻ: ഹിൽട്ടൺ ഡബിൾട്രീയിൽ വേദിയൊരുങ്ങുന്നു

രഞ്ജിത് ചന്ദ്രശേഖർ

2027 മന്ത്ര ഗ്ലോബൽ ഹിന്ദു കൺവെൻഷൻ ''ശാക്തേയം'' കണക്റ്റിക്കട്ടിലെ സ്റ്റാംഫോർഡിലുള്ള ഹിൽട്ടൺ ഡബിൾട്രീ വേദിയാകും. ജൂലൈ 2 മുതൽ 5 വരെ നടക്കുന്ന കൺവെൻഷനുമായി ബന്ധപ്പെട്ട് മന്ത്രയും ഹിൽട്ടൺ ഡബിൾട്രീയും തമ്മിലുള്ള കരാർ ഒപ്പുവച്ചു.




മന്ത്ര പ്രസിഡന്റ് ശ്രീ. കൃഷ്ണരാജ് മോഹനൻ, സെക്രട്ടറി ഉണ്ണി തൊയക്കാട്ട്, കൺവെൻഷൻ ചെയർ ഷിബു ദിവാകരൻ, ട്രഷറർ സഞ്ജീവ് നായർ, ട്രസ്റ്റി വൈസ് ചെയർ കൊച്ചുണ്ണി ഇളവൻമഠം, ഡയറക്ടർ ബോർഡ് അംഗം അഭിലാഷ് പുളിക്കത്തൊടി, കണക്റ്റിക്കട്ട് ആർ വി പി രഞ്ജിത് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സ്റ്റാംഫോർഡ് നഗരമധ്യത്തിൽ സ്ഥിതി ചെയ്യുന്ന ഹിൽട്ടൺ ഡബിൾട്രീ, വിശാലമായ കൺവെൻഷൻ സെന്റർ, അൻപതിനായിരം സ്‌ക്വയർ ഫീറ്റിലധികം മീറ്റിംഗ് സ്പേസ്, നാനൂറിനടുത്ത് മുറികൾ, ഒരു ഡസനോളം സ്യൂട്ട് റൂമുകൾ, അമേരിക്കയിലെ പ്രധാനപ്പെട്ട നാല് വിമാനത്താവളങ്ങളിലേക്കുള്ള സൗകര്യപ്രദമായ സമീപ്യം എന്നിവ കൊണ്ട് ശ്രദ്ധേയമാണ്.

''അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും മികച്ച ഹൈന്ദവ കൺവെൻഷനുകളിൽ ഒന്നിന് വേദിയാകാൻ എല്ലാ തരത്തിലും അനുയോജ്യമായ കേന്ദ്രമാണ് ഹിൽട്ടൺ ഡബിൾട്രീ,'' എന്ന് മന്ത്ര പ്രസിഡന്റ് ശ്രീ. കൃഷ്ണരാജ് മോഹനൻ അഭിപ്രായപ്പെട്ടു.

താമസത്തിനും ഭക്ഷണത്തിനും മികച്ച സൗകര്യങ്ങൾ, ആത്മീയ നിർവൃതി പകരുന്ന സത്സംഗങ്ങൾ, കലാമൂല്യമേറിയ വിനോദ പരിപാടികൾ, വിവിധ മേഖലകളിൽ മികവ് തെളിയിച്ച പ്രമുഖരുടെ സാന്നിധ്യം എന്നിവയാൽ സമ്പന്നമാകുന്ന ശാക്തേയം 2027 ഹിന്ദു സമ്മേളനത്തിലേക്കുള്ള രജിസ്ട്രേഷൻ പുരോഗമിക്കുന്നു.

# കൽഹാരിയിൽ ചരിത്രമെഴുതാൻ ഒരുങ്ങി ഫൊക്കാന കൺവൻഷൻ 2026:

## കൺവെൻഷൻ ചെയർമാൻ ആൽബർട്ട് ആന്റണി



നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഏറ്റവും വലിയ സംഗമങ്ങളിലൊന്നായ ഫൊക്കാന ഇന്റർനാഷണൽ കൺവെൻഷൻ ഇത്തവണ കുടുംബകേന്ദ്രിതമായ പുതിയ ആശയങ്ങളുമായും ശ്രദ്ധേയമായ സാംസ്കാരിക പരിപാടികളുമായും ചരിത്രം സൃഷ്ടിക്കാൻ ഒരുങ്ങുകയാണ്. അമേരിക്കയിലെ പ്രശസ്തമായ കൽഹാരി റിസോർട്ടിൽ നടക്കുന്ന കൺവെൻഷൻ, സംഘടനാ അംഗങ്ങളെ മാത്രമല്ല, ഫൊക്കാനയ്ക്ക് പുറത്തുള്ള മലയാളി കുടുംബങ്ങളെയും യുവതലമുറയെയും ഒരുമിപ്പിക്കുന്ന വേദിയായി മാറുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ. മോഹിനിയാട്ടത്തിലും ചെണ്ടമേളത്തിലും ഗിന്നസ് റെക്കോർഡ് ലക്ഷ്യമിടുന്ന വമ്പൻ പരിപാടികൾ, കുടുംബങ്ങൾക്ക് അനുയോജ്യമായ റിസോർട്ട് സൗകര്യങ്ങൾ, വനിതാ-യുവജന പങ്കാളിത്തത്തിന് നൽകുന്ന പ്രാധാന്യം എന്നിവയാണ് ഇത്തവണത്തെ പ്രത്യേകതകൾ. കൺവെൻഷന്റെ ഒരുക്കങ്ങൾ, വെല്ലുവിളികൾ, പ്രതീക്ഷകൾ എന്നിവയെക്കുറിച്ച് ഫൊക്കാന കൺവെൻഷൻ ചെയർമാൻ ആൽബർട്ട് ആന്റണി കണ്ണംപിള്ളി സംസാരിക്കുന്നു...

**ഫൊക്കാനയുടെ വരാനിരിക്കുന്ന കൽഹാരി കൺവെൻഷന്റെ ഒരുക്കങ്ങൾ എങ്ങനെയാണ് പുരോഗമിക്കുന്നത്?**

വളരെ സന്തോഷകരമായ രീതിയിലാണ് മുന്നോട്ട് പോകുന്നത്. കഴിഞ്ഞ വർഷം മേയ് മാസത്തിൽ തന്നെ കൽഹാരി കൺവെൻഷന്റെ കിക്കോഫ് നടത്തിയിരുന്നെങ്കിലും കേരള കൺവെൻഷനെ ബാധിക്കാതിരിക്കാൻ സെപ്റ്റംബർ മുതൽ മാത്രമാണ് സജീവമായ പ്രവർത്തനങ്ങളിലേക്ക് കടന്നത്. ആദ്യ ഘട്ടത്തിൽ തന്നെ എല്ലാ റൂമുകളും ബുക്ക് ആയി. പിന്നീട് ആളുകളുടെ അഭ്യർത്ഥനപ്രകാരം അധിക റൂമുകൾ ലഭ്യമാക്കിയെങ്കിലും അവയും വേഗത്തിൽ നിറഞ്ഞു. ഇതിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം, രജിസ്റ്റർ ചെയ്തവരിൽ വലിയൊരു വിഭാഗം ഫൊക്കാനയ്ക്ക് പുറത്തുള്ളവരാണ്. ഫൊക്കാനയെ കൂടുതൽ കുടുംബങ്ങളിലേക്കും പുതിയ തലമുറയിലേക്കും എത്തിക്കുക എന്ന ലക്ഷ്യം വലിയ തോതിൽ വിജയിച്ചുവെന്നാണ് ഞങ്ങളുടെ വിലയിരുത്തൽ.

**ഇത്തവണ കൺവെൻഷൻ നടത്താൻ കൽഹാരി റിസോർട്ട് തിരഞ്ഞെടുക്കാൻ കാരണമെന്താണ്?**

ഈ കൺവെൻഷനെ ഒരു കുടുംബസംഗമവും അവധിക്കാല അനുഭവവുമാക്കി മാറ്റണമെന്നായിരുന്നു ഞങ്ങളുടെ ചിന്ത. കൽഹാരി അമേരിക്കയിലെ ഏറ്റവും വലിയ ഇൻഡോർ വാട്ടർ പാർക്കുകളിലൊന്നുള്ള റിസോർട്ടാണ്. കുട്ടികൾക്കും യുവാക്കൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാനാകുന്ന സൗകര്യങ്ങളുണ്ട്. നഗരങ്ങളുടെ തിരക്കിൽ നിന്ന്

അകന്ന് ശാന്തമായ അന്തരീക്ഷത്തിലാണ് റിസോർട്ട് സ്ഥിതി ചെയ്യുന്നത്. മലനിരകളും മനോഹരമായ സായാഹ്ന കാഴ്ചകളും വിശാലമായ പാർക്കിംഗ് സൗകര്യവും ആയിരക്കണക്കിന് റൂമുകളും ഈ വേദിയുടെ പ്രത്യേകതകളാണ്. കുടുംബങ്ങളോടൊപ്പം സമയം ചെലവഴിക്കാനുള്ള മികച്ച അവസരമാണ് ഇത്.

### രജിസ്ട്രേഷനും താമസ സൗകര്യങ്ങളും സംബന്ധിച്ച സാഹചര്യം എന്താണ്?

റൂമുകളുടെയും കൺവെൻഷൻ രജിസ്ട്രേഷന്റെയും നടപടികൾ പൂർത്തിയായി. ഏർളി ബേർഡ് രജിസ്ട്രേഷൻ ഡിസംബർ 31, 2025 വരെ പ്രഖ്യാപിച്ചിരുന്നെങ്കിലും അതിനു മുമ്പേ എല്ലാ റൂമുകളും വിറ്റുതീർന്നു. സാധാരണയായി ഓഗസ്റ്റ് മാസത്തിൽ ഈ റിസോർട്ടിലെ ഒരു രാത്രിയുടെ നിരക്ക് 700 മുതൽ 800 ഡോളർ വരെയാണ്. എന്നാൽ കുടുംബങ്ങൾക്ക് കൂടുതൽ പ്രാപ്യമാക്കാൻ ഞങ്ങൾ പ്രത്യേക പാക്കേജുകൾ ഒരുക്കി. അത് വലിയൊരു സാമ്പത്തിക വെല്ലുവിളിയായിരുന്നു, പക്ഷേ ഫൊക്കാനയുടെ ഒത്തുചേരലിൽ ഭാഗമാകാൻ ആഗ്രഹിക്കുന്നവർക്ക് മികച്ച അനുഭവം നൽകുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം.

### ഇത്തവണത്തെ പ്രധാന ആകർഷണങ്ങൾ ഏതൊക്കെയാണ്?

രണ്ട് മെഗാ ഇവന്റുകളാണ് പ്രത്യേക ശ്രദ്ധ നേടുന്നത്. ഒന്നാമത്തേത് മോഹിനിയാട്ടത്തിലൂടെ ഗിന്നസ് റെക്കോർഡ് സൃഷ്ടിക്കാനുള്ള ശ്രമമാണ്. ആദ്യം 400-500 പേരെ പ്രതീക്ഷിച്ചിരുന്നെങ്കിലും രജിസ്ട്രേഷൻ അവസാനിക്കുമ്പോൾ 1000 ത്തിൽ അധികം പേർ ഇതിൽ ചേർന്നു. നോർത്ത് അമേരിക്കയിൽ ഇത്രയധികം പേർ മോഹിനിയാട്ടത്തിൽ താൽപര്യം കാണിക്കുന്നത് തന്നെ അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. രണ്ടാമത്തേത് ചെണ്ടമേളമാണ്. അതിലും ഏകദേശം 500 ൽ കൂടുതൽ താളമേളക്കാർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്കാരത്തെ അടുത്ത തലമുറയിലേക്ക് കൈമാറാനുള്ള വലിയ അവസരമായിരിക്കും ഈ രണ്ട് പരിപാടികളും. എല്ലാ പ്രധാന പരിപാടികളും ഇൻഡോർ സംവിധാനത്തിലാണ് നടക്കുന്നത്. രജിസ്റ്റർ ചെയ്തവർക്കു മാത്രമേ പ്രവേശനമുണ്ടാകൂ. റിസോർട്ടിന്റെ സുരക്ഷാ മാനദണ്ഡങ്ങൾ വളരെ കർശനമാണ്. നിയന്ത്രിത പ്രവേശനവും പ്രൊഫഷണൽ സുരക്ഷാ സംവിധാനങ്ങളും ഉള്ളതിനാൽ എല്ലാവർക്കും സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കാൻ സാധിക്കും.



പ്രസിഡന്റ് സജിമോൻ ആന്റണിയുടെ ഒരു വിഷനോടും മിഷനോടും കൂടിയുള്ള പ്രവർത്തനം ഫൊക്കാന ഇന്ന് പുതിയ തലത്തിൽ എത്തിക്കഴിഞ്ഞു.

### വനിതകളുടെ പങ്കാളിത്തം വർധിപ്പിക്കാൻ പ്രത്യേക പദ്ധതികളുണ്ടോ?

തീർച്ചയായും. ഫൊക്കാനയുടെ വിമൻസ് ഫോറം വളരെ സജീവമായി പ്രവർത്തിക്കുന്നു. യുവതികൾക്കായുള്ള മിസ് ഫൊക്കാന മത്സരം, സ്ത്രീകളുടെ ബ്യൂട്ടി പേജന്റായ 'മലയാളി മങ്ക' എന്നിങ്ങനെ വനിതാ കേന്ദ്രീകൃത പരിപാടികൾ ഈ വർഷവും ഉണ്ടാകും. വനിതകളുടെ കഴിവുകളും നേതൃത്വവും കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന നിരവധി പരിപാടികൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

### സുവനീറിനെക്കുറിച്ച് പറയാമോ?

സുവനീറിന്റെ പ്രവർത്തനങ്ങൾ പ്രത്യേക കമ്മിറ്റിയാണ് കൈകാര്യം ചെയ്യുന്നത്. രചനകൾ സ്വീകരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. സുവനീറിന്റെ പ്രകാശനം കൺവെൻഷൻ വേദിയിൽ വെച്ചുതന്നെയായിരിക്കും.

### ഇത്ര വലിയൊരു കൺവെൻഷന്റെ നേതൃത്വം വഹിക്കുമ്പോൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്താണ്?

ഇത് വലിയ ഉത്തരവാദിത്തമാണ്. സാമ്പത്തികമായും സംഘടനാപരമായും നിരവധി ഘടകങ്ങൾ ഇതിലുണ്ട്. അതുകൊണ്ടുതന്നെ എല്ലാ കാര്യങ്ങളിലും വ്യക്തതയും കൃത്യമായ ആസൂത്രണവും ഉറപ്പാക്കുകയാണ് ചെയ്യുന്നത്. ഒരാൾക്ക് മാത്രം ചെയ്യാനാകുന്ന കാര്യമല്ല ഇത്. മികച്ച സംഘത്തെ രൂപീകരിച്ച് ഉത്തരവാദിത്തങ്ങൾ പങ്കുവെച്ചാണ് ഞങ്ങൾ മുന്നോട്ട് പോകുന്നത്. അതിന്റെ ഫലമാണ് ഇതുവരെ ലഭിച്ച മികച്ച പ്രതികരണവും

വിജയവും. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി,ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയ് ചാക്കപ്പൻ എന്നിവർ ഉൾപ്പെടെ ഭരണസമിതി അംഗങ്ങൾ എല്ലാവരും തന്നെ നല്ലരീതിയിൽ കൂടെനിൽക്കുന്നത് വലിയ കരുത്താണ്. യാതൊരുവിധ അംഗീകാരവും പ്രതീക്ഷിക്കാതെ ആത്മാർത്ഥമായി ഒപ്പം നിൽക്കുന്ന സുഹൃത്തുക്കളുടെയും സംഘടനാപ്രവർത്തകരുടെയും സമയത്തിനും പരിശ്രമത്തിനും എത്ര നന്ദി പറഞ്ഞാലും മതിയാകില്ല. സ്പോൺസർമാരുടെ അകമഴിഞ്ഞ പിന്തുണയും ഈ അവസരത്തിൽ എടുത്തു പറയാൻ ആഗ്രഹിക്കുന്നു.

### കുടുംബത്തിന്റെ പിന്തുണ?

ഇത്ര വലിയൊരു കൺവെൻഷന്റെ ചുമതല ഏറ്റെടുക്കുമ്പോൾ കുടുംബത്തിന്റെ പിന്തുണ വളരെ വിലപ്പെട്ടതാണ്. ഭാര്യ ഷൈനി ഒരു ആശുപത്രിയിൽ സീനിയർ സിസ്റ്റം ആപ്ലിക്കേഷൻ അനലിസ്റ്റായി ജോലി ചെയ്യുകയാണ്. മൂത്ത മകൾ ആൻമരിയ ലോ സ്കൂൾ പഠനം പൂർത്തിയാക്കി അറ്റോർണിയായി കരിയർ ആരംഭിക്കുന്ന ഘട്ടത്തിലാണ്. മകൻ അലോഷ്യസ്. മൂന്നാം വർഷ കോളജ് വിദ്യാർത്ഥിയാണ്. കുടുംബത്തിലെ ഓരോരുത്തരുടെയും താൽപര്യങ്ങളും കാഴ്ചപ്പാടുകളും മനസിലാക്കിക്കൊണ്ടാണ് സ്ത്രീകൾക്കും യുവജനങ്ങൾക്കും കുടുംബങ്ങൾക്കും ഒരുപോലെ ആകർഷകമായ ഒരു കൺവെൻഷൻ വിഭാവനം ചെയ്യാൻ സാധിച്ചത്.

കുടുംബാംഗങ്ങളുടെ താൽപര്യങ്ങൾ മനസിലാക്കി അതിനെ കൺവെൻഷൻ ആസൂത്രണത്തിന്റെ ഭാഗമാക്കിയത് ഇത്തവണ സ്ത്രീകൾക്കും യുവാക്കൾക്കും കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാനാകുന്ന പരിപാടികൾക്ക് പ്രാധാന്യം നൽകാൻ സഹായകമായിട്ടുണ്ട്. ഫൊക്കാനയുടെ ഭാവി കുടുംബങ്ങളിലൂടെയും യുവതലമുറയിലൂടെയുമാണ് വളരേണ്ടത്. അതുകൊണ്ടാണ് എല്ലാവർക്കും തങ്ങളുടെതായ ഇടവും അനുഭവവും ലഭിക്കുന്ന തരത്തിൽ കൺവെൻഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.




### കൺവെൻഷന്റെ ബിസിനസ്, സാമൂഹിക, ബൗദ്ധിക പരിപാടികളെക്കുറിച്ച് പറയാമോ?

ഫൊക്കാന കൺവെൻഷൻ ഒരു സാംസ്കാരിക ആഘോഷം മാത്രമല്ല, സമൂഹത്തിന്റെ വിവിധ മേഖലകളെ ഒരുമിപ്പിക്കുന്ന വേദികൂടിയാണ്. ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള മുഖ്യമന്ത്രി, വിവിധ കേന്ദ്ര-സംസ്ഥാന ജനപ്രതിനിധികൾ, എംപിമാർ, എംഎൽഎമാർ തുടങ്ങിയ പ്രമുഖരെ കൺവെൻഷനിലേക്ക് ക്ഷണിച്ചിട്ടുണ്ട്. പദ്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ, പ്രമുഖ വ്യവസായി എം. എ. യൂസഫലിയും കൺവെൻഷനിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇത്തവണ യുവതലമുറയ്ക്ക് ഏറെ പ്രയോജനപ്പെടുന്ന രീതിയിലാണ് ബിസിനസ് മീറ്റ് ആസൂത്രണം ചെയ്തിരിക്കുന്നത്. സംരംഭകത്വത്തിലും തൊഴിൽ സാധ്യതകളിലും താൽപര്യമുള്ള യുവാക്കൾക്ക് പ്രമുഖ ബിസിനസ് നേതാക്കളുമായി ആശയവിനിമയം നടത്താനും പുതിയ അവസരങ്ങൾ കണ്ടെത്താനും ഇത് സഹായകരമാകും.

അതോടൊപ്പം സാഹിത്യ സെമിനാർ, മീഡിയ സെമിനാർ തുടങ്ങിയ ബൗദ്ധിക ചർച്ചകളും സംഘടിപ്പിക്കുന്നുണ്ട്. വിവിധ മേഖലകളിലെ വിദഗ്ധർ പങ്കെടുക്കുന്ന ഈ സെഷനുകൾ അമേരിക്കൻ മലയാളി സമൂഹം നേരിടുന്ന സമകാലിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ആശയവിനിമയത്തിനും വേദിയാകും. കുടുംബങ്ങൾക്കും യുവജനങ്ങൾക്കും പ്രൊഫഷണലുകൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന സമഗ്രമായ ഒരു കൺവെൻഷനാണ് ഉദ്ദേശിക്കുന്നത്.

### കൺവെൻഷനിൽ പങ്കെടുക്കുന്നവർക്കുള്ള താങ്കളുടെ സന്ദേശം?

ഇത് ഒരു സാധാരണ സമ്മേളനമായി മാത്രം കാണരുത്. കുടുംബങ്ങൾക്കും യുവതലമുറയ്ക്കും ഒരുമിച്ച് സമയം ചെലവഴിക്കാനും നമ്മുടെ സംസ്കാരവും പാരമ്പര്യവും ആഘോഷിക്കാനും ഉള്ള വലിയ അവസരമാണ്. നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യവും ശക്തിയും ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്ന വേദിയായിരിക്കും ഈ കൺവെൻഷൻ. എല്ലാവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.



# Save $894.*
# Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States**
**NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

# നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ ബെസ്ററ് പാരിഷ് അവാർഡ് ഡിട്രോയിറ്റ് മാർത്തോമ്മാ പള്ളിക്ക്



അലൻ ചെന്നിത്തല

മിഷിഗൺ: മാർത്തോമ്മാ സുറിയാനി സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിലെ ഏറ്റവും മികച്ച ഇടവകക്കുള്ള ബെസ്ററ് പാരിഷ് അവാർഡ് സുവർണ്ണ ജൂബിലി ആഘോഷിക്കാൻ പോകുന്ന ഡിട്രോയിറ്റ് മാർത്തോമ്മാ ചർച്ചിനു ലഭിച്ചു. ഇടവക ജനങ്ങളുടെ ആത്മീയ പരിപോഷണത്തിനായ് ആരാധനയിലൂടെയും വചന പഠനത്തിലൂടെയും ഇടവക തലത്തിൽ നടത്തപ്പെട്ട പരിപാടികൾ, സാമൂഹ്യ നന്മക്കായി നടപ്പാക്കിയ ജീവ കാരുണ്യ പദ്ധതികൾ, സാമ്പത്തിക ഇടപാടുകളുടെ സുതാര്യതയും ഒപ്പം ജനങ്ങളുടെ പങ്കാളിത്തത്തോടെ വ്യത്യസ്തമായ പ്രോഗ്രാമുകൾ നടപ്പാക്കാൻ പാരിഷ് ഭാരവാഹികൾ നൽകിയ മികച്ച നേതൃത്വം, ഭദ്രാസന പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവ പരിഗണിച്ചാണ് ഈ അവാർഡ്. ഭദ്രാസന അസംബ്ലി സമ്മേളനത്തിൽ വെച്ച് ഭദ്രാസന അദ്ധ്യക്ഷൻ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായിൽ നിന്നും ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവക വികാരി റവ. ജോബിൻ ജോസ്, ഭദ്രാസന കൗൺസിൽ അംഗങ്ങളായ ബോബൻ ജോർജ്, ഷോൺ തോമസ്, യൂത്ത് ഫെലോഷിപ്പ് ഭദ്രാസന സെക്രട്ടറിയും അസംബ്ലി അംഗവുമായ ഇവാഞ്ചലിൻ ജോൺ എന്നിവർ അവാർഡ് ഏറ്റുവാങ്ങി. അതേതുടർന്ന് ഡിട്രോയിറ്റ് മാർത്തോമ്മാ പള്ളിയിലെ

ആരാധനക്ക് ശേഷം വികാരി റവ. ജോബിൻ ജോസിൽ നിന്നും ഇടവക ഭാരവാഹികൾക്കു വേണ്ടി സെക്രട്ടറി വിനോദ് തോമസ്, ലെയ്‌ലീഡർ വർഗീസ് എബ്രഹാം, അക്കൗണ്ട് ട്രസ്റ്റി ബോബൻ ജോർജ് എന്നിവർ അവാർഡ് സ്വീകരിച്ചു. അര നൂറ്റാണ്ട് പിന്നിടുന്ന ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവക നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന് മികച്ച പിൻതുണയും നേതൃത്വവും നൽകുന്ന ഇടവകയാണ്. 2026-2029 വർഷത്തേക്കുള്ള ഭദ്രാസന കൗൺസിൽ തിരഞ്ഞെടുപ്പിൽ ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവക അംഗമായ ഷോൺ തോമസ് നോർത്ത് അമേരിക്കൻ ഭദ്രാസന കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരുപാടികളാണ് ക്രമീകരിക്കുന്നത് എന്ന് ഇടവക ഭാരവാഹികൾ അറിയിച്ചു.








Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# അനു സ്കറിയ
## ഫോമാ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു

ന്യൂയോർക്ക്: അമേരിക്കൻ മലയാളി സമൂഹത്തിൽ സജീവ സാന്നിധ്യവും രണ്ട് പതിറ്റാണ്ടിലേറെ നീണ്ട സാമൂഹിക-സംഘടനാ പ്രവർത്തന പരിചയവും ഉള്ള അനു സ്കറിയ, ഫോമാ (FOMAA) 2026–2028 കാലയളവിലേക്കുള്ള ജനറൽ സെക്രട്ടറി സ്ഥാനത്തേക്കുള്ള തന്റെ നാമനിർദ്ദേശപത്രിക ഔദ്യോഗികമായി സമർപ്പിച്ചു.

ന്യൂയോർക്ക് മെട്രോ റീജിയൻ കൺവെൻഷൻ കിക്ക്-ഓഫിന്റെയും FOMAA New York Metro Region സംഘടിപ്പിച്ച Regional Convention - Family Fest '26-ലെയും സ്ഥാനാർത്ഥി സംവാദ പരിപാടിക്ക് ശേഷമാണ് അനു സ്കറിയ തന്റെ നാമനിർദ്ദേശപത്രിക ഇലക്ഷൻ കമ്മീഷണർ മാത്യു ജോഷക്ക് (ബോബി) സമർപ്പിച്ചത്.




ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, മുൻ ഫോമാ പ്രസിഡന്റ് ജോൺ ഊരാളിൽ, മുൻ ഫോമാ ട്രഷറർ തോമസ് ടി. ഉമ്മൻ, ന്യൂയോർക്ക് മെട്രോ റീജിയൻ നേതാക്കളായ ജെയിംസ് മാത്യു, ജിബി മാത്യു, ഫിലിപ്പ് മഠത്തിൽ, എംപയർ റീജിയൻ പ്രതിനിധി മോളമ്മ വർഗീസ്, ഞഅജയുടെ മുൻ പ്രസിഡന്റും നിലവിലെ ബോർഡ് ഓഫ് ട്രസ്റ്റീ അംഗവുമായ തോമസ് ചാണ്ടി എന്നിവർ സന്നിഹിതരായിരുന്നു.

ടീം പ്രോമിസിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് സ്ഥാനാർത്ഥി മാത്യു വർഗീസ്, ട്രഷറർ സ്ഥാനാർത്ഥി ബിനോയ് തോമസ്, വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ജോൺസൺ വി. ജോസഫ്, ജോയിന്റ് സെക്രട്ടറി സ്ഥാനാർത്ഥി രേഷ്മ രഞ്ജൻ, ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥി ടിറ്റോ ജോൺ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. നാമനിർദ്ദേശ സമർപ്പണ വേളയിൽ സന്നിഹിതരായ നേതാക്കളും പ്രവർത്തകരും അനു സ്കറിയയ്ക്ക് ആശംസകളും പിന്തുണയും അറിയിച്ചു.

മാത്യു വർഗീസിന്റെ നേതൃത്വത്തിലുള്ള ടീം പ്രോമിസിന്റെ ഭാഗമായാണ് അനു സ്കറിയ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്നത്. സംഘടനാ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുക, അംഗസംഘടനകളുമായുള്ള ആശയവിനിമയം ശക്തിപ്പെടുത്തുക, യുവജന-വനിതാ നേതൃത്വ വികസനം പ്രോത്സാഹിപ്പിക്കുക, അംഗസംഘടനകളെ കൂടുതൽ ശാക്തീകരിക്കുക എന്നിവ ലക്ഷ്യമിട്ടുള്ള ടീം പ്രോമിസിന്റെ പ്രധാന സ്ഥാനാർഥികളിലൊരാളാണ് അദ്ദേഹം.

നേതാക്കളും അംഗങ്ങളും തനിക്കു നൽകിയ പിന്തുണയ്ക്കു ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി. സുതാര്യത, ഉത്തരവാദിത്വം, വിശ്വാസ്യത, സേവന മനോഭാവം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഫോമയെ കൂടുതൽ ശക്തവും ജനകീയവുമായ സംഘടനയാക്കി വളർത്താൻ താൻ പ്രതിജ്ഞാബദ്ധനാണെന്ന് അദ്ദേഹം പറഞ്ഞു.

യുവജനങ്ങൾക്കും വനിതകൾക്കും കൂടുതൽ നേതൃത്വ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അംഗസംഘടനകൾ തമ്മിലുള്ള ഐക്യവും സഹകരണവും ശക്തിപ്പെടുത്തുന്നതിനും ദേശീയ നേതൃത്വവും അംഗസംഘടനകളും തമ്മിലുള്ള ആശയവിനിമയം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രത്യേക പ്രാധാന്യം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രവർത്തന മേഖലയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അനു സ്കറിയ, 26 വർഷത്തിലേറെയായി ഇൻഫർമേഷൻ ടെക്നോളജി (IT) രംഗത്ത് പ്രവർത്തിച്ചുവരുന്നു. സാങ്കേതിക രംഗത്തെ വിപുലമായ അനുഭവസമ്പത്ത് ഫോമയുടെ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുകയും ദേശീയ നേതൃത്വവും അംഗസംഘടനകളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് തന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നെന്ന് അദ്ദേഹം വ്യക്തമാക്കി.

ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഫോമയും അംഗസംഘടനകളും തമ്മിലുള്ള ആശയവിനിമയം കൂടുതൽ കാര്യക്ഷമവും സുതാര്യവും സജീവവുമാക്കാൻ കഴിയുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു. സംഘടനയുടെ വിവിധ തലങ്ങളിലുള്ള അംഗങ്ങളെ കൂടുതൽ അടുത്ത് ബന്ധിപ്പിക്കുന്നതിലും വിവര വിനിമയം സുഗമമാക്കുന്നതിലും സാങ്കേതിക വിദ്യ നിർണായക പങ്കുവഹിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

MAPലും ഫോമയിലും നിരവധി നേതൃത്വ ചുമതലകൾ വിജയകരമായി വഹിച്ചിട്ടുള്ള അനു സ്കറിയ, ഫോമാ യൂത്ത് ഫോറം ചെയർമാൻ, നാഷണൽ കപ്പിൾസ് ഷോ കോർഡിനേറ്റർ, ഫോമാ ഇലക്ഷൻ കമ്മീഷണർ തുടങ്ങിയ വിവിധ ദേശീയ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2020-2022 കാലഘട്ടത്തിൽ ഫോമയുടെ ദേശീയ യൂത്ത് ഫോറം പ്രവർത്തനങ്ങൾക്ക് പുതുജീവൻ നൽകുന്നതിലും യുവജന നേതൃത്വ വികസനത്തിന് ശക്തമായ അടിത്തറ ഒരുക്കുന്നതിലും അദ്ദേഹം നിർണായക പങ്കുവഹിച്ചു.

2021-ൽ ഫോമയുടെ നേതൃത്വത്തിൽ അമേരിക്കയിലെ മലയാളി സംഘടനകളുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഗോൾഫ് ടൂർണമെന്റുകളിൽ ഒന്നിന് നേതൃത്വം നൽകിയതും അദ്ദേഹത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണ്. 2024-ൽ ഫോമാ ഇലക്ഷൻ കമ്മീഷണറായി സുതാര്യവും വിശ്വാസ്യതയുള്ളതുമായ തിരഞ്ഞെടുപ്പ് പ്രക്രിയ ഉറപ്പാക്കുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു. 2025-ൽ വിദ്യാർത്ഥികൾക്കായുള്ള ''ഫോമാ സമ്മർ ടു കേരള'' പദ്ധതിയുടെ ദേശീയ ചെയർമാനായും സേവനം അനുഷ്ഠിച്ചു.

സാമൂഹികവും മതപരവുമായ മേഖലകളിലും സജീവ സാന്നിധ്യമായ അനു സ്കറിയ, കോവിഡ് മഹാമാരിക്കാലത്ത് ആശുപത്രികൾക്കും ആരോഗ്യ കേന്ദ്രങ്ങൾക്കും ഭക്ഷണവും PPE കിറ്റുകളും എത്തിക്കുന്നതിനും സൗജന്യ കോവിഡ് വാക്സിൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നേതൃത്വം നൽകി. നിലവിൽ മാർത്തോമാ ഡയോസിസ് ഓഫ് നോർത്ത് അമേരിക്കയുടെ റീജിയണൽ സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്നു.

അനു സ്കറിയയുടെ സ്ഥാനാർഥിത്വം അദ്ദേഹത്തിന്റെ ദീർഘകാല സംഘടനാ-സാമൂഹിക പ്രവർത്തനങ്ങളുടെ സ്വാഭാവിക തുടർച്ചയായാണ് സമൂഹം വിലയിരുത്തുന്നത്. ജനങ്ങളെ ഒന്നിപ്പിക്കുന്ന നേതാവെന്ന നിലയിൽ അറിയപ്പെടുന്ന അദ്ദേഹം, ഭിന്നതകളേക്കാൾ ഐക്യത്തിനും സഹകരണത്തിനും പ്രാധാന്യം നൽകുന്ന വ്യക്തിത്വമാണ്.

യുവജന നേതൃത്വ വികസനം, വനിതാ പങ്കാളിത്തം, ശക്തമായ സംഘടനാ ബന്ധങ്ങൾ, തന്ത്രപരമായ ആസൂത്രണം, അച്ചടക്കമുള്ള പ്രവർത്തനരീതി എന്നിവയാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ മുഖമുദ്രകൾ.


ഫോമാ 2026-2028 തിരഞ്ഞെടുപ്പിനായുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ, അനു സ്കറിയയുടെ നാമനിർദ്ദേശ സമർപ്പണം സംഘടനാ രംഗത്ത് ശ്രദ്ധേയമായ ചർച്ചകൾക്കും പ്രതീക്ഷകൾക്കും വഴിവെച്ചിരിക്കുകയാണ്.



# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®
You're in good hands.

CALL
**718 831 6500**


**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

# ഷിക്കാഗോ സീറോ മലബാർ രൂപതാ രജത ജൂബിലി കൺവൻഷൻ :

## തിരശീല ഉയരാൻ ഇനി വെറും 30 ദിനങ്ങൾ




**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: ഇന്ത്യയ്ക്ക് പുറത്തു സ്ഥാപിതമായ പ്രഥമ സീറോ മലബാർ രൂപതയായ ‘‘സീറോ മലബാർ സെന്റ് തോമസ് കത്തോലിക്കാ എപ്പാർക്കിയുടെ’’ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഷിക്കാഗോയിൽ നടക്കുന്ന സീറോ മലബാർ കൺവൻഷന് ഇനി വെറും മുപ്പത് ദിവസങ്ങൾ മാത്രം.

ഷിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിൽ ജൂലൈ 9, 10, 11, 12 (വ്യാഴം മുതൽ ഞായർ വരെ) തീയതികളിലാണ് കൺവൻഷൻ നടക്കുന്നത്. രൂപതയുടെ പ്രഥമ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക

ജൂബിലിയും ഇതോടനുബന്ധിച്ച് ആഘോഷിക്കും.

കഴിഞ്ഞ ഇരുപത്തഞ്ച് വർഷത്തിനിടെ മാർ ജേക്കബ് അങ്ങാടിയത്തിന്റെയും തുടർന്ന് മാർ ജോയ് ആലപ്പാട്ടിന്റെയും നേതൃത്വത്തിൽ രൂപത കൈവരിച്ച ആത്മീയവും ഭൗതികവുമായ നേട്ടങ്ങളുടെ പ്രതിഫലനമായിരിക്കും ഈ കൺവൻഷൻ. ആഗോളതലത്തിൽ സീറോ മലബാർ സഭയുടെ അജപാലന ശുശ്രൂഷകൾ വ്യാപിപ്പിക്കുന്നതിൽ ഷിക്കാഗോ രൂപത വഹിച്ച പങ്ക് ഏറെ ശ്രദ്ധേയമാണ്.

കൺവൻഷൻ ദിവസങ്ങളിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, കർദിനാൾ മാർ ജോർജ് കൂവക്കാട്ട്, ആർച്ച് ബിഷപ്പ് കർദിനാൾ ബ്ലേസ് കുപിച്, ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ, ബിഷപ്പ് ഏൾ ഫെർണാണ്ടസ്, ഫാ. സേവ്യർഖാൻ വട്ടായിൽ, ഡോ. ജോസഫ് തടത്തിൽ, ഫാ. ജോസഫ് പുത്തൻപുരയിൽ, ഫാ. ടിം അനസ്റ്റോസ്, ഫാ. ജോൺ കർടജേ, ഡോ. എഡ്വേഡ് ശ്രീ, സി. ജോസ്ലിൻ ഇടത്തിൽ തുടങ്ങി നിരവധി പ്രമുഖർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രഭാഷണങ്ങൾ നടത്തും.

കൺവൻഷന്റെ സായാഹ്നങ്ങളെ കൂടുതൽ ആകർഷകമാക്കുന്നതിനായി വൈവിധ്യമാർന്ന കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്. ജൂലൈ 9-ന് നടക്കുന്ന ഉദ്ഘാടന ദിനത്തിൽ പ്രശസ്ത ചലച്ചിത്രതാരം പത്മശ്രീ ജയറാമും സംഗീതജ്ഞൻ സ്റ്റീഫൻ ദേവസിയും സീറോ മലബാർ കലാകാരന്മാരും ചേർന്ന് അവതരിപ്പിക്കുന്ന ''താള വിസ്മയം'' പ്രധാന ആകർഷണമായിരിക്കും.

കൂടാതെ വിവിധ ദിവസങ്ങളിലായി മെഗാ മാർഗംകളി, സംഗീത നിശാ, സംഘനൃത്തങ്ങൾ, പാരിഷ് ഫെസ്റ്റ്, കായിക വിനോദങ്ങൾ, യുവജനങ്ങൾക്കായുള്ള പ്രത്യേക പരിപാടികൾ എന്നിവയും നടക്കും. ലീഡർഷിപ്പ് പരിശീലനങ്ങൾ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്നിവയും യുവജനങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂബിലി കമ്മിറ്റി കൺവീനർ ഫാ. ജോൺ മേലേപ്പുറം, ചെയർമാൻ ജോസഫ് ചാമക്കാല, കൺവൻഷൻ കമ്മിറ്റി കൺവീനർ ഫാ. തോമസ് കടുകപ്പിള്ളിൽ, ചെയർമാൻ ബിജി സി. മാണി, ജോയിന്റ് കൺവീനർ ഫാ. ജോയൽ പയസ്, യൂത്ത് കൺവീനർ ഫാ. മെൽവിൻ പോൾ, സെക്രട്ടറി ബീന വള്ളിക്കളം, ഫിനാൻസ് കമ്മിറ്റി ചെയർമാൻ ആൻഡ്രൂ തോമസ്, ഫസിലിറ്റി ചെയർമാൻ ജോണി വടക്കുംചേരി, പ്രോഗ്രാം ചെയർമാൻ ജോഷി കുഞ്ചെറിയ, മാർക്കറ്റിംഗ് ചെയർമാൻ സജി വർഗീസ്, ജോയിന്റ് സെക്രട്ടറി ആനി മാനാട്ട് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റികൾ കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

ഫോക്കസ് ട്രാക്ക് (യൂത്ത്) ലീഡ്സായ മാത്യു തോമസ്, കെന്നിറ്റാ ജോസ് കുമ്പിളുവേലി, ജോർജ് നെല്ലിക്കുന്നേൽ, മെലിസ പുത്തൻപുര, ലിയ ജോസഫ് തുടങ്ങിയവരും വിവിധ കമ്മിറ്റികളിൽ സജീവമാണ്.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ കൺവൻഷനിലും അതോടനുബന്ധിച്ചുള്ള ആത്മീയ, സാംസ്കാരിക, പൈതൃക കൂട്ടായ്മകളിലും പങ്കുചേരാൻ എല്ലാ വിശ്വാസികളെയും രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

# ഫോമാ ഡിബേറ്റ്: ആശയപ്പോര് കനത്തു;
## അംഗസംഘടനകൾ, യുവജനങ്ങൾ, സാമ്പത്തിക സുതാര്യത, ചാരിറ്റി എന്നിവ ചർച്ചയുടെ കേന്ദ്രബിന്ദു




ന്യൂയോർക്ക്: ഒളിയമ്പുകൾ എയ്തും വാക്കുകളിൽ വ്യംഗ്യാർത്ഥം ഒളിപ്പിച്ചും ഫോമായിലെ രണ്ടു പാനലുകൾ ഏറ്റുമുട്ടിയ മുഖാമുഖം 2026-28 കാലത്ത് സംഘടന ഏതു ദിശയിലായിരിക്കുമെന്നതിന്റെ വ്യക്തമായ സൂചനയായി. പൊതുവിൽ സൗഹൃദപരമായ ചർച്ച ആയിരുന്നുവെങ്കിലും വരികൾക്കിടയിൽ വ്യത്യസ്തമായ അർത്ഥതലങ്ങൾ ഒളിപ്പിക്കാൻ ഇരുകൂട്ടരും വിരുത് കാട്ടി.

ദേശീയ തിരഞ്ഞെടുപ്പിന് മുന്നോടിയായി ന്യൂയോർക്ക് മെട്രോ റീജിയന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഇലക്ഷൻ ഡിബേറ്റ് സംഘടനയുടെ ഭാവി, നേതൃത്വത്തിന്റെ ദിശ, അംഗസംഘടനകളുടെ പങ്കാളിത്തം, യുവജന-വനിതാ ശാക്തീകരണം, സാമ്പത്തിക സുതാര്യത, ജീവകാരുണ്യ പ്രവർത്തനങ്ങൾ, കേരള കൺവെൻഷൻ തുടങ്ങി നിരവധി വിഷയങ്ങളിൽ സജീവ ചർച്ചക്ക് വേദിയായി. മത്സരരംഗത്തുള്ള ടീം പ്രോമിസിന്റെയും ടീം വോയിസ് ഓഫ് ഫോമായുടെയും സ്ഥാനാർഥികൾ തങ്ങളുടെ കാഴ്ചപ്പാടുകളും പദ്ധതികളും അവതരിപ്പിച്ചു.

ഡിബേറ്റിന് തുടക്കം കുറിച്ച് ആർ.വി.പി. കൂടിയായ മോഡറേറ്റർ മാത്യു ജോഷ്വ, നിലവിലുള്ള നേതൃത്വത്തെയോ മുൻ ഭരണസമിതികളെയോ വിമർശിക്കാനല്ല പരിപാടി സംഘടിപ്പിച്ചിരിക്കുന്നതെന്നും കാലത്തിനനുസരിച്ച് സംഘടനകളിൽ മാറ്റങ്ങളും നവീകരണങ്ങളും അനിവാര്യമാണെന്നും വ്യക്തമാക്കി. ഫോമാ ഇതുവരെ ചെയ്ത കാര്യങ്ങൾ തെറ്റാണെന്ന് സ്ഥാപിക്കുകയല്ല ലക്ഷ്യം, മറിച്ച് പുതിയ കാലഘട്ടത്തിൽ ആവശ്യമായ മാറ്റങ്ങളെക്കുറിച്ച് ചിന്തിക്കുകയാണ് ഡിബേറ്റിലൂടെ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ആദ്യ ചോദ്യത്തിന് മറുപടി നൽകിയ ടീം പ്രോമിസ് പ്രസിഡൻറ് സ്ഥാനാർഥി മാത്യു വർഗീസ്, 2026-28 കാലയളവിലേക്കുള്ള ടീമിന്റെ ദർശനം,









വിശ്വാസം, സത്യസന്ധത, ഉത്തരവാദിത്വം, സുതാര്യത എന്നീ നാല് അടിസ്ഥാന മൂല്യങ്ങളിൽ അധിഷ്ഠിതമാണെന്ന് പറഞ്ഞു. യുവജനങ്ങൾ, സ്ത്രീകൾ, അംഗസംഘടനകൾ എന്നിവയെ കൂടുതൽ ഉൾപ്പെടുത്തി ഫോമയെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. റീജിയണൽ, ദേശീയ തലങ്ങളിൽ യൂത്ത് ഫെസ്റ്റിവലുകൾ സംഘടിപ്പിച്ച് വിജയികൾക്ക് ഫോമ കൺവെൻഷനിൽ പ്രകടനാവസരം ഒരുക്കുമെന്നും, കൺവെൻഷനുകളിൽ യുവജനങ്ങൾക്കായി പ്രത്യേക നെറ്റ്‌വർക്കിംഗ്, സൗഹൃദ വേദികൾ, ബാൻക്വേറ്റ് എന്നിവ ഉൾപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. വനിതാ ഫോറത്തിന് റീജിയണൽ, ദേശീയ സമ്മേളനങ്ങൾ, കുടുംബസംഗമങ്ങൾ, കലാ-സാംസ്കാരിക പരിപാടികൾ, കായികമത്സരങ്ങൾ എന്നിവ നടത്തും. മയാമിയിൽ ഫോമയുടെ പേരിൽ വള്ളംകളി സംഘടിപ്പിക്കുമെന്നും പ്രഖ്യാപിച്ചു. അംഗസംഘടനകളും ഫോമയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനായി 'വിദ്യാജ്യോതി' സ്കോളർഷിപ്പ് പദ്ധതി വരും. അംഗസംഘടനകൾ നൽകുന്ന സ്കോളർഷിപ്പുകൾക്ക് ഫോമ തുല്യ തുക നൽകുന്ന മാതൃകയാണിതെന്നും അദ്ദേഹം വിശദീകരിച്ചു. ഫോമ ആപ്പ്, ന്യൂസ്‌ലെറ്റർ, സൂം മീറ്റിംഗുകൾ എന്നിവ വഴി എല്ലാ അംഗസംഘടനകളുമായും സ്ഥിരം ബന്ധം പുലർത്തുമെന്നും അദ്ദേഹം പറഞ്ഞു.



ടീം വോയിസ് ഓഫ് ഫോമായുടെ പ്രസിഡൻറ് സ്ഥാനാർഥി ബിജു തോണിക്കടവിൽ ഫോമായുടെ ഭാവി സത്യസന്ധത, സുതാര്യത, ധാർമിക മൂല്യങ്ങൾ, ഉത്തരവാദിത്വബോധം എന്നിവയുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുകയെന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് പറഞ്ഞു. വിവിധ കമ്മിറ്റികളിലും ദേശീയ നേതൃത്വത്തിലും പ്രവർത്തിച്ച അനുഭവസമ്പന്നരായവരുടെ സംഘമാണ് തങ്ങളുടേതെന്നും അദ്ദേഹം വ്യക്തമാക്കി. ഫോമ ഹെൽപ്പിംഗ് ഹാൻഡ്സ് പദ്ധതി കൂടുതൽ വിപുലീകരിച്ച് ആയിരം അംഗങ്ങളെ ഉൾപ്പെടുത്തി അടിയന്തര സാ

ഹചര്യങ്ങളിൽ അമേരിക്കയിലെയും കേരളത്തിലെയും മലയാളികളെ സഹായിക്കാൻ കഴിയുന്ന സംവിധാനം ഒരുക്കും. വനിതകൾ, യുവജനങ്ങൾ, കുടുംബങ്ങൾ, സീനിയർ സിറ്റിസൺസ് എന്നിവരെ ഫോമയിലേക്ക് കൂടുതൽ അടുപ്പിക്കുകയാണ് പ്രധാന ലക്ഷ്യം. സീനിയർ സിറ്റിസൺസിന് ആരോഗ്യ ബോധവത്കരണ ക്ലാസുകളും വിവിധ മേഖലകളിലെ വിദഗ്ധരുടെ സേവനങ്ങളും ലഭ്യമാക്കും. ഡോക്ടർമാർ, നഴ്സുമാർ, ബിസിനസുകാർ, ഐടി പ്രൊഫഷണലുകൾ എന്നിവരെ ഉൾപ്പെടുത്തി സഹായ ശൃംഖല രൂപീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജനറൽ സെക്രട്ടറി സ്ഥാനാർഥികളായ പോൾ പി. ജോസും അനു സ്കറിയയും തങ്ങളുടെ ടീമുകളുടെ പ്രത്യേകതകൾ അവതരിപ്പിച്ചു. ഫോമായുടെ ദേശീയ നേതൃത്വത്തിലും വിവിധ കമ്മിറ്റികളിലും പ്രവർത്തിച്ച അനുഭവസമ്പന്നരായ അംഗങ്ങളാണ് ടീം വോയിസ് ഓഫ് ഫോമായിലുള്ളതെന്നും, സംഘടനയുടെ ഹൃദയസ്പന്ദനങ്ങൾ മനസിലാക്കിയ ശേഷമാണ് തങ്ങൾ മത്സരരംഗത്തിറങ്ങിയതെന്നും പോൾ പി. ജോസ് പറഞ്ഞു. അതേസമയം, ടെക്ക് രംഗത്തെ തന്റെ പരിചയത്തിൽ നിന്ന് ഫോമായുടെ ഏറ്റവും വലിയ വെല്ലുവിളി ആശയവിനിമയത്തിലെ പോരായ്മയാണെന്ന് അനു സ്കറിയ ചൂണ്ടിക്കാട്ടി. സാങ്കേതിക വിദ്യ ഉപയോഗിച്ച് അംഗസംഘടനകളുമായും ആർ.വി.പി.മാരുമായും ദേശീയ നേതൃത്വവുമായും ശക്തമായ ആശയവിനിമയ ശൃംഖല സൃഷ്ടിക്കുമെന്നും, കൂടുതൽ അംഗങ്ങളെ വിവിധ കമ്മിറ്റികളിലേക്ക് ഉൾപ്പെടുത്തി അവരെ ഫോമായുടെ പ്രവർത്തനങ്ങളുടെ പങ്കാളികളാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ധനകാര്യ സുതാര്യതയെക്കുറിച്ചുള്ള ചോദ്യത്തിന് ടീം പ്രോമിസിന്റെ ട്രഷറർ സ്ഥാനാർഥി ബിനോയ് തോമസ്, അംഗങ്ങൾ നൽകുന്ന ഓരോ ഡോളറിന്റെയും കണക്കുകൾ ഓരോ മൂന്നു മാസവും ദേശീയ കമ്മിറ്റിക്കും റീജിയനുകൾക്കും അംഗസംഘടനകൾക്കും ലഭ്യമാക്കുമെന്നും, സാമ്പത്തിക ഇടപാടുകൾ പൂർണ സുതാര്യതയോടെ നടത്തുമെന്നും ഉറപ്പുനൽകി. ടീം വോയിസിന്റെ പ്രദീപ് നായർ ഫോമായുടെ വിവിധ കമ്മിറ്റികളിൽ 2008 മുതൽ പ്രവർത്തിച്ച അനുഭവം ചൂണ്ടിക്കാട്ടി. 2020–22 കാലഘട്ടത്തിൽ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചപ്പോഴും പിന്നീട് ട്രഷറർമാർ കൈകാര്യം ചെയ്ത ബജറ്റുകളിലും സാമ്പത്തിക അച്ചടക്കം പാലിക്കപ്പെട്ടിരുന്നുവെന്നും, അംഗങ്ങളുടെ പണം ഏറ്റവും ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

പാനൽ രാഷ്ട്രീയം സംഘടനയുടെ വളർച്ചയ്ക്ക് തടസമാകുന്നുണ്ടോ എന്ന ചോദ്യത്തിന് ടീം വോയിസിന്റെ സാമുവൽ മത്തായി, തങ്ങളുടെ ടീമിലെ അംഗങ്ങൾ പൊതുപ്രവർത്തനത്തിലും ജീവകാരുണ്യ രംഗത്തും കാഴ് തെളിയിച്ചവരാണെന്നും പ്രവർത്തനരേഖയാണ് നേതൃസ്ഥാനങ്ങൾക്കുള്ള യോഗ്യതയെന്നും പറഞ്ഞു. ടീം പ്രോമിസിന്റെ ജോൺസൺ ജോസഫ്, തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ എല്ലാ പാനലുകളും അവസാനിച്ച് 'ടീം ഫോമാ' മാത്രമേ ഉണ്ടാകൂ എന്നും വിജയിച്ചാലും പരാജയപ്പെട്ടാലും എല്ലാവരും ഫോമായുടെ വളർച്ചയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്നും പറഞ്ഞു. ആർ.വി.പി എന്ന നിലയിൽ വെസ്റ്റേൺ റീജിയനിൽ നടത്തിയ ബിസിനസ് മീറ്റിന്റെയും വിവിധ സംഘടനകളുമായുള്ള ആശയവിനിമയത്തിന്റെയും വിജയങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി.

യുവജനങ്ങളെയും കുടുംബങ്ങളെയും സ്ത്രീകളെയും ഫോമയിലേക്ക് കൂടുതൽ ആകർഷിക്കാൻ എന്താണ് പദ്ധതിയെന്ന ചോദ്യത്തിന് ടീം പ്രേമിസിന്റെ രേഷ്മ രഞ്ജൻ, യുവജനങ്ങളെയും സ്ത്രീകളെയും ഉൾപ്പെടുത്താതെ ഫോമായുടെ വളർച്ച സാധ്യമല്ലെന്ന് വ്യക്തമാക്കി. വിദ്യാജ്യോതി സ്കോളർഷിപ്പ് പദ്ധതി, കാൻസർ ബോധവത്കരണ പദ്ധതി, ടെക്സസ് സർവകലാശാലയുമായും കേരള സർവകലാശാലയുമായും മലയാളം, കേരള പഠന വിഷയങ്ങളിൽ സഹകരണ പദ്ധതികൾ തുടങ്ങിയവയെക്കുറിച്ച് വിശദീകരിച്ചു. ടീം വോയിസിന്റെ ഡോ. മഞ്ജു പിള്ള ആരോഗ്യരംഗത്തെ പദ്ധതികൾക്ക് ഊന്നൽ നൽകി. വിവിധ സ്പെഷ്യാലിറ്റികളിലെ ഡോക്ടർമാരെ ഉൾപ്പെടുത്തി ആരോഗ്യ ഉപദേശ വേദി, മാനസികാരോഗ്യ ബോധവത്കരണം, ഓൺലൈൻ ക്ലാസുകൾ, മെഡിക്കൽ രംഗത്തേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് മെന്ററിംഗ്, കാൻസർ രോഗികൾക്ക് പിന്തുണ എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾ അവർ അവതരിപ്പിച്ചു.

ജീവകാരുണ്യ പ്രവർത്തനങ്ങൾ കേരളത്തിൽ മാത്രമല്ല അമേരിക്കയിലും ശക്തിപ്പെടുത്തേണ്ടതുണ്ടോ എന്ന ചോദ്യത്തിന് ടീം വോയിസിന്റെ ജോൺസൺ കണ്ണൂക്കാടൻ തന്റെ









ദീർഘകാല ചാരിറ്റി പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. അമേരിക്കയിലും കേരളത്തിലുമുള്ള ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ കൂടുതൽ ഫണ്ട് ശേഖരിക്കുമെന്നും അവബോധ പരിപാടികൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. ടീം പ്രോമിസിന്റെ ടിറ്റോ ജോൺ, രണ്ടാം തലമുറ മലയാളികളെ നേതൃത്വത്തിലേക്ക് കൊണ്ടുവരുന്നതിന് കായികമേളകൾ, വള്ളംകളി, വോളിബോൾ, ക്രിക്കറ്റ്, കരിയർ ഗൈഡൻസ് ഫോറങ്ങൾ എന്നിവ സംഘടിപ്പിക്കുമെന്ന് പറഞ്ഞു. അമേരിക്കയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളി പ്രൊഫഷണലുകളെ യുവജനങ്ങൾക്കായി മെന്റർമാരായി ബന്ധിപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

കേരള കൺവെൻഷനെക്കുറിച്ചുള്ള ചോദ്യത്തിന് ബിനോയ് തോമസ്, നിലവിലെ മാതൃകയിൽ മാറ്റങ്ങൾ വേണമെന്ന് അഭിപ്രായപ്പെട്ടു. രാഷ്ട്രീയ നേതാക്കളെ കേന്ദ്രീകരിച്ചുള്ള പരിപാടികളിൽ നിന്ന് മാറി കുടുംബങ്ങൾക്കും കുട്ടികൾക്കും കേരളത്തിന്റെ സംസ്കാരവും ഗ്രാമീണ ജീവിതവും അടുത്തറിയാൻ കഴിയുന്ന തരത്തിലുള്ള കൺവെൻഷനുകളാണ് ആവശ്യമെന്ന് അദ്ദേഹം പറഞ്ഞു. അതേ സമയം, പ്രദീപ് നായർ കേരളവുമായി ബന്ധം നിലനിർത്തുന്നതിന് കേരള കൺവെൻഷൻ വളരെ പ്രധാനമാണെന്ന് ചൂണ്ടിക്കാട്ടി. കേരള സർക്കാരുമായും നാട്ടിലുള്ള കുടുംബങ്ങളുമായും ബന്ധം ശക്തിപ്പെടുത്തുന്നതിനും ജീവകാരുണ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഇത്തരം കൺവെൻഷനുകൾ അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

സംഘടനയിലെ അഭിപ്രായ വ്യത്യാസങ്ങളും ഐക്യമില്ലായ്മയും സംബന്ധിച്ച ചോദ്യത്തിന് പോൾ പി. ജോസ്, അഭിപ്രായ വ്യത്യാസങ്ങൾ സ്വാഭാവികമാണെന്നും എല്ലാ അഭിപ്രായങ്ങളും കേൾക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുക എന്നതാണ് നേതൃത്വത്തിന്റെ കടമയെന്നും പറഞ്ഞു. അനു സ്കറിയ, അഭിപ്രായ വ്യത്യാസങ്ങൾ കുടുംബ പ്രശ്നം പോലെ സംഘടനയ്ക്കുള്ളിൽ തന്നെ പരിഹരിക്കണമെന്നും, എക്സിക്യൂട്ടീവ് കമ്മിറ്റി ഒരുമിച്ച് തീരുമാനമെടുത്ത് മുന്നോട്ട് പോകണമെന്നും വ്യക്തമാക്കി.


ഡിബേറ്റിലെ അവസാന ചോദ്യത്തിന് മറുപടി നൽകിയ മാത്യു വർഗീസ്, ഫോമായുടെ പല പ്രശ്നങ്ങളുടെയും അടിസ്ഥാനം ആശയവിനിമയത്തിലെ പോരായ്മയാണെന്ന് ചൂണ്ടിക്കാട്ടി. ഫോമാ ആപ്പ്, ന്യൂസ്‌ലെറ്റർ, സൂം കണക്ട് തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് ദേശീയ കമ്മിറ്റിയിൽ നിന്ന് അംഗസംഘടനകളിലേക്കും റീജിയനുകളിലേക്കും വിവരങ്ങൾ സമയബന്ധിതമായി എത്തിക്കുമെന്നും, വ്യക്തിപരമായ അജണ്ടകളില്ലാതെ അംഗസംഘടനകളെ ചേർത്തുപിടിച്ച് ഫോമയെ മുന്നോട്ട് നയിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

കൂട്ടായ പ്രവർത്തനവും സഹകരണവുമാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്ന് ബിജു തോണിക്കടവിൽ പറഞ്ഞു. പത്രമാധ്യമങ്ങളിലൂടെയല്ല ഫോമായുടെ കാര്യങ്ങൾ ഭാരവാഹികൾ അറിയേണ്ടത്. ഫോമായുടെ ബൈലോക്ക് അനുസൃതമായി മൂന്നു കൗൺസിലുകളുമായി സഹകരിച്ചായിരിക്കും തങ്ങൾ പ്രവർത്തിക്കുക. പരസ്പരമുള്ള സ്നേഹവും വിട്ടുവീഴ്ചക്കുള്ള സന്നദ്ധതയുമാണ് സംഘടനയെ ശക്തിപ്പെടുത്തുന്നത്. അതിനു ഈഗോ മാറ്റി വയ്ക്കണം. ഇല്ലാത്ത കഥകൾ പറയുമ്പോൾ പുതുതായി വരുന്ന ചിലരെങ്കിലും ഇതെന്താണ് സംഭവം എന്ന് ചിന്തിക്കും. ഫോമായുടെ കണക്കുകൾ തികച്ചും സുതാര്യമാണ്. അത് മൂന്ന് സി.പി.എ ക്കാർ ഓഡിറ്റ് ചെയ്തതാണ്-അദ്ദേഹം ചൂണ്ടിക്കാട്ടി.

ഡിബേറ്റിൽ ഇരു പാനലുകളും തങ്ങളുടെ കാഴ്ചപ്പാടുകളും പ്രവർത്തനരേഖകളും അവതരിപ്പിച്ചപ്പോൾ, ഫോമായുടെ ഭാവിയെക്കുറിച്ചുള്ള ചർച്ചകൾ സംഘടനയുടെ അടുത്ത തെരഞ്ഞെടുപ്പിന് മുമ്പ് അംഗസംഘടനകൾക്ക് വിലയിരുത്തലിന് പുതിയ മാനദണ്ഡങ്ങൾ സമ്മാനിച്ചതായി നിരീക്ഷിക്കപ്പെട്ടു.

ആർ വി പി മാത്യു ജോഷ്വ, സെക്രട്ടറി മാത്യു കെ ജോഷ്വ, നാഷണൽ കമ്മിറ്റി മെമ്പർ ജോസ് വർഗീസ്, സീനിയർ ഫോമാ ലീഡർ സജി എബ്രഹാം, ഹെൽപ്പിംഗ് ഹാൻഡ്സിന്റെ കൺവീനറായ ബിജു ചാക്കോ എന്നീ അഞ്ചുപേരുടെ ഒരു സബ്കമ്മിറ്റി ചേർന്നാണ് ചോദ്യങ്ങൾ തയ്യാറാക്കിയത്. നാഷണൽ കമ്മിറ്റി മെമ്പർ ജോസ് വർഗീസ് ഏവർക്കും നന്ദി രേഖപ്പെടുത്തി.


Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com



P.T. THOMAS
For NYS Assembly 96th District
VOTE on JUNE 23
"Putting People Over Profit and Politics!"
Paid for by P.T. Thomas for NY Assembly | 1-845-709-0787

# ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൻ കൺവൻഷൻ ശ്രദ്ധേയമായി; ദേശീയ കൺവൻഷനും തിരഞ്ഞെടുപ്പും ചർച്ചകളിൽ നിറഞ്ഞു




ന്യൂയോർക്ക്: ഫോമാ ന്യൂയോർക്ക് മെട്രോ റീജിയന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച റീജിയണൽ കൺവൻഷനും ഇലക്ഷൻ ഡിബേറ്റും എൽമോണ്ടിൽ ആവേശകരമായ അന്തരീക്ഷത്തിൽ നടന്നു. വിവിധ ദേശീയ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ടീമുകളുടെ പ്രതിനിധികൾ, ഫോമാ നേതാക്കൾ, അംഗസംഘടനാ പ്രതിനിധികൾ, പ്രവർത്തകർ എന്നിവർ പങ്കെടുത്ത പരിപാടി സംഘടനയുടെ ഭാവി ദിശയെക്കുറിച്ചുള്ള ചർച്ചകൾക്കും വിലയിരുത്തലുകൾക്കും വേദിയായി. ഇതോടൊപ്പം കൺവൻഷൻ കിക്ക് ഓഫും നടന്നു.

മെട്രോ റീജിയൻ പ്രസിഡന്റ് മാത്യു ജോഷ്വയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനം ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഫോമായുടെ കഴിഞ്ഞ ഒന്നര വർഷത്തെ പ്രവർത്തനങ്ങൾ അദ്ദേഹം വിശദമായി അവലോകനം ചെയ്യുകയും സംഘടനയുടെ വളർച്ചയ്ക്കായി കൈക്കൊണ്ട വിവിധ നടപടികൾ അവതരിപ്പിക്കുകയും ചെയ്തു.









ഇലക്ഷൻ ഡിബേറ്റിൽ മാത്യു ജോഷ്വ മോഡറേറ്ററായിരുന്നു. സജി എബ്രഹാം സ്ഥാനാർത്ഥികളെ അവതരിപ്പിച്ചു. (റിപ്പോർട്ട് പിന്നാലെ)

മെട്രോ റീജിയൻ കഴിഞ്ഞ കാലയളവിൽ സജീവമായ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയ മുന്നേറ്റം കൈവരിച്ചതായി ചെയർമാൻ ഫിലിപ്പോസ് കെ.ജോസഫ് (ഷാജി), സെക്രട്ടറി ബോബി, ട്രഷറർ ബിഞ്ചു ജോൺ എന്നിവർ ചൂണ്ടിക്കാട്ടി. എൻ.കെ. ലൂക്കോസ് മെമ്മോറിയൽ ട്രോഫി വോളിബോൾ ടൂർണമെന്റ് ഉൾപ്പെടെയുള്ള കായിക-സാമൂഹിക പരിപാടികൾ വിജയകരമായി സംഘടിപ്പിക്കാൻ റീജിയന് സാധിച്ചതായും, അതിന്റെ വിജയത്തിൽ ബിജുവിന്റെയും സംഘത്തിന്റെയും പങ്ക് പ്രത്യേകം അഭിനന്ദനാർഹമാണ്.

വരാനിരിക്കുന്ന ദേശീയ തിരഞ്ഞെടുപ്പിൽ മെട്രോ റീജിയൻ പ്രതിനിധികളുടെ നിലപാട് നിർണായകമാകുമെന്ന് ചൂണ്ടിക്കാട്ടിയ നേതാക്കൾ, മത്സരരംഗത്തുള്ള എല്ലാ ടീമുകളും റീജിയനുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു.

2008-ൽ രൂപീകൃതമായ സംഘടന 18 വർഷങ്ങൾ പിന്നിടുമ്പോൾ അമേരിക്കയിലെ ഏറ്റവും ശക്തമായ മലയാളി ഫെഡറേഷനായി വളർന്നുവെന്ന് ബേബി മണക്കുന്നേൽ പറഞ്ഞു. തുടക്കം മുതൽ പ്രവർത്തിച്ച ദേശീയ കമ്മിറ്റികളുടെയും അംഗസംഘടന

കളുടെയും സമർപ്പണമാണ് ഈ വളർച്ചയ്ക്ക് അടിസ്ഥാനം.



ജൂലൈ 30, 31, ആഗസ്റ്റ് 1, 2 തീയതികളിൽ നടക്കുന്ന ഫോമായുടെ ഒൻപതാമത് ദേശീയ കൺവൻഷന്റെ ഒരുക്കങ്ങൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. കൺവൻഷൻ വേദിയായ വിൻഡം ഹോട്ടലിൽ 500 മുറികൾ മുൻകൂട്ടി ബുക്ക് ചെയ്തിട്ടുണ്ട്. എർളി ബേർഡ് രജിസ്ട്രേഷൻ അവസാനിച്ചപ്പോൾ തന്നെ 380-ലധികം മുറികൾ ബുക്ക് ചെയ്യപ്പെട്ടു. നിലവിൽ 450-ഓളം മുറികൾ ബുക്ക് ചെയ്തിട്ടുണ്ടെന്നും ശേഷിക്കുന്ന മുറികളും ഉടൻ നിറയുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

കൺവൻഷൻ ലാൻഡ്-ബേസ്ഡ് മോഡലിൽ സംഘടിപ്പിക്കാനുള്ള തീരുമാനത്തെക്കുറിച്ചും വിശദീകരിച്ചു. ക്രൂസ് അല്ലെങ്കിൽ ഡെസ്റ്റിനേഷൻ കൺവൻഷൻ എന്ന ആശയം മുമ്പ് പരിഗണിച്ചിരുന്നുവെങ്കിലും, അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനും നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുക്കാനും ലാൻഡ് കൺവൻഷനാണ് കൂടുതൽ അനുയോജ്യമെന്ന് വിലയിരുത്തിയാതായി ബേബി മണക്കുന്നേൽ പറഞ്ഞു..

സംഘടനയുടെ ബൈലോ ഭേദഗതികൾ ജനറൽ ബോഡിയുടെ അംഗീകാരത്തോടെ നടപ്പാക്കിയതായും ഫോമയുടെ ഭരണഘടനാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിയതായും അദ്ദേഹം അറിയിച്ചു. സംഘടനയുടെ അംഗത്വ വ്യാപനം ലക്ഷ്യമിട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി അംഗസംഘടനകളുടെ എണ്ണം 84ൽ നിന്ന് 100 കടന്നു. ഈ നേട്ടത്തിന് നേതൃത്വം നൽകിയ വിജി എബ്രഹാമിനെ അഭിനന്ദിച്ചു.





ഫോമയുടെ പ്രവർത്തന വികേന്ദ്രീകരണത്തിന്റെ ഭാഗമായി റീജിയനുകളുടെ എണ്ണം 13ൽ നിന്ന് 15 ആക്കി. വിശാലമായ പ്രദേശങ്ങളടങ്ങിയ റീജിയനുകളെ ചെറു റീജിയനുകളായി വിഭജിച്ചതിലൂടെ കൂടുതൽ അംഗങ്ങൾക്ക് പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാനുള്ള അവസരം ലഭിച്ചു. കേരള കൺവൻഷൻ, മെഡിക്കൽ ക്യാമ്പുകൾ, 'അമ്മയോടൊപ്പം' പദ്ധതി തുടങ്ങി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ കഴിഞ്ഞ കാലയളവിൽ വിജയകരമായി നടപ്പാക്കി.




കേരളത്തിൽ മാത്രം ഏകദേശം 65 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യാൻ സാധിച്ചതായും ബേബി മണക്കുന്നേൽ അറിയിച്ചു.



ഫോമാ അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായി വളർന്ന സാഹചര്യത്തിൽ, ഐക്യത്തോടെയും കൂട്ടായ്മയോടെയും സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് ഓരോ അംഗത്തിന്റെയും ഉത്തരവാദിത്തമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

സ്ഥാനാർത്ഥികളെ സ്വീകരിക്കുന്ന പരിപാടികളും വാശിയേറിയ ഇലക്ഷൻ ഡിബേറ്റും ഒരു മണിക്കൂർ നീണ്ടുനിന്നു. തുടർന്ന് വിവിധ കലാപരിപാടികളും ചാരിറ്റി റിപ്പോർട്ട് അവതരണവും നടന്നു. ഫോമാ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ് ആശംസകൾ നേർന്നു.

നവോമിക ജൂബി അവതരിപ്പിച്ച വയലിൻ റിസെറ്റൽ, തൻസിം സാജിബ് ആലപിച്ച ഗാനം, GLIMMR ഗ്രൂപ്പ് ഒരുക്കിയ ഡാൻസ്, ലോങ്ങ് ഐലൻഡ് താളലയം അവതരിപ്പിച്ച നാടകം 'ദയാവധം' എന്നിവ പരിപാടികൾക്ക് നിറം പകർന്നു.

ന്യൂയോർക്ക് മെട്രോ റീജിയൻ ട്രഷറർ ബിഞ്ചു ജോൺ, ചാരിറ്റി കോർഡിനേറ്റർ രാജേഷ് പുഷ്പരാജൻ എന്നിവർ 'ചാരിറ്റി ബഡീസ്' (Charity Buddies) പ്രോഗ്രാം റിപ്പോർട്ട് അവതരിപ്പിച്ചു.

പരിപാടിയുടെ സമാപനത്തിൽ മെട്രോ റീജിയൻ നേതൃത്വം നടത്തിയ പ്രവർത്തനങ്ങളെ അഭിനന്ദിച്ച ദേശീയ നേതാക്കൾ, മെട്രോ റീജിയൻ കൺവൻഷൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു. ദേശീയ കൺവൻഷനും തിരഞ്ഞെടുപ്പും മുന്നിൽക്കണ്ട് സംഘടിപ്പിച്ച ഈ സമ്മേളനം ഫോമായുടെ ഭാവി പ്രവർത്തനങ്ങൾക്കും നേതൃത്വ തെരഞ്ഞെടുപ്പിനും പുതിയ ചർച്ചകൾക്ക് വഴിയൊരുക്കിയതായി വിലയിരുത്തപ്പെട്ടു.













eM The Weekly
emalayalee.com
Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# ഗുരു മുനിനാരായണ പ്രസാദ് ആദർശ സന്യാസത്തിന്റെ അപൂർവ്വ ചാരുത



**അശോകൻ വേങ്ങശ്ശേരി**

ഗുരു മുനിനാരായണപ്രസാദ് സമാധിപ്രാപിച്ചിട്ടു ജൂൺ 4-നു നാൽപത്തിയൊന്ന് ദിനങ്ങൾ പിന്നിട്ടിരിക്കുന്നു. ഭാരതീയ പാരമ്പര്യത്തിന്റെ ഭാഗമായി സമാധിസ്ഥനായ സന്യാസിക്കുവേണ്ടി നടത്തിവരാറുള്ള യതീപൂജയും മോക്ഷദീപവും ജൂൺ 4-നു നാരായണഗുരുകുലത്തിൽ (ഗുരുനാരായണ ഗിരി-ബ്രഹ്മവിദ്യാമന്ദിരത്തിൽ) പരമ്പരാഗത രീതിയിൽ ആചരിച്ചു. ദക്ഷിണ ഭാരതത്തിലെ വിവിധ സന്യാസി മഠങ്ങളെ പ്രതിനിധീകരിച്ചു ഒരു വലിയ സന്ന്യാസി സമൂഹം യതീപൂജയിൽ പങ്കെടുക്കാൻ എത്തുകയും ചെയ്തു. ആ മഹാത്മാവിനെ അറിയുകയും ആദരിക്കുകയും ചെയ്യുന്ന നൂറുകണക്കിനാളുകൾ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു. അതിലൊരുവനായി ഞാനും ഉണ്ടായിരുന്നു. ഒരു വലിയ ഹൃദയഭാരത്തോടെയാണ് അവിടെനിന്നും മടങ്ങിയത്.

ഭാരതീയ വൈജ്ഞാനിക സംസ്കൃതിയുടെ നമ്മുടെ കാലഘട്ടത്തിലെ അതോറിട്ടി എന്ന നിലയിൽ പരക്കെ അംഗീകരിക്കപ്പെട്ട മഹാ ജ്ഞാനിയായിരുന്നു ഗുരു മുനിനാരായണപ്രസാദ്. ശ്രീനാരായണ ഗുരുദർശനത്തെ ആധികാരികമായി പഠിക്കുന്നതിനും യാതൊരു മുൻ വിധികളോ പക്ഷപാതിത്വമോ കൂടാതെ അവ വ്യാഖ്യാനിക്കുന്നതിനും ലോകത്തെമ്പാടുമുള്ള വിജ്ഞാനദാഹികളായ പഠിതാക്കൾക്കുവേണ്ടി പുസ്തകരൂപത്തിൽ എഴുതിവക്കുന്നതിനും ഒരു ജീവിതകാലം തന്നെ നീക്കിവച്ച മനീഷി. 2024-ൽ രാജ്യം പത്മശ്രീ നൽകി ആ മഹാനെ ആദരിച്ചിരുന്നു.

അനാരോഗ്യമോ ശാരീരിക അവശതകളോ ഇച്ഛാശക്തിയെ ദുർബലപ്പെടുത്തുവാൻ അനുവദിക്കാതെ നിരന്തരമായ എഴുത്തിന്റെ പതിറ്റാണ്ടുകൾ. ഒരു ദശകത്തിനുമുൻപ് പിടികൂടിയ ഗുരുതരമായ രോഗത്തിൽനിന്നും അതിശയകരമായ മോചനം. ഒരു വർഷത്തിലേറെ മുൻപ് മരണത്തിന്റെ പടിവാതിലെത്തിയിട്ടും ജീവിതത്തിലേക്കുള്ള തിരിച്ചുവരവ്. വീണ്ടും ഗ്രന്ഥരചനയുടെ പണിപ്പുരയിൽ. വിശ്രമമില്ലാത്ത ജ്ഞാനസപര്യ. തത്വചിന്തയും വേദാന്തവും വിവിധ മതദർശനങ്ങളും പ്രധാനമായും പ്രതിപാദിക്കുന്ന ഇരുന്നൂറോളം കൃതികൾ അങ്ങനെ പിറന്നവയാണ്, ഇംഗ്ളീഷിലും മലയാളത്തിലുമായി.

നമ്മുടെ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന ഏതു ദാർശനിക പണ്ഡിതരെക്കാളും മുൻപന്തിയിൽ നിൽക്കുവാൻ സർവഥാ യോഗ്യൻ. ഏതെങ്കിലും ജാതിയുടെയോ മതത്തിന്റെയോ കൾട്ടുകളുടെയോ പിടികളിൽ പെടാതെ സർവസ്വതന്ത്രനായ സത്യാന്വേഷി. വിശ്വത്തെയാകമാനം തന്റെ തറവാടായും എല്ലാവരെയും ആത്മസഹോദരരായും കാണുവാൻ കഴിഞ്ഞ ഏക ലോക ദർശനത്തിന്റെ കലർപ്പില്ലാത്ത സ്വരൂപം. കിസ്തുവിനെയും കൃഷ്ണനെയും ബുദ്ധനെയും ശങ്കരാചാര്യരെയും നബിതിരുമേനിയെയും ഹൃദയത്തിൽ ചേർത്തുപിടിച്ച സമദർശി. ഉപനിഷദ് മൂല്യങ്ങളുടെ കാലിക പ്രസക്തി കണ്ടറിയുകയും എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും വെളിവാക്കുകയും ചെയ്ത സത്യദർശി.



ഒരുതരത്തിലുമുള്ള പ്രകടനപരതക്കും കീഴ്പ്പെടാതിരിക്കാനുള്ള ആന്തരിക പാകതയും ആത്മീയ ഔന്നത്യവും നിഷ്ഠയോടെ പുലർത്തിയ ആ താപസൻ സാധാരണ മതഗുരുക്കന്മാരെപ്പോലെയോ സന്യാസിമുഖ്യരെപ്പോലെയോ പൊതുരംഗത്തു അധികം പ്രത്യക്ഷപ്പെട്ടിരുന്നില്ല. ആരാധകവൃന്ദത്തെ സൃഷ്ടിക്കാൻ അധ്വാനിച്ചില്ല. പേരിന്റെയും പെരുമയുടെയും മോഹവലയത്തിൽ പെട്ടുപോവാതെ ഉത്തമ സന്യാസിക്കുചേർന്ന വിരക്തിയുടെ യോഗാത്മകതലത്തിൽ സദാ അദ്ദേഹം വിരാജിച്ചു.

ഞാനെന്നഭാവം തെല്ലുമേൽക്കാത്ത ഉത്തമനായ സന്യാസി. ആൾക്കൂട്ടങ്ങളിൽനിന്നും അകന്നു നിൽക്കാൻ വെമ്പിയ പ്രകൃതം. സമ്മേളനങ്ങളിൽ ഘോരഘോരം പ്രസംഗിക്കാൻ ഉത്സാഹം കാട്ടിയിട്ടില്ല. സ്വീകരണങ്ങൾ ഏറ്റുവാങ്ങാനോ വിവാദവിഷയങ്ങളുയർത്തി വാർത്തകൾ സൃഷ്ടിക്കാനോ ഉദ്യമിച്ചിട്ടില്ല. സംഭാവനകൾ തേടി ആരുടെയും അടുക്കൽ പോയിട്ടില്ല. ഒരു നേതാവിന്റെയും മുൻപിൽ ആ ശിരസ്സ് കുനിഞ്ഞിട്ടില്ല. ഗുരുകുലത്തിലെത്തുന്നവരെ വലിയവരെന്നോ ചെറിയവരെന്നോ അളക്കാതെ സമന്മാരായി കണ്ട ഗുരുമനസ്സ്. സൗമ്യനും ശാന്തനുമായി ഒരു താപസനെപ്പോലെ ഗുരുകുലവാടിയിലിരുന്നു തന്റെ ഗുരുക്കന്മാർ അരുളിയ അറിവിന്റെ അമൃതകണങ്ങൾ സ്വയം നുകരുകയും മറ്റുള്ളവർക്കുവേണ്ടി പകർന്നുവക്കുകയും ചെയ്യുന്നതായിരുന്നു മുനിഗുരുവിന്റെ നിഷ്ഠ.

ആത്യന്തികമായി താൻ ഏകാകിയാണെന്നും ഏകാകിയായിരിക്കാനാണ് എന്നും കൊതിച്ചിട്ടുള്ളതെന്നും അതിൽ സംതൃപ്തി അനുഭവിക്കുന്നവനാണെന്നും ലോകത്തോടു ആ മഹാസന്യാസി വെളിപ്പെടുത്തിയിട്ടുണ്ട്. എനിക്കുവേണ്ടി സ്മാരകം പണിയരുതെന്നും ശരീരം എവിടെ മറവുചെയ്തു എന്നുപോലും ആരും അറിയാനിടവരരുത് എന്നാഗ്രഹിച്ച ജീവന്മുക്തൻ. ആത്മായനം എന്ന ആത്മകഥയുടെ താളുകൾ ആ അപൂർവ്വ ജീവിതത്തിന്റെ ചൈതന്യഭാസുരമായ ഏടുകൾ ലോകത്തിനുമുൻപിൽ തുറന്നുവച്ചിരിക്കുന്നു .

1972-ലോ 1973 ലോ ആണെന്നു തോന്നുന്നു ഞാൻ ആദ്യമായി മുനിനാരായണ പ്രസാദ് സ്വാമിയെ കാണുന്നത്. ശിവഗിരി തീർത്ഥാടന വേദിയിൽ ശ്രീനാരായണഗുരുവിന്റെ അദ്വൈതദീപിക എന്ന ഗഹനമായ വേദാന്തകൃതിയെ ആസ്പദമാക്കിയുള്ള അദ്ദേഹത്തിന്റെ പ്രഭാഷണം നേരിൽ കേൾക്കുമ്പോൾ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നു ഞാൻ. പിന്നീട് പലതവണ അദ്ദേഹത്തെ കാണുവാനും കേൾക്കുവാനും വായിക്കുവാനും ഇടയായിട്ടുണ്ട്.

1989 മുതൽ 1991 വരെ മുനിനാരായണപ്രസാദ്സ്വാമി ഇന്ത്യൻ വംശജർ ഏറെയുള്ള പസഫിക് സമുദ്രദ്വീപായ ഫിജിയിൽ കഴിഞ്ഞിരുന്നു. അവിടെനിന്നും ഇന്ത്യയിലേക്കുള്ള മടക്ക യാത്രയിൽ ഏതാനും ആഴ്ചകൾ അദ്ദേഹം അമേരിക്കയിൽ തങ്ങിയിരുന്നു. ആ വേളയിൽ അദ്ദേഹം ഫിലാഡൽഫിയയിലുള്ള എന്റെ വസതിയിൽ നടന്ന സൗഹൃദ സദസ്സിൽ സംവദിച്ചു ഞങ്ങളെ ധന്യരാക്കിയത് ഓർമ്മിക്കുന്നു. അതിനുശേഷം എത്രയോ അവസരങ്ങളിൽ ആ പാദങ്ങളിൽ ഞാൻ നമസ്കരിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ ഡിസംബറിൽ (2025) ഗുരുകുല കൺവൻഷൻ സമാപന വേളയിൽ മുനിഗുരു നടത്തിയ കേനോപനിഷദ് സംബന്ധമായ പഠനക്ലാസ് ഇപ്പോഴും സ്മൃതിപഥത്തിലുണ്ട്.

ഇക്കഴിഞ്ഞ ഏപ്രിൽ 25 ശനിയാഴ്ച പ്രഭാതത്തിനു ഏതാനും നാഴികകൾക്കു മുമ്പാണ് എൺപത്തിയേഴാം വയസ്സിൽ ഗുരു ഭൗതികദേഹം വെടിഞ്ഞത്. അന്നു സായാഹ്നത്തിൽ തന്നെ സമാധിയിരുത്തൽ ചടങ്ങു നടക്കുകയും ചെയ്തു. ഗുരുവിനെ അടുത്തറിയാവുന്നവരും വായനയിലൂടെയും പഠനക്ളാസ്സുകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും മറ്റും ഗുരുവിന്റെ വൈജ്ഞാനിക ലോകവുമായി അടുപ്പം പ്രാപിച്ചിട്ടുള്ളവരുമായ അനേകർ അന്നും ഗുരുകുലത്തിൽ എത്തിയിരുന്നു. ആ മഹാത്മാവിന്റെ ഭൗതിക ദേഹം അവസാനമായി ദർശിക്കുവാനും സമാധിയിരുത്തൽ ചടങ്ങുകളിൽ പങ്കാളികളാവുന്നതിനും എത്തിയ അവരുടെയൊക്കെ മുഖത്ത് ദൃശ്യമായത് വലിയൊരു നഷ്ടബോധമായിരുന്നു.

വാർത്ത കേട്ടറിഞ്ഞു മുനിഗുരുവിന്റെ ആരാധകനായ മുസ്തഫ മൗലവി പ്രഭാതം വിരിയുന്നതിനു മുൻപുതന്നെ മലപ്പുറത്തുനിന്നും പുറപ്പെട്ടു സമാധിയിരുത്തൽ ചടങ്ങുകൾ തുടങ്ങുമ്പോഴേക്കും വർക്കല ഗുരുകുലത്തിൽ എത്തി. ഗുരു നിത്യചൈതന്യയതിയുടെ വത്സല ശിഷ്യൻ ഷൗക്കത്തും വയനാട്ടിൽനിന്നും സമയത്തുതന്നെ വന്നുചേർന്നു. അങ്ങനെ സമൂഹത്തിന്റെ നാനാതുറയിൽപെട്ട എത്രയോ ആളുകൾ.

ഗുരുകുലാങ്കണത്തിൽ നടന്ന പൊതുദർശനത്തിലും ഗുരുനാരായണ ഗിരിയിൽ നടന്ന സമാധിയിരുത്തൽ ചടങ്ങുകളിലും മറ്റെവിടെയും കാണുവാൻ കഴിയാത്ത ലാളിത്യമായിരുന്നു എന്നെ ഏറെ സ്പർശിച്ചത്. മുനിഗുരു എന്നും പുലർത്തിപ്പോന്ന മൂല്യാധിഷ്ഠിത നിലപാടുകളുടെ നിദർശനം. അതിനു ദൃക്സാക്ഷിയാവാൻ കഴിഞ്ഞത് മഹാപുണ്യമായിക്കരുതുന്നു.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ദൈവം വിളിച്ചു, മോസസ് സ്റ്റീഫൻ വിളികേട്ടു;

## ക്നാനായ സമുദായത്തിൽ നിന്ന് നവവൈദികൻ





ന്യൂ യോർക്ക്: അവസരങ്ങളുടെ നാട്ടിൽ എത്തിയപ്പോഴും ഭൗതിക സമ്പത്തോ സുഖസൗകര്യങ്ങളോ അല്ല ബ്രദർ മോസസ് സ്റ്റീഫനെ ആകർഷിച്ചത്. ദൈവം തന്നെ എന്തോ ഭരമേല്പിക്കാൻ ആഗ്രഹിക്കുന്നുവെന്ന ഉൾവിളി മനസ്സിൽ നിന്ന് വിട്ടു പോയില്ല. തന്റെ വേല ചെയ്യാനും തന്റെ അജഗണത്തെ ശുശ്രുഷിക്കുവാനുമാണ് ദൈവം തനിക്കു നൽകുന്ന  നിയോഗമെന്നു തിരിച്ചറിഞ്ഞപ്പോൾ, ദൈവ തിരുവിഷ്ടം നിറവേറട്ടെ എന്ന് മോസസ് സ്റ്റീഫനും സമ്മതം മൂളി.

മറ്റു മക്കളെ പോലെ അമേരിക്കയിൽ വലിയ ഭാവി കണ്മുന്നിൽ കാണുമ്പോൾ അത് വേണ്ടെന്നു വച്ച് മകൻ  ഈ യാത്രക്ക് പുറപ്പെടുമ്പോൾ  മാതാപിതാക്കളും ഒടുവിൽ സമ്മതം മൂളി.

പാലാ പൈങ്ങളത്ത് നിന്ന് മുക്കാൽ നൂറ്റാണ്ട് മുൻപ് മലബാറിലേക്ക് കുടിയേറിയ  പുതുപ്പള്ളിമ്യാലിൽ കുടുംബത്തിൽ നിന്ന്  അഞ്ചാമത്തെ വൈദികനാകാനാണ് ബ്രദർ മോസസിന്റെ നിയോഗം. രാജപുരം ചുള്ളിക്കരയിൽ ഒന്നാം ബ്ലോക്കിലായിരുന്നു അന്ന് വല്യപ്പന് ഭൂമിലഭിച്ചത്.  പിതാവ്  പി.കെ. സ്റ്റീഫൻ കേരള മോട്ടോർ വാഹന വകുപ്പിൽ ഉദ്യഗസ്ഥനായിരുന്നതിനാൽ കുടുംബം പിന്നീട് കണ്ണൂരിലേക്കും



എറണാകുളത്തേക്കും മാറി. 2011-ൽ അമേരിക്കയിലെത്തി .

പിതാവ് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറായാണ് വിരമിച്ചത്.

നോർത്ത് അമേരിക്കയിൽ നിന്ന് കോട്ടയം അതിരൂപതയ്ക്കായി പൗരോഹിത്യം സ്വീകരിക്കുന്ന ആദ്യ ക്നാനായ വൈദികൻ എന്ന് വിശേഷിപ്പിക്കുന്നുണ്ടെങ്കിലും രണ്ടാമത്തെ ആളാണ് താൻ എന്ന് ബ്രദർ മോസസ് സാക്ഷ്യപ്പെടുത്തുന്നു. ആദ്യത്തേത് ഫാദർ ജോസഫ് തച്ചാറ കോവിഡ് കാലത്താണ് വൈദികനാകുന്നത്.

പൗരോഹിത്യത്തിലേക്ക് ആരാണ് തന്നെ നയിച്ചതെന്നതിൽ ഡീക്കൻ മോസസ് സ്റ്റീഫന് സംശയമില്ല. ദൈവം തന്നെ വിളിച്ചു, താൻ വിളി കേട്ടു. ആ യാത്ര ഈ മാസം 27-നു കൈവയ്പ്പ് ശുശ്രൂഷയിലൂടെ പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുമ്പോൾ സഫലമാകുന്നു.

ന്യൂയോർക്ക് ലോങ്ങ് ഐലൻഡിലെ സെന്റ് സ്റ്റീഫൻസ് ക്നാനായ കാത്തലിക് ഫൊറോനാ പള്ളിയിൽ നടക്കുന്ന പൗരോഹിത്യ സ്വീകരണ ശുശ്രൂഷകളും നവപൂജാ അർപ്പണവും നോർത്ത് അമേരിക്കൻ ക്നാനായ സമൂഹത്തിന് ചരിത്രപ്രധാനമായ ഒരു സുവർണ്ണ മുഹൂർത്തമാണ് സമ്മാനിക്കുന്നത്.

കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് മുഖ്യകാർമ്മികത്വം വഹിക്കുന്ന തിരുക്കർമ്മങ്ങളിൽ ചിക്കാഗോ രൂപതാധ്യക്ഷൻ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് സഹകാർമ്മികനായി പങ്കെടുക്കുകയും വച്ചാണ് സന്ദേശം നൽകുകയും ചെയ്യും. ക്നാനായ റീജിയൻ ഡയറക്ടറും ചിക്കാഗോ രൂപത പ്രോട്ടോസിഞ്ചെല്ലൂസുമായ ഫാ. തോമസ് മുളവനാൽ ആർച്ച്ഡീക്കനായി സേവനമനുഷ്ഠിക്കും. ക്നാനായ റീജിയനിലെ വൈദികർ, സിസ്റ്റേഴ്സ്, സെമിനാരി വിദ്യാർഥികൾ, ന്യൂയോർക്ക് മേഖലയിലെ മലയാളി വൈദികർ തുടങ്ങി നിരവധി വിശ്വാസികൾ ചടങ്ങിൽ പങ്കെടുക്കും.

1993 മാർച്ച് 12-ന് ജനിച്ച മോസസ് സ്റ്റീഫൻ, റിട്ട. ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ പി. കെ. സ്റ്റീഫന്റെയും പത്നി ലൗലി സ്റ്റീഫന്റെയും മൂന്നാമത്തെ മകനാണ്. ഔദ്യോഗിക ജീവിതത്തിലായിരിക്കെ തന്നെ ധ്യാനപ്രസംഗകനായും പി. കെ. സ്റ്റീഫൻ അറിയപ്പെട്ടിരുന്നു. മുരിങ്ങൂർ ഡിവൈൻ റിട്രീറ്റ് സെന്ററിലായിരുന്നു അദ്ധേഹത്തിന്റെ ധ്യാന ശുശ്രുഷ.

2011-ൽ മാതൃ സഹോദരൻ ജെയിംസ് തോട്ടത്തിന്റെയും സാലി തോട്ടത്തിന്റെയും സ്പോൺസർഷിപ്പിൽ കുടുംബത്തോടൊപ്പം ന്യു യോർക്കിലേക്ക് കുടിയേറിയ ബ്രദർ മോസസ് ഫ്ലോറൽ പാർക്ക് മെമ്മോറിയൽ ഹൈസ്കൂളിൽ നിന്ന് ഗ്രാഡ്വേറ്റ് ചെയ്തു. തുടർന്ന് ക്വീൻസ്ബറോ കമ്മ്യൂണിറ്റി കോളജിൽ നിന്ന് എഞ്ചിനീയറിംഗ് സയൻസിൽ ഓണേഴ്സ് അസോസിയേറ്റ് ബിരുദവും അതിനുശേഷം ക്വീൻസ് കോളജിൽ നിന്ന് ഫിസിക്സിൽ ബാച്ചിലർ ഓഫ് സയൻസ് ബിരുദവും ഫിലോസഫിയിൽ മൈനറും കരസ്ഥമാക്കി.

ശാസ്ത്രവും തത്വചിന്തയും പഠിച്ചുവെങ്കിലും വൈദികജീവിതത്തിലേക്കുള്ള ദൈവവിളി തിരിച്ചറിഞ്ഞ അദ്ദേഹം 2018-ൽ സെമിനാരിയിൽ ചേർന്നു. കോട്ടയത്ത് മൈനർ സെമിനാരി പഠനാം.

തുടർന്ന് ആലുവ മംഗലപ്പുഴ

സെമിനാരിയിൽ നിന്ന് ഫിലോസഫിയിൽ ബിരുദ പഠനം പൂർത്തിയാക്കി. അദ്ദേഹത്തിന്റെ കഴിവും സമർപ്പണവും പരിഗണിച്ച് ആർച്ച്ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് ഉപരിപഠനത്തിനായി ന്യൂയോർക്കിലെ സെന്റ് ജോസഫ്സ് സെമിനാരിയിലേക്ക് (Dunwoodie) അയച്ചു. അവിടെ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയ അദ്ദേഹം മാസ്റ്റർ ഓഫ് ആർട്സ് ഇൻ തിയോളജിയും മാസ്റ്റർ ഓഫ് ഡിവിനിറ്റിയും നേടി.

അമേരിക്കയിൽ ക്രൈസ്തവ സമൂഹവും ക്നാനായ വിഭാഗവും പൊതുവിൽ മെച്ചപ്പെട്ട സ്ഥിതിയിലാണെന്ന് ബ്രദർ മോസസ് ചൂണ്ടിക്കാട്ടുന്നു. എന്നാൽ ഇറ്റാലിയൻ സമൂഹം പോലെയോ ഒന്നും നാം വളർച്ച നേടിയിട്ടുമില്ല. ഇന്നത്തെ യുവതലമുറ വിശ്വാസത്തിൽ നിന്ന് വിട്ടു പോകുന്നു എന്ന് ചിലർ പറയുന്നത് അത്ര ശരിയല്ല. എല്ലാവരും എവിടെയെങ്കിലും വച്ച് എപ്പോഴെങ്കിലും ദൈവത്തെ കണ്ടുമുട്ടിയിട്ടുണ്ട്.

വർഷങ്ങൾ കഴിയുമ്പോൾ ഇവിടെ നമ്മുടെ പള്ളികൾ ഒരു ബാധ്യതയാകുമോ എന്ന് ചിലർ ആശങ്കപ്പെടാറുണ്ട്. അങ്ങനെ വരുമെന്ന് കരുതുന്നില്ല. ചരിത്രത്തിൽ സഭ തന്നെ താഴേക്കു പോയ അവസരങ്ങളുണ്ട്. അത്തരം സന്ദർഭങ്ങളിലാണ് വിശുദ്ധരും മറ്റും കൂടുതലായി ഉണ്ടാകുന്നത്. സഭാനവീകരണത്തിനായി ദൈവം അവരെ നിയോഗിക്കുന്നു. അവിടെ നിന്ന് അത് ഉയർന്നു വരുന്നത് നാം കാണുന്നു. സഭ ദൈവത്താൽ നയിക്കപ്പെടുന്നതാണ്. അതിനാൽ തകർച്ച ഉണ്ടാവാൻ ദൈവം അനുവദിക്കില്ല.

ബ്രദർ മോസസിന്റെ പൗരോഹിത്യയാത്രയ്ക്ക് ശക്തമായ പിന്തുണ നൽകിയത് കുടുംബമാണ്. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ ആരോഗ്യരംഗത്തും എൻജിനീയറിംഗ് മേഖലയിലും സേവനരംഗത്തുമായി പ്രവർത്തിക്കുന്ന സഹോദരങ്ങളും കുടുംബാംഗങ്ങളും ഈ വിശുദ്ധ നിമിഷത്തിന്റെ സാക്ഷികളാകുകയാണ്. ബ്രദർ മോസസിനെ ബലിപീഠത്തിലേക്ക് നയിച്ച ദൈവവിളിക്ക് അവർ നന്ദി പറയുന്നു.

മെക്കാനിക്കൽ എഞ്ചിനീയറായ മൂത്ത സഹോദരൻ മൈക്കിളും കുടുംബവും അറ്റ്ലാന്റയിൽ താമസിക്കുന്നു. ഭാര്യ ലിനു, നഴ്സ് പ്രാക്ടീഷണർ, രണ്ട് കുട്ടികൾ, ജോനാഥൻ, ജനസ. രണ്ടാമത്തെ സഹോദരൻ മാനുവലും ഭാര്യ സ്റ്റെഫിയും ന്യൂയോർക്കിൽ മെഡിക്കൽ ഡോക്ടർമാരായി പ്രാക്ടീസ് ചെയ്യുന്നു. മൂന്ന് മക്കൾ: എസ്തർ, ഡാനിയേൽ, എലിസ. ഇളയ സഹോദരി മരിയ ടെക്സസിലെ ഓസ്റ്റിനിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റായി ജോലി ചെയ്യുന്നു. ഭർത്താവ് റെമ്മി സിറിയക്, പ്രൊഫഷണൽ എഞ്ചിനീയർ. രണ്ട് ആൺകുട്ടികൾ: ജോണി, ജെയ്ക്ക്.


വിശ്വാസത്തിന്റെയും ഉന്നത വിദ്യാഭ്യാസത്തിന്റെയും കുടുംബ പാരമ്പര്യത്തിന്റെയും സമന്വയമായ ബ്രദർ മോസസ് സ്റ്റീഫന്റെ പൗരോഹിത്യ സ്വീകരണം നോർത്ത് അമേരിക്കൻ ക്നാനായ സമൂഹത്തിനും കോട്ടയം അതിരൂപതയ്ക്കും അഭിമാന നിമിഷമായി മാറുകയാണ്. ഈ ധന്യമായ ചടങ്ങിനെ ഭക്തിപൂർവ്വം വരവേൽക്കാൻ സെന്റ് സ്റ്റീഫൻസ് ഫൊറോനാ ഇടവകയും വിശ്വാസി സമൂഹവും പ്രാർത്ഥനാപൂർവ്വം ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്.





#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123

# ജോർജ് മണ്ണിക്കരോട്ട്: സാഹിത്യ നഭസിലെ ഉജ്ജ്വല നക്ഷത്രം



**ഡോ. മാത്യു ജോയിസ്**

2019-ൽ പ്രസിദ്ധീകരിച്ചത്

ന്യൂയോർക്ക്: ജോർജ്ജ് മണ്ണിക്കരോട്ട് അമേരിക്കൻ മലയാളികൾക്കിടയിൽ സജീവ ഇടപെടലുകൾ നടത്തുന്ന സാഹിത്യകാരനാണ്. മണ്ണിക്കരോട്ട് ഇതുവരെ ഒൻപത് കൃതികൾ രചിച്ചിട്ടുണ്ട്. 2007 ൽ പ്രസിദ്ധീകരിച്ച 'അമേരിക്കയിലെ മലയാള സാഹിത്യ ചരിത്രം' എന്ന കൃതി എടുത്തു പറയേണ്ടിയിരിക്കുന്നു. 2008-ൽ ഈ കൃതി സാഹിത്യ അക്കാദമി അവാർഡിന് ചുരുക്കപ്പട്ടികയിൽ വന്നിരുന്നു. അതായത് അവസാന പത്തിൽ ഒന്നായി അമേരിക്കയിലെ മലയാള സാഹിത്യചരിത്രം തെരഞ്ഞെടുക്കപ്പെട്ടതാണ്. ആദ്യമായിട്ടാണ് കേരളത്തിനു പുറത്തുനിന്ന് മലയാളത്തിന് ഒരു സാഹിത്യ ചരിത്രമുണ്ടാകുന്നത്.

അദ്ദേഹത്തിന്റെ മറ്റു പ്രധാന കൃതികൾ: നോവലുകൾ- ജീവിതത്തിന്റെ കണ്ണീർ (അമേരിക്കയിലെ ആദ്യ മലയാള നോവൽ 1982), അഗ്നിയുദ്ധം (1985), അമേരിക്ക (1994). ചെറുകഥാസമാഹാരങ്ങൾ- മൗനനൊമ്പരങ്ങൾ (1991), അകലുന്ന ബന്ധങ്ങൾ (1993). ലേഖന സമാഹാരങ്ങൾ- ബോധധാര (1999), ഉറങ്ങുന്ന കേരളം (2013), മാറ്റമില്ലാത്ത മലയാളികൾ (2015).

ഇപ്പോൾ അമേരിക്കയിലെ മലയാള സാഹിത്യ ചരിത്രം 2020-ം, അമേരിക്ക (നോവൽ. അഞ്ചാം പതിപ്പ്) അച്ചടിയിലാണ്. പിന്നെ എഴുതിയിട്ടുള്ള ധാരാളം ലേഖനങ്ങളുണ്ട്: അതൊക്കെ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കാനുള്ള ശ്രമത്തിലാണ്.

സാഹിത്യം കൂടാതെ സാമൂഹ്യ-സാംസ്ക്കാരിക-മത-മാധ്യമ രംഗങ്ങളിലും നേതൃനിരയിൽ സജീവമാണ് അദ്ദേഹം. മലയാളി അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൻ പ്രസിഡന്റ്, ഫൊക്കാനയിൽ എക്സിക്യൂട്ടിവ് വൈസ് ചെയർമാൻ, ഫൊക്കാന സാഹിത്യ സമ്മേളനം ചെയർമാൻ ഒന്നിലധികം പ്രാവശ്യം. അങ്ങനെ പല തസ്തികകളിൽ പ്രവർത്തിച്ചു. കൂടാതെ ഹ്യൂസ്റ്റനിൽ മിസ് കേരളാ പാജന്റ് മുതലായ മേജർ പരിപാടികൾ സംഘടിപ്പിച്ചു. 'കേരള നാദം' എന്ന പേരിൽ ഒരു വാർത്താസാഹിത്യ മാസിക 5 വർഷത്തിലേറെ പ്രസിദ്ധീകരിച്ചു. സുപ്രധാനമായ പല സ്മരിണകളുടെയും ചീഫ് എഡിറ്ററായി പ്രവർത്തിച്ചു.

-----

ജൂൺ 6, ശനിയാഴ്ച വൈകുന്നേരം 7.55 നാണു അന്ത്യം. കുറച്ചുനാളുകളായി വിവിധ രോഗങ്ങൾ അദ്ദേഹത്തെ അലട്ടിയിരുന്നു, ചികിത്സയിലും ആയിരുന്നു. അദ്ദേഹത്തിൻറെ സഹധർമ്മിണി ഏലിയാമ്മ കുറച്ചു വർഷങ്ങൾക്കു മുമ്പ് മരണപ്പെട്ടിരുന്നു.

നിലവിൽ ജോർജ് മണ്ണിക്കരോട്ട് 'മലയാളം സൊസൈറ്റി ഓഫ് അമേരിക്കയുടെ പ്രസിഡണ്ട് കൂടിയാണ്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ, ഹ്യൂസ്റ്റൻ പ്രസിഡണ്ടായിട്ടും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us